-59161-

നിത്യപഞ്ചാംഗഗണിതം

ലളിതമായ വിവരണവും ഉദാഹരണഗണിതക്രിയകളും അടങ്ങിയതു്

★

5661
CELENEA BOOKS
T P T

ഗ്രന്ഥകർത്താ,

ജ്യോതിഷപണ്ഡിതർ, ഗണിതവിദ്വന്മണി

ബ്രഹ്മശ്രീ പുരുഷോത്തമൻനമ്പൂതിരി അവർകളുടെ ശിഷ്യൻ

ശ്രീലാളൻ, ജ്യോതിർഗ്ഗണിതപണ്ഡിതർ,

പാണ്ടനാട്ടിൽ, പി. ആർ. ഗോപാലവാര്യർ (ശാസ്ത്രി) അവർകൾ.

★

ചന്ദ്രഗണിതസൂത്രങ്ങൾ പരിശോധകത്വം

By

പി. യു. കൃഷ്ണവാര്യർ (എം. എസ്സ്. സി) കോട്ടയം.

NATIONAL BOOK STALL
6 FEB 1957
TRIVANDRUM-1

★

പ്രകാശകന്മാർ:

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.

Price Rs. 2.

1129.

വില രൂപാ 2.

പകർപ്പവകാശം:
പ്രകാശകന്മാർക്ക്

ശ്രീരാമവിലാസം പ്രസ്സ്
കൊല്ലം.

ഒന്നാം പതിപ്പ്
കോപ്പി 1000.



പി. എസ്. പുരുഷോത്തമൻനമ്പൂതിരിയും
പി. ആർ. ഗോപാലവാര്യരും

പ്രസ്താവന

ഗണിതപദ്ധതികൾക്ക് കാലാന്തരത്തിൽ വന്നുകൂടുന്ന വ്യത്യാസങ്ങളെ സൂക്ഷ്മമായി അറിഞ്ഞു കാലാനുകൂലമായി പരിഷ്കരിക്കേണ്ടതാണെന്ന പൂർവ്വാചാര്യന്മാർ പ്രത്യേകം ഉദ്ഘോഷിച്ചിട്ടുണ്ട്. ഇതിലേക്ക് പല പണ്ഡിതന്മാരും കുറേ മുമ്പുമുതൽതന്നെ പരിശ്രമിച്ചിട്ടുമുണ്ട്. അനുഭവഗോചരമായി അതതുകാലങ്ങൾക്കനുകൂലമായി ആചാര്യന്മാർ ഉണ്ടാക്കിയിട്ടുള്ള ഗണിതപദ്ധതികളാണ് പരഹിതഗണിതവും ദൃഗ്ഗണിതവും. കാലാതിപാതത്താൽ പരഹിതദൃഗ്ഗണിത പദ്ധതികൾക്കും വൈകല്യം സംഭവിച്ചതുനിമിത്തം കേതകർ മുതലായ മഹാന്മാർ കുറേ മുമ്പുമുതൽതന്നെ കേതകീജ്യോതിർഗ്ഗണിതമുണ്ടാക്കി, തദനുസൃതസൂക്ഷ്മപഞ്ചാംഗങ്ങളും ഗണിച്ചുവരുന്നുണ്ട്. ബ്രഹ്മശ്രീ പുരുഷോത്തമൻനമ്പൂതിരി അവർകൾ ഗണിതനിർണ്ണയം എന്ന പേരിൽ ഒരു ഗണിതഗ്രന്ഥവും കുറേ മുമ്പുമുതൽതന്നെ സൂക്ഷ്മപഞ്ചാംഗങ്ങളും പ്രസിദ്ധീകരിച്ചുവരുന്നു. ഞങ്ങളും കുറേക്കാലംമുമ്പുമുതൽ സൂക്ഷ്മഗണിതമനുസരിച്ചുള്ള പഞ്ചാംഗങ്ങൾതന്നെ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. ഇന്ന് ഇവിടെ ചിലേടങ്ങളിൽമാത്രമേ പഴയപഞ്ചാംഗങ്ങൾ നിലവിലുള്ളൂ. ഗണിതനിർണ്ണയത്തിലെ ക്രിയകൾക്കും വിശേഷിച്ചു ചന്ദ്രഗണിതത്തിനും സൂക്ഷ്മതയില്ലെന്നും മറ്റും ചിലരെല്ലാം ശഠിക്കുന്നുണ്ട്. ഇതിലേക്ക് പാണ്ടനാട്ടിൽ, പി. ആർ. ഗോപാലവാര്യർ അവർകൾ കുറേക്കാലമായി നദീതീരങ്ങളിലും മറ്റുയർന്ന സ്ഥാനങ്ങളിലും നടന്ന് ഗ്രഹയോഗം ഗ്രഹണം മുതലായവ പരീക്ഷിച്ചു വ്യക്തമായറിഞ്ഞു പരമസ്വൽപ്പമായതെന്തെന്നിക്കവാറും മുറുകെപ്പിടിച്ചും, പാശ്ചാത്യഗണിതപദ്ധതികളോട് ഏറ്റവും അടുപ്പമുള്ളതുമായ മാർഗ്ഗത്തിൽക്കൂടി "നിത്യപഞ്ചാംഗഗണിതം" എന്ന ഗണിതഗ്രന്ഥം നിർമ്മിച്ചിരിക്കുന്നു. ഇതിലെ എല്ലാ ക്രിയാമാർഗ്ഗങ്ങളും വളരെ ഉചിതമായിട്ടുണ്ടെന്നും പല വിദ്വാന്മാരും അഭിപ്രായപ്പെട്ടുന്നു. ചന്ദ്രനു 23 സംസ്കാരങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്നാണ് പണ്ഡിതാഭിപ്രായം. ധനുർന്യപജ്യാക്കളും വാക്യങ്ങളും ജ്യോതിഷ്ടാസ്രുജ്ഞന്മാർക്കും, ജ്യോതിർവ്വിദ്യാർത്ഥികൾക്കും വിശേഷിച്ചു പഞ്ചാംഗഗണിതക്കാർക്കും ഉപകാരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. നൂതനഗണിതം പഠിക്കണമെന്നുകരുതി വളരെ വിഷമിക്കുന്നവർക്കും നൂതനഗണിതപ്രകാരം പഞ്ചാംഗങ്ങൾ ഗണിക്കണമെന്നു വിചാരിക്കുന്നവർക്കും ഈ സംരംഭം വലിയ ഒരു അനുഗ്രഹമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മന്ദസ്പുടഗണിതം, ശീഘ്രസ്പുടഗണിതം, ലാടവൈദ്യുതഗണിതം, ചന്ദ്രഗ്രഹണഗണിതം, സൂര്യഗ്രഹണ

ഗണിതം ഉദാഹരണങ്ങൾ ഇവയെല്ലാം വളരെ ഉചിതമായിട്ടുണ്ട്. ഇതുകൊണ്ട് പഞ്ചാംഗക്കഴപ്പുങ്ങൾ തീരുമെന്നും മേലിൽ എല്ലാപേരും സൂക്ഷ്മഗണിതമനസരിച്ചുള്ള പഞ്ചാംഗങ്ങൾ പ്രസിദ്ധീകരിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു. അല്ലാത്തവരോട് അതിന്നായി അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു. ഉഴമും ഉറക്കവുംപോലും ഉപേക്ഷിച്ച് ഇങ്ങനെയൊരു മഹൽകൃത്യത്തിൽ കൃതാത്മനായ ശ്രീമാൻ വാര്യർ അവർകളെ ഞങ്ങൾ ആത്മാത്മാമായി അഭിനന്ദിച്ചുകൊള്ളുന്നു. വേദാംഗമായ ഗണിതശാസ്ത്രത്തിന്റെ മാർഗ്ഗദർശിയായ ഈ ഗ്രന്ഥത്തെ സഹൃദയസമക്ഷം പ്രകാശിപ്പിച്ചുകൊള്ളുന്നു.

എന്ന്, പ്രകാശകന്മാർ.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.
129-മീനം 9.

വിഷയാനുക്രമണിക.

വിഷയം	പേജ്
മംഗളാചരണം	1

അദ്ധ്യായം 1.

23 ചന്ദ്രകേന്ദ്രഘടനകഥം	2
ചന്ദ്രകേന്ദ്രങ്ങളുടെ ഏകീകരണം	3
ചന്ദ്രവിക്ഷേപകേന്ദ്രഘടനകഥം	3
ചന്ദ്രന്റെ പ്രഥമവാക്യങ്ങൾ	4
,, ദ്വിതീയവാക്യങ്ങൾ	5
,, തൃതീയവാക്യങ്ങൾ	8
,, ചതുർത്ഥവാക്യങ്ങൾ	10
,, പഞ്ചമവാക്യങ്ങൾ	12
,, ഷഷ്ഠവാക്യങ്ങൾ	14
,, സപ്തമവാക്യങ്ങൾ	15
,, അഷ്ടമവാക്യങ്ങൾ	16
,, നവമവാക്യങ്ങൾ	17
,, ദശമവാക്യങ്ങൾ	18
,, ഏകാദശവാക്യങ്ങൾ	19
,, ദ്വാദശവാക്യങ്ങൾ	19
,, ത്രയോദശവാക്യങ്ങൾ	20
,, ചതുർദ്ദശവാക്യങ്ങൾ	21
,, പഞ്ചദശവാക്യങ്ങൾ	22
ചന്ദ്രസ്ഫുടഗണിതം (വാക്യമുപയോഗിച്ച്)	22
ധ്രുവസംസ്കാരഹാരകംവരുത്തുവാൻ	23
നക്ഷത്രാന്ത്യഗണിതം	24
ഗ്രഹങ്ങളുടെ മധ്യമദിനഗതികഥം	25
മധ്യാധിമാസം വരുത്തുവാൻ	25
സ്ഫുടാധിമാസജ്ഞാനം	25
സ്ഫുടസംക്രമംവരുത്തുവാൻ (സംക്രാന്ത്യുവങ്ങൾ)	26
രാശിപ്രമാണങ്ങൾ	26
ഉദയാല്പരംവരുത്തുവാൻ	26
മധ്യമധ്രുവങ്ങൾ, മന്ദോച്ചങ്ങൾ	27
അയനാംശം	27

അദ്ധ്യായം 2.

മന്ദസ്ഫുടഗണിതം	27
ഗുരുശനിദിനാത്മകാകർഷണങ്ങൾ വരുത്തുവാൻ	27
നീചങ്ങൾവരുത്തുവാൻ	28
രവി,ബുധ,ശുക്ര,കുജന്മാരുടെ മന്ദസ്ഫുടാനയനം	28
ഗുരുശനിമന്ദസ്ഫുടാനയനം	28
ശകാബ്ദംവരുത്തുവാൻ	28
ഗുരുശനികളുടെ ആകർഷണോപകരണങ്ങൾ	29
ഗുരുശനികളുടെ ആകർഷണോപകരണങ്ങൾ (ദിനങ്ങൾക്ക്)	30
മന്ദകേന്ദ്രഗണദിവസങ്ങൾ	31
ഗുരുശനിദിനാത്മകാകർഷണങ്ങൾ	31
ഗ്രഹങ്ങളുടെ കേന്ദ്രദിവസങ്ങൾ	34
,, നീചങ്ങൾ	35
രവി,സ്ഫുടം മന്ദകേന്ദ്രം മന്ദകർണ്ണശേഷം	36
ബുധ,സ്ഫുടം മന്ദകേന്ദ്രം മന്ദകർണ്ണശേഷം	42
ശുക്ര,സ്ഫുടം മന്ദകേന്ദ്രം മന്ദകർണ്ണശേഷം	45
കുജ,സ്ഫുടം മന്ദകേന്ദ്രം മന്ദകർണ്ണശേഷം	47
ഗുരു,സ്ഫുടം മന്ദകേന്ദ്രം മന്ദകർണ്ണശേഷം	51
ശനി,സ്ഫുടം മന്ദകേന്ദ്രം മന്ദകർണ്ണശേഷം	55
മന്ദസ്ഫുടാനയനോദാഹരണം	58

അദ്ധ്യായം 3.

ശീഘ്രസ്ഫുടഗണിതം	60
ശീഘ്രഫലസംസ്കാരക്രമം	60
ഗ്രഹപ്പകച്ചുകം ഗണിക്കുന്നതിന്	61
ഗ്രഹങ്ങളുടെ ശീഘ്രഫലങ്ങൾ	62-97
ഗ്രഹസ്ഫുടാനയനോദാഹരണം	98
ലാടവൈധൃതഗണിതം	99
അസംഭവം അറിയുന്നതിന്	99
ക്രാന്തിസ്പർശങ്ങൾ (നിലയങ്ങൾ) ചന്ദ്രശരം, ശരാകർഷണം, അപമണ്ഡലാനയനം, സൂര്യക്രാന്തിജ്യാക്കൾ	100
മദ്ധ്യഗണിതം	100
ഭ്രമത്യശരം വരുത്തുവാൻ	101
ഭ്രമധ്യശരങ്ങൾവരുത്തുവാൻ സൂത്രങ്ങൾ	102
ചരജ്യം, പ്രാണകലാന്തരം, ക്രാന്തിഗ്രഹണകം പ്രാണഗ്രഹണകം മുതലായവ	102
ശനിയുടെ രൂപം (ബ്ലൂക്ക്)	103

അദ്ധ്യായം 4.

ചന്ദ്രഗ്രഹണഗണിതം	104
ചന്ദ്രവിക്ഷേപം വരുത്തുവാൻ	105
ചൂതിഗതി, തിഥിഗതി, രവിസ്ഫുടഗതി, രവിബിംബം, ചന്ദ്രസ്ഫുടഗതി ഇവ	106
ചന്ദ്രബിംബം ക്ഷിതിജലംബനം ഭൂഛായാബിംബം	107
ചന്ദ്രഗ്രഹണമധ്യകാലം സൂക്ഷ്മമായിവരുത്തുവാൻ	108
പർവ്വാന്തകാലവിക്ഷേപം വരുത്തുവാൻ	108
സ്ഥിത്യർദ്ധം വരുത്തുവാൻ	108
വിമർദ്ദാർദ്ധം വരുത്തുവാൻ	108
സ്പർശാദിസ്ഥാനങ്ങളറിയുന്നതിന്	109
ചന്ദ്രഗ്രഹണരൂപം	109

അദ്ധ്യായം 5.

സൂര്യഗ്രഹണഗണിതം	110
കാലലഗ്നം വരുത്തുവാൻ	111

വിഷയം	പേജ്
ലംബനകേന്ദ്രം വരുത്തുവാൻ	111
നതി, സ്ഥിരാംശം വരുത്തുവാൻ	111
നതി, അസ്ഥിരാംശം വരുത്തുവാൻ	112
ലംബനം, സ്ഥിരാംശംവരുത്തുവാൻ	112
,, അസ്ഥിരാംശം വരുത്തുവാൻ	112
ഭൂവ്യാസവിക്ഷേപം വരുത്തുവാൻ	112
ഭൂവ്യാസസ്ഫുടാന്തരം വരുത്തുവാൻ	112
ബിംബമധ്യാന്തരം വരുത്തുവാൻ	113
സൂര്യഗ്രഹണമധ്യകാലവും പരമഗ്രാസവും വരുത്തുവാൻ	113
സ്പർശകാലം വരുത്തുവാൻ	113
മോക്ഷകാലം വരുത്തുവാൻ	113
നിമീലനോന്മീലനങ്ങളും വരുത്തുവാൻ	113
സ്പർശമോക്ഷസ്ഥാനങ്ങളും അറിവാൻ	114

അദ്ധ്യായം 6.

വിഷയം	പേജ്
ധനുർഭുജ്യാക്കളും ഉപയോഗിച്ചു് ചന്ദ്രസ്ഫുടം വരുത്തുവാൻ	114
ചന്ദ്രകേന്ദ്രഗതികളും (15-ാം)	116
അഹർഗ്ഗണം (ചെങ്ങന്നൂരേയ്ക്കു്)	119
ചന്ദ്രന്റെ പ്രഥമജ്യാഫലങ്ങളും	120
,, ദ്വിതീയജ്യാഫലങ്ങളും	122
,, തൃതീയജ്യാഫലങ്ങളും	124
ചന്ദ്രന്റെ ചതുർത്ഥജ്യാഫലങ്ങളും	126
,, പഞ്ചമജ്യാഫലങ്ങളും	127
,, ഷഷ്ഠജ്യാഫലങ്ങളും	129
,, സപ്തമജ്യാഫലങ്ങളും	130
,, അഷ്ടമജ്യാഫലങ്ങളും	131
,, നവമജ്യാഫലങ്ങളും	132
,, ദശമജ്യാഫലങ്ങളും	133
,, ഏകാദശജ്യാഫലങ്ങളും	134
,, ദ്വാദശജ്യാഫലങ്ങളും	135
,, ത്രയോദശജ്യാഫലങ്ങളും	136
,, ചതുർദ്ദശജ്യാഫലങ്ങളും	137
,, പഞ്ചദശജ്യാഫലങ്ങളും	138
1129 ചിങ്ങം 1-ാംന്നു ഉദയത്തിനുള്ള വാക്യസംഖ്യകളും ഭൂവ്യാസസംസ്കാരഹാരകങ്ങളും	139
ചന്ദ്രഗ്രഹണത്തിനും 23 സംസ്കാരങ്ങളുംചെയ്തു് ചന്ദ്രസ്ഫുടമുണ്ടാക്കുന്നതിനുള്ള ഉദാഹരണങ്ങളും	140
സൂര്യഗ്രഹണഗണിതത്തിനുള്ള ഉദാഹരണം	141
ശകവർഷം 1800-നുശേഷം 2216 വരെയുള്ള അധിമാസങ്ങളും	143
മഹാജ്യാക്കളും	144
ചന്ദ്രപരിണതിജ്യാക്കളും	144
അക്ഷാംശങ്ങളും രേഖാംശങ്ങളും	145
ഘാതാങ്കം (Logarithms)	146
ഗ്രന്ഥകർത്താവിന്റെ ആത്മകുലകഥനം	147

ആ മു ഖ ം

പാശ്ചാത്യരീതിയിലും പൗരസ്ത്യപക്ഷമനുസരിച്ചും പല പണ്ഡിതന്മാരും ഗണിതഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച് പ്രചുരപ്രചാരത്തിലിരിക്കുന്ന ആധുനികകാലത്ത് ഏവംവിധമായ ഒരു പദ്ധതിയുടെ ആവിർഭാവത്തിന് അവശ്യമായിത്തീർന്ന സംഘടനകളെക്കുറിച്ചുമാത്രമെ ഇപ്പോൾ ഇവിടെ നിരൂപണംചെയ്യേണ്ട ആവശ്യമുള്ളൂ. പൗരസ്ത്യപക്ഷപ്രകാരമുള്ള സിദ്ധാന്തഗ്രന്ഥങ്ങൾക്ക് ഗണിതശാസ്ത്രത്തിൽ സിദ്ധമായ ഒരു സ്ഥാനമുണ്ട്. എങ്കിലും അതനുസരിച്ചുള്ള ഗണിതക്രിയകൾക്ക് പലപ്പോഴും കലാന്തമെന്നല്ല ഭംഗാടിസ്ഥാനംപോലും സിദ്ധിക്കുന്നില്ല. കേതകീജ്യോതിർഗ്ഗണിതം കരണകൽപലത രാജജ്യോതിർഗ്ഗണിതം മുതലായ ഗണിതഗ്രന്ഥങ്ങൾ കേരളീയ ജ്യോതിഷികൾക്കും പഞ്ചാംഗകൃത്തുക്കൾക്കും ജ്യോതിഷവിദ്യാർത്ഥികൾക്കും സുപരിചിതവും സുഗ്രഹവുമല്ലെന്നുള്ള പരമാർത്ഥം പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു. എന്നുമാത്രമല്ല, കോഷ്ടവോജ്ജിതങ്ങളായ അന്തരന്തരാലുള്ള ഗണിതപുസ്തകങ്ങൾ നോക്കി ക്രിയചെയ്യുവാനവരെ കണികാണുവാൻപോലും കണ്ണമേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യസമ്പ്രദായത്തിലുള്ള ഗ്രന്ഥങ്ങളിൽ പലതിനും അന്തർഹിതക്കേണ്ട സൂക്ഷ്മതയില്ലെന്നു മാത്രമല്ല; അതനുസരിച്ച് നിരൂപഞ്ചാംഗങ്ങൾ ഗണിക്കുന്നതിന് വളരെനാളുകൾ വേണ്ടിവരികയും ചെയ്യും. അഥവാ അങ്ങിനെയുള്ള സംഘടനത്തിന് ആരെങ്കിലും സന്നദ്ധരായാൽ അതിപ്രയത്നംചെയ്യാതെ കൃത്യസംഖ്യതയിൽ സംയുജ്യം സിദ്ധിക്കുകയും ഇല്ല. പക്ഷേ ഗണിക്കുവുന്നവർക്കുള്ള വൈരൂപ്യവും ഗണിതത്തിലുണ്ടാകുവുന്ന വൈകല്യങ്ങളും ആലോചിക്കുമ്പോൾ പ്രത്യുത്തമെന്നല്ലാതെ പറയുവാനും തരംകാണുന്നില്ല. ഗണിതപരിഷ്കരണത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ വർത്തമാനമായിത്തീർന്നിരിക്കുന്ന ഇന്ന് ഈദൃശമായ ഒരു പദ്ധതിയെ അവതരിപ്പിക്കുന്നതിനെപ്പറ്റി ഞാൻ വളരെ സങ്കോചിക്കുന്നു. രാമരാവണയുദ്ധംപോലെയും അഥവാ ജർമ്മനിയും റഷ്യയുംതമ്മിലുണ്ടായ കലഹകോലാഹലംപോലെയും നമ്മുടെ വർത്തമാനപ്പത്രങ്ങളിൽ നടന്ന വാദപ്രതിവാദങ്ങൾ അറിയാത്തവർ അധികമാരും കാണുമെന്ന് തോന്നുന്നില്ല. സൂക്ഷ്മവും സുഗമവുമായ ഒരു പദ്ധതിയില്ലായ്കയാലാണ് സൂക്ഷ്മഗണിതം സ്വീകരിക്കുന്ന കാര്യത്തിൽ വൈമനസ്യമെന്ന് ഉത്പ്രൈരുൽഘോഷിക്കുന്നവരും ഇന്നെവിടെയും സുധാരണമായിത്തീർന്നിരിക്കുന്നു. അവരുടെ ഉപയോഗത്തെയുദ്ദേശിച്ചും ഗണിതവിദ്യാർത്ഥികൾക്ക് നൂതനഗണിതത്തിൽ വിപുലമായ വിദഗ്ദ്ധത ഇതുകൊണ്ട് ഉണ്ടാകുമെന്നും കരുതിയുമാണ് ഈ പുസ്തകത്തെ പുറപ്പെടുവിക്കുന്നത്.

ഇന്ന് ചന്ദ്രനിൽ ചെയ്യുന്ന സംസ്കാരങ്ങളുടെ കൂട്ടത്തിൽകുറവിനെക്കുറിച്ചാണ് കൂട്ടത്തിൽ വാദപ്രതിവാദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ചന്ദ്രനിൽ എത്ര സംസ്കാരം ചെയ്യണമെന്നും എത്രവരെ ചെയ്യുവാൻ ക്രിയകൾ കണ്ടുപിടിച്ചിട്ടുണ്ടെന്നും ഇവരിൽ ഒരുവരും പ്രസ്താവിച്ചുകാണുന്നില്ല. വാസ്തവത്തിൽ ഇവർ ചെയ്യുന്നത് കടലിൽക്കൊണ്ടുചെന്ന് കായം കലക്കുന്നതുപോലെയാകുന്നു. അവരവർ സ്വീകരിച്ചിരിക്കുന്നിടത്തോളം സംസ്കാരങ്ങൾ ചെയ്യുവാൻ വിധിയെഴുതുന്നുവെങ്കിൽ അതു സപാക്ഷതയുടെ മൂർത്തിഭാവമെന്നേ പറയേണ്ടതുള്ളൂ. മുഴത്തിന് മുഴയിരം സംസ്കാരങ്ങൾ ചെയ്യണമെന്ന് ചിലർ പറഞ്ഞുകാണുന്നതു ചിന്തിക്കുമ്പോൾ ചിരിക്കാതെ കഴികയില്ല. സൂക്ഷ്മതയ്ക്ക് അന്തമില്ലെന്നും സംസ്കാരങ്ങൾ അസംഖ്യങ്ങൾ ആണെന്നും നാം വിസ്മരിക്കുവുന്നതല്ല. അതുകൊണ്ട് കായ്മയായ സംസ്കാരങ്ങളിൽ കുറെഎണ്ണത്തെ എടുത്തശേഷം മറവുള്ളതിനെ ഉപേക്ഷിക്കുകയാണ് ഉത്തമമെന്ന് തോന്നുന്നു. ഇതുകൊണ്ടുതന്നെയാണ് ഗണിതനിർണ്ണയത്തിൽ ലഘുസംസ്കാരങ്ങൾ പലതും ഉപേക്ഷിച്ചിട്ടുള്ളത്.

സൂക്ഷ്മഗണിതപദ്ധതികളിൽ പ്രഥമവും പ്രധാനവുമായ ഗണിതനിർണ്ണയം ആധുനികഗണിതരീതികൾക്ക് അല്പവും അപേക്ഷിക്കുന്നതല്ല. ജ്യോതിർഗ്ഗണിതത്തിന്റെ ദൃശ്യമായ സാദൃശ്യം സമീചിനവും സജ്ഞനസമ്മതവുമാകുന്നു. ജ്യോതിർഗ്ഗണിതവും ഗണിതനിർണ്ണയവും ആകെ 19 സംസ്കാരങ്ങൾ ചന്ദ്രനിൽ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ളതായിക്കാണുന്നതു വിശാലമായ പ്രശംസാംശങ്ങളാണെന്ന് പ്രത്യേകിച്ചും പറയേണ്ടിയിരിക്കുന്നു.. സി. ജി. രാജന്റെ സിദ്ധാന്തശിരോമണിയിൽ കേതുകരുടെ എട്ടുസംസ്കാരങ്ങൾ എട്ടുത്തുചേർത്തിട്ടുള്ളതായിക്കാണുന്നു. അതും ആധുനികപദ്ധതികളോട് അത്യധികം യോജിപ്പുള്ളതായിക്കാണുന്നതു ആശംസാർഹമാണെന്ന് വിശേഷിച്ചും പറയാതിരിപ്പാൻ തരമില്ല. സൂക്ഷ്മപദ്ധതിയെന്ന് പുറംചട്ടയിൽ പേരുകൊത്തിയിട്ടുള്ള പല ഗണിതഗ്രന്ഥങ്ങളിലും പരിശോധിച്ചതിൽ ഗണ്യമായ പല പിശകുകളും പാറിയിട്ടുള്ളതായിക്കാണുന്നു. ഈ ഗണിതപദ്ധതികളുമനുസരിച്ച് പ്രത്യൂഷം പഞ്ചാംഗം ഗണിച്ച് പ്രസിദ്ധീകരിക്കുക പ്രായേണ പ്രയാസമുള്ള സംഗതിയാകുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈപ്പറഞ്ഞ പരമാർത്ഥങ്ങളെല്ലാം അന്യോദ്ദേശന്മാരായ അനുഭവസ്ഥർക്കൊക്കെ അറിയാവുന്നതുമാകുന്നു.

II

ഇതിൽ ചേർത്തിട്ടുള്ള ചന്ദ്രഗണിതവിധിയെക്കുറിച്ചാണ് ഇനിയും ഇവിടെ നിരൂപണംചെയ്യേണ്ടത്. യഥാർത്ഥത്തിൽ ഇതിലെ മുഖ്യമായ അംശവും അതുതന്നെയാകുന്നു. ഇതിൽ 23 സംസ്കാരങ്ങൾ ചന്ദ്രനു ചെയ്യുവാനാണ് വിധിച്ചിട്ടുള്ളത്. 23 സംസ്കാരങ്ങൾ ചെയ്യുന്നതിന് ഓരോന്നിന്റെയും കേന്ദ്രഘടന അനുസരിച്ച് 23 കേന്ദ്രങ്ങൾ ഉണ്ടാക്കി അതതു സംസ്കാരങ്ങളുടെ പരമഫലത്തെ തത്തൽകേന്ദ്രങ്ങളുടെ ഭുജയുള്ള (3 രാശി) ഭുജജ്യാവുകൊണ്ട് ഗുണിച്ച് ത്രിജ്യകൊണ്ട് ഹരിച്ചുകിട്ടുന്ന സംസ്കാരഫലം ഓരോന്നിന്റെയും ഗ്രഹസ്ഥാനത്തിനു

തക്കവണ്ണം സൂക്ഷ്മചന്ദ്രമധ്യമത്തിൽ സംസ്കരിച്ചാൽ (കൂട്ടുകയോ കുറയ്ക്കുകയോ ചെയ്താൽ) സൂക്ഷ്മമായ ചന്ദ്രസ്ഫുടം സിദ്ധിക്കുന്നതാണ്. ഇവിടെ സ്വീകരിക്കുന്ന ഭുജജ്യാവിന്റെ സ്ഥാനങ്ങളനുസരിച്ച് ത്രിജ്യയും കണക്കാക്കിക്കൊള്ളണം. പക്ഷേ ഈ രീതിയിലുള്ള ചന്ദ്രസ്ഫുടഗണിതം പ്രതിദിനചന്ദ്രഗണിതത്തിനു പറഞ്ഞിട്ടുള്ള മാർഗ്ഗമല്ലെന്നും തോന്നുന്നില്ല. അതുകൊണ്ടാണ് അശുദ്ധിയും അനായാസകരവുമായ മാർഗ്ഗത്തെ ഉപേക്ഷിച്ച് മനോഗമ്പ്രവാഹത്തിൽക്കൂടി അനുവർത്തിക്കപ്പെട്ട മറ്റുമാർഗ്ഗങ്ങളും ഇതിൽ സ്വീകരിച്ചിരിക്കുന്നത്. മനോഗമ്പ്രവൃത്തിമൂലം ഗണിതക്രിയകളിൽ പലതിനും കാര്യമായ പരിവർത്തനം വന്നുവെന്നല്ലാതെ ക്രിയകളെല്ലാം പാടേ മാറിപ്പോയി എന്നു മാനുഷ്യയനക്കാർ ഭ്രമിക്കരുതു എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു. ശാസ്ത്രയുക്തികളുടെമുമ്പിൽ നിലീനമായിക്കിടന്നിരുന്നതിനെ എടുത്തുകാണിക്കുകയാകുന്നു ചെയ്തിട്ടുള്ളതു. 23 കേന്ദ്രങ്ങളെ 15 എണ്ണമാക്കി ഘടിപ്പിച്ച് 15 കേന്ദ്രങ്ങളും പതിനഞ്ചിനും ധനർണ്ണപമായ വാക്യങ്ങളുമാണ് ഇതിൽ ചേർത്തിട്ടുള്ളതു. ഈമാർഗ്ഗം ഇപ്പോഴും മുമ്പും നടപ്പുള്ളതുമാകുന്നു. അവഹേളനമാരായ ആചാര്യന്മാരുടെ അഭിപ്രായങ്ങളെ ആദരിച്ചും അനുസരിച്ചുമാണ് വാക്യങ്ങളും ഉണ്ടാക്കിയിട്ടുള്ളതെന്നുള്ള വസ്തുതയും വാസ്തവത്തിൽ വിസ്മരിക്കാവുന്നതല്ല. ഇതിൽ ചേർത്തിരിക്കുന്ന കേന്ദ്രഗതികവും ഉപയോഗിച്ച് അന്തരം വാക്യസംഖ്യകളോടും കേന്ദ്രങ്ങളും ഒരുപ്രാവശ്യംമാത്രം ഉണ്ടാക്കിവച്ചിരുന്നാൽ അതു അതുപോലെതന്നെ എന്നും ഉപയോഗിക്കാവുന്നതാണ്. 15 കേന്ദ്രങ്ങളുടേയും ഘടന അനുസരിച്ച് ഓരോ കേന്ദ്രങ്ങളും അഭീഷ്ടദിവസത്തേയ്ക്ക് ആദ്യമായി ഉണ്ടാക്കി വയ്ക്കുക. അനന്തരം ഈ 15 കേന്ദ്രങ്ങളും മുമ്പുണ്ടാക്കിവച്ചിരിക്കുന്ന കേന്ദ്രങ്ങളിൽ ഏതിനോടാണ് കൂട്ടൽ അടുത്തിരിക്കുന്നതെന്നു നോക്കുക. എത്രമത്തെ കേന്ദ്രത്തോടാണോ കൂട്ടൽ അടുത്തിരിക്കുന്നതു അത്രാമത്തതാണ് അന്നത്തെ വാക്യസംഖ്യയും. ഇപ്രകാരം 15 നുമുള്ള വാക്യസംഖ്യകളും കണ്ടുപിടിച്ച് ആ സംഖ്യയുള്ള വാക്യങ്ങളും (15-ം) അന്നത്തെ സ്ഥിരരാശി (9°-10') കുറച്ച ചന്ദ്രമധ്യമത്തിൽക്കൂട്ടി ധ്രുവസംസ്കരവും ചെയ്താൽ സൂക്ഷ്മചന്ദ്രസ്ഫുടം സിദ്ധിക്കുന്നതാണ്. ഇങ്ങനെ വരുത്തുന്ന ചന്ദ്രസ്ഫുടവും 23 സംസ്കരം പ്രത്യേകം ചെയ്തുകിട്ടുന്ന ചന്ദ്രസ്ഫുടത്തിനും വികലാസ്ഥാനവും ഭേദാംശവും വരെ വ്യത്യാസം ഉണ്ടായിരിക്കുകയില്ലെന്നുള്ളതു വ്യക്തമായി അറിയാവുന്നതാണ്. ധ്രുവസംസ്കരാഭാവകം ഒരുപ്രാവശ്യമുണ്ടാക്കിയാൽ വാക്യം അവസാനിക്കുന്നതുവരെ അതുപയോഗിക്കാവുന്നതാണ്. അടുത്തദിവസത്തേയ്ക്ക് ചന്ദ്രനെ ഗണിക്കുന്നതിനു സ്ഥിരരാശി കുറച്ച് മുമ്പു വരുത്തിയ ചന്ദ്രമധ്യമത്തിൽ ഒരുദിവസത്തേയ്ക്കുള്ള ചന്ദ്രമധ്യമഗതിയുംകൂട്ടി അതിൽ മുമ്പുകൂട്ടിയ വാക്യങ്ങളുടെ അടുത്തുള്ള വാക്യങ്ങളുംകൂട്ടി അതിൽ മുമ്പു സംസ്കരിക്കപ്പെട്ട മാർഗ്ഗത്തിൽക്കൂടി ധ്രുവസംസ്കരവും ചെയ്താൽ അന്നത്തെ ചന്ദ്രസ്ഫുടവും ലഭിക്കുന്നതാണ്. ഇങ്ങനെ ഒരോദിവസത്തേയ്ക്കും ഗണിക്കുന്നിനു ഒരോ ദിവസത്തെ ചന്ദ്രമധ്യമഗതി മുമ്പിലത്തെ ചന്ദ്രമധ്യമത്തിൽ (സ്ഥിരരാശി കുറച്ചു) കൂട്ടുകയും, അതിൽ ആദ്യവാക്യസംഖ്യകളിൽ ഒരോ സംഖ്യാവീതം കൂട്ടി അതിനുള്ള വാക്യങ്ങളും ചേർക്കുന്നപക്ഷം പ്രതിദിനമുള്ള ചന്ദ്രസ്ഫുടം പെട്ടെന്നുതന്നെ ഗണിക്കാവുന്നതാണ്. ധ്രുവസംസ്കരം ഒരോ ദിവസത്തേക്കും പ്രത്യേകം ചെയ്യേണ്ടതുമാണ്. ഒരുദിവസത്തെ സ്ഫുടമുണ്ടാക്കുന്നതിനുമാത്രമെ അല്പം ശ്രമമുള്ളൂ. പിന്നീടു് അടുത്തുള്ള ഒരോ ദിവസത്തേക്കും ചന്ദ്രസ്ഫുടങ്ങളും അനായസേന ഗണിക്കാവുന്നതും ആകുന്നു. വാക്യസംഖ്യകളോടും കേന്ദ്രങ്ങളും ഇതിൽ ചേർക്കയെന്നതു വിഷമമാകയാലാണ് ആ സാഹസത്തിനു ഉത്സാഹിക്കാതിരുന്നിട്ടുള്ളതു".

ചന്ദ്രന്റെ ധനർണ്ണപജ്യാക്രമം ചേർത്തിരിക്കുന്നതിനുള്ള ഉദ്ദേശത്തെക്കുറിച്ചാണ് ഇതിനുപരി ഉപന്യസിക്കുന്നതു. നിത്യവുമുള്ള ചന്ദ്രസ്ഫുടം ആവശ്യമില്ലാതെയും ജാതകാദിഗണിതത്തിനു കേവലം ഒന്നോ രണ്ടോ മറ്റോ സ്ഫുടങ്ങളും വേണ്ടിവരുമ്പോഴും ധനർണ്ണപജ്യാക്രമമുപയോഗിച്ചു ചന്ദ്രനെ ഗണിക്കുന്നതാണ് ഉത്തമവും ഉചിതവുമായിട്ടുള്ളതു. അല്ലെങ്കിൽ അവിടെയും വാക്യസംഖ്യകളോടും കേന്ദ്രങ്ങളും ഉണ്ടാക്കേണ്ടതായിവരുമെന്നുള്ളതു് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം സാഹസമായിട്ടാണ് തോന്നുന്നതു്. ധനർണ്ണപജ്യാക്രമം ഉപയോഗിച്ച് ചന്ദ്രസ്ഫുടം ഗണിക്കുന്നതിനും അതതു കേന്ദ്രങ്ങളുടെ ഘടനയനുസരിച്ച് അഭീഷ്ടസ്ഫുടത്തിനു് ആവശ്യമായ 15 കേന്ദ്രങ്ങളും ആദ്യമേ ഉണ്ടാക്കിവയ്ക്കുക. അനന്തരം ആ കേന്ദ്രങ്ങൾക്കു് ധനർണ്ണപജ്യാഫലങ്ങളും എടുത്തു് സ്ഥിരരാശി കുറച്ച ചന്ദ്രമധ്യമത്തിൽ കൂട്ടിയാൽ സൂക്ഷ്മചന്ദ്രസ്ഫുടം ലഭിക്കുന്നതാണ്. ഇവിടെ കേന്ദ്രങ്ങളും ഉണ്ടാക്കേണ്ടമ്പോലും ഭുജകോടിജ്യാനയനക്കേണ്ട ആവശ്യമില്ല. ഈ മൂന്നുപ്രകാരത്തിലുള്ള ചന്ദ്രസ്ഫുടവും ഒന്നുപോലെ വരുന്നതുമാണ്. പഞ്ചാംഗഗണിതത്തെ പ്രധാന ലക്ഷ്യമാക്കിയാണ് ഇതിന്റെ പുറപ്പാടെന്നു് ആദ്യമേതന്നെ പറഞ്ഞുവല്ലോ? എന്നതന്നെയല്ല; ജ്യാകോടിഷ്കങ്ങളും ചേർക്കുന്നതു് അത്യധികം ശ്രമാവഹമാകയാൽ വാക്യങ്ങളുംമാത്രം മതിയെന്നും വിശേഷാൽ ധനർണ്ണപജ്യാക്രമം ഇതിൽ ചേർക്കേണ്ട ആവശ്യമില്ലെന്നുള്ള മനോഭാവവും ആദ്യം ഉണ്ടായിരുന്നു. എന്നാൽ അതിനുശേഷം പലരുടേയും ശുപാർശകളെ സ്വീകരിച്ചും പരിശോധകന്മാരായും മറ്റും ആശംസ്യവും അഭിനന്ദനാർഹവുമായ അഭിപ്രായങ്ങളെ അനുസരിച്ചുമാണ് അനവസരമെന്നു തോന്നാവുന്ന അവസാനത്തെ ഒരുദ്യോഗത്തിൽ ധനർണ്ണപജ്യാക്രമും ഉദാഹരണങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളതു.

III

മന്ദസ്ഫുടഗണിതത്തിന്റെ മാതൃകയെക്കുറിച്ചു മനസ്സിലാക്കുവാനാണ് ഇതിനുപരിചെയ്യുന്ന യത്നം. അതിനു രവിപലവും പല മാർഗ്ഗങ്ങളും സ്വീകരിച്ചുകാണുന്നതു് അത്ര പന്തിയായിട്ടില്ലെന്നുള്ളതിലേക്ക് ഗണിതനിഷ്ണയംതന്നെ മതിയായ സാക്ഷ്യംവഹിക്കുമെന്നു വിശ്വസിക്കുന്നു. ഇതിലെ ക്രിയാക്രമമനുസരിച്ച് മന്ദസ്ഫുടങ്ങളും ഗണിക്കുന്നതിനു് മധ്യമവും മന്ദഫലവും ഒന്നും ആവശ്യമില്ല. രവി, ബുധ, ശുക്ര, കുജന്മാരുടെ അഭീഷ്ടകാലാവഗതി (1800 മുതൽ) വരെയുള്ള കേന്ദ്രദിവസങ്ങളുണ്ടാക്കി അതിൽനിന്നു് ഭഗണങ്ങളും (കുറയ്ക്കാവുന്നവ)

കാച്ച് ശേഷിച്ച കേന്ദ്രദിവസത്തിനനുസരിച്ചുള്ള സ്പ സ്പ സ്ഫുടം മന്ദകേന്ദ്രവും, മന്ദകർണ്ണശേഷത്തിന്റെ ട്ടനാധനങ്ങൾക്ക തക്കവണ്ണം മധ്യമമന്ദകർണ്ണത്തിൽ മന്ദകർണ്ണശേഷവും സംസ്കരിച്ച് സ്ഫുടം മന്ദകേന്ദ്രത്തിൽ അഭീഷ്ടകാലാവധികമായ അവരവരുടെ നീചങ്ങളുംകൂട്ടിയാൽ സൂക്ഷ്മമായ ക്രാന്തിവൃത്തീയമന്ദസ്ഫുടവും മന്ദകർണ്ണവും ലഭിക്കുന്നതാണ്. സൂര്യന്റെ വിഷുവദ്വൃത്തസ്ഫുടംതന്നെ ക്രാന്തിവൃത്തീയസ്ഫുടമാകുന്നു. എന്നാൽ ഭൂവൃത്തത്തിൽ അന്തരമുണ്ടെന്ന് ആയുധനികഷ്ഠരായ ചില ഗണിതകൃത്തുകൾ അഭിപ്രായപ്പെട്ടുന്നുണ്ട്. അത്തു സ്വീകാര്യമായിരുന്നാൽത്തന്നെയും വികലാസ്ഥാനത്തെബാധിക്കുവാൻ തരമില്ലെന്നാണ് തോന്നുന്നത്. സൂര്യന്റെമന്ദസ്ഫുടംതന്നെ സൂക്ഷ്മസ്ഫുടമാകുന്നു എന്ന് പ്രസിദ്ധമാകുന്നു. ഇതനുസരിച്ചു മന്ദസ്ഫുടംഗണിക്കുമ്പോൾ കാലാന്തരസംസ്കാരംചെയ്യുന്നകാര്യം പ്രത്യേകം ഓർത്തിരിക്കേണ്ടതുമാകുന്നു.

ഗ്രന്ഥകർത്താക്കളുടെ മന്ദസ്ഫുടഗണിതത്തിന് അല്പംകൂടി വ്യത്യാസമുണ്ട്. മുമ്പ് രവിബുധാദികൾക്കു വന്നുചേർന്നിയതുപോലെ ഇഷ്ടകാലംവരെയുള്ള ദിനാത്മകാകർഷണം സ്പഷ്ടമായിഉണ്ടാക്കി അവരവരുടെ ഭഗണശേഷ കേന്ദ്രദിവസത്തിൽകൂട്ടി അതിനനുസരിച്ചുള്ള അവരവരുടെ സ്ഫുടം മന്ദകേന്ദ്രവും മന്ദകർണ്ണവുമെടുത്തു സ്ഫുടമന്ദകേന്ദ്രത്തിൽ അഭീഷ്ടകാലംവരെയുള്ളനീചങ്ങളും കൂട്ടിയാൽ ഇവരുടെ സൂക്ഷ്മമായമന്ദസ്ഫുടവും മന്ദകർണ്ണവും ലഭിക്കുന്നതുമാകുന്നു. ഇതിനെല്ലാംകലാന്തരത്തുല്യി സിദ്ധിക്കുന്നതിനു കാലാന്തരസംസ്കാരം ചെയ്യുന്നതുകൂടാതെ, കലാസ്ഥാനത്തിനുശേഷം രണ്ടുദശാംശസ്ഥാനങ്ങൾകൂടി എടുത്തുകൊള്ളേണ്ടതുമാകുന്നു. ഇതിലെ മന്ദസ്ഫുടനയനരീതി കേതകതടെ പക്ഷപ്രകാരമുള്ളതാണ്. ഇതുംകൊണ്ട് കേതകരുടെ മന്ദസ്ഫുടകർഷകങ്ങളെ പാടേ പകർത്തിയെന്ന് വായനക്കാർ വിചാരിക്കേണ്ട. ഇതിന്റെപരമാർത്ഥം ഇവരുത്തിൽ താരതമ്യം ചെയ്തുനോക്കിയാൽ അറിയാവുന്നതുമാണ്. ക്രിയാലാഘവത്തിനുവേണ്ടി അതിൽ നിഷ്കനമായിക്കിടന്നിരുന്ന ഒരു മാർഗ്ഗത്തിൽകൂടിപ്പോയിട്ടുണ്ടെന്നല്ലാതെ അവയെപ്പറ്റി മറ്റൊന്നും പറയേണ്ടതായിട്ടില്ല. അതിലുള്ള കോഷ്ഠകങ്ങളിലെ അനേകംസ്ഥാനങ്ങളിൽ അനേകം വരികയും ഒരുമിച്ച് അന്തർധനംചെയ്യുകയും പ്രകൃതംവിട്ട് ജംഗമവസ്തുക്കൾപോലെ സംക്രമിച്ചിട്ടുള്ളതായുംകാണുന്നു. അതിനാൽ ആവകനുനതകരുടെ ഭരതേപടിപകർത്താതെ പലപ്രാവശ്യങ്ങളിലായി പരിശോധിച്ചു പരിഷ്കരിച്ചുണ്ടാക്കിയതാണ് ഇതിൽ ചേർത്തിട്ടുള്ളതു. സംക്ഷേപയത്നം ചെയ്തതിലും ഗ്രന്ഥകർത്താവിനു് എന്തോ പാകപ്പിഴപാറിയിട്ടുള്ളതായി സംശയിക്കേണ്ടിയിരിക്കുന്നു. ഗണിതനിഷ്കർഷയിൽ സംക്ഷേപയത്നാദി നിയന്ത്രണങ്ങൾ ഇല്ലാതിരുന്നിട്ടുപോലും ശുദ്ധിപത്രത്തിനു് ശുദ്ധിപത്രംവരെ ചേർക്കേണ്ടതായി വന്നിട്ടുണ്ട്. വിരസമായ മറ്റു പലമാർഗ്ഗങ്ങളും പലരും മന്ദസ്ഫുടഗണിതത്തിനു് ഇന്നു് സ്വീകരിച്ചുവരുന്നു. അതെല്ലാം അക്ലിഷ്ടമാണെന്നു സമ്മതിക്കുവാനും അതിനെ അനുവർത്തിക്കുവാനും ഞാൻ അഭ്യർത്ഥിക്കുന്നു.

IV

കുജാദിപഞ്ചഗ്രഹങ്ങളുടെ ശീഘ്രഫലാനയനമാർഗ്ഗവും മിക്കവാറും ഗ്രന്ഥങ്ങളിൽ വളരെവളഞ്ഞരീതിയിലാണ് കാണപ്പെടുന്നതു്. ശീഘ്രജ്യാവും ശീഘ്രകർണ്ണവും ഉപയോഗിച്ചുള്ള ശീഘ്രഫലാനയനസമ്പ്രദായം ഭാരിച്ചതും തികച്ചും ഇന്നു് തൃപ്തികരമല്ലാത്തതുമാകുന്നു. കേതകർ ശീഘ്രഫലാനയനരീതി സൂക്ഷ്മമായിത്തന്നെ കാണിച്ചിട്ടുണ്ട്. പക്ഷേ അതനുസരിച്ച് അതിനാവശ്യമുപകരണങ്ങളും ഉണ്ടാക്കി ശീഘ്രഫലങ്ങൾഎടുത്തു് സ്പഷ്ടങ്ങളും സൃഷ്ടിക്കുവാൻ സാധാരണഗണിതക്കാരെക്കൊണ്ടു് സുസാദ്ധ്യമാണെന്നുതോന്നുന്നില്ല. ഗണിതനിഷ്കർഷയിലെ സ്പർശ്യംവെടിഞ്ഞുപയോഗിച്ചുള്ള ശീഘ്രഫലാനയനക്രമം സുഗമവും, ഏറ്റവുംസൂക്ഷ്മവുമാകുന്നു. പക്ഷേ ആ രീതിയുംപ്രയോഗക്ഷമത്തിൽവരുത്തുവാൻ പ്രയാസമായിപ്പരിണമിച്ചിരിക്കുന്നു. കർണ്ണാന്തരങ്ങളും കർണ്ണയോഗവും സ്പർശ്യാക്കളും ഉപയോഗിച്ചുണ്ടാണ് വാസ്തവത്തിൽ ഇതിലുംശീഘ്രഫലങ്ങൾ ഉണ്ടാക്കിയിട്ടുള്ളതു്. രണ്ടുപ്രകാരത്തിലും ക്രിയചെയ്താൽ ഇതിന്റെ യഥാർത്ഥ്യം മനസ്സിലാക്കുവാനുള്ളതുമാണ്. ക്രിയചെയ്യുന്നവർക്ക് പ്രമാദംസംഭവിക്കുന്നില്ലെങ്കിൽ ഫലങ്ങൾ ഒരുപോലെതന്നെ വരികയുംചെയ്യും. നിത്യസ്ഫുടഗണിതത്തെ ക്രോഡീകരിച്ച് അതിനെയെല്ലാം കഴിയുന്നതുംലഘൂകരിച്ച് വളപ്പിച്ചുറപ്പുള്ളതുമായ മാർഗ്ഗത്തിൽകൂടിയാണ് ഇതിലെക്രിയാക്രമങ്ങൾ രൂപീകരിച്ചിരിക്കുന്നതു്.

ലാടവൈധൃതഗണിതം, മൗഢ്യഗണിതം, ചന്ദ്രഗ്രഹണഗണിതം, സൂര്യഗ്രഹണഗണിതം ഇവയെല്ലാം ഇതിൽ സൂക്ഷ്മവും സുഗ്രാഹ്യവുമായമാർഗ്ഗങ്ങൾ സൃഷ്ടിച്ചുചേർത്തിരിക്കുന്നു. പക്ഷാന്തരമുള്ളപക്ഷം പരിശോധിച്ചാൽ പരമാർത്ഥമറിയാവുന്നതുമാകുന്നു. ലാടവൈധൃതഗണിതം മൗഢ്യഗണിതം മുതലായക്രിയകളും ഗണിതനിഷ്കർഷപക്ഷത്തോടു് ഗണ്യമായവിധത്തിൽ യോജിച്ചുകാണുന്നുമുണ്ട്. ഈ അഭിപ്രായങ്ങളോടു് വിരോധമനോഭാവമില്ലാത്തവരായ വിദ്വാന്മാർ വിയോജിക്കുമെന്നുതോന്നുന്നില്ല. ഛാദ്യകഗണിതംകൂടിമനസ്സിലാക്കിയിരുന്നാൽ ഗ്രഹണാഹരണവർഗ്ഗമൂലാദിക്രിയകളും വേണ്ടിവരുന്നസന്ദർഭങ്ങളിൽ അതുപയോഗിച്ചു് ഇതിലെക്രിയകളെല്ലാം പെട്ടെന്നുചെയ്യാവുന്നതുമാകുന്നു. അതിനുള്ള ലഘുവായമാർഗ്ഗവും ഇതിൽ ചേർത്തിട്ടുണ്ട്. ഇതിന്റെ അന്ത്യത്തിൽ ഛാദ്യകവും ചേർത്തിട്ടുണ്ട്. ആധുനികർവിദ്യുത്സംക്രമം അല്പമെങ്കിലുംലഭിച്ചിട്ടുള്ളവർക്ക് ഇതിലെക്രിയകളെല്ലാം നിശ്ചയമായും നിഷ്പ്രയാസം ചെയ്യാവുന്നതുമാകുന്നു.

V

ശുക്രന്റെ മന്ദോച്ചത്തെക്കുറിച്ചുള്ള മതാന്തരങ്ങളെയാണ് ഇതിനുപരിഭൂഷിക്കുന്നതു്. പാശ്ചാത്യ പണ്ഡിതന്മാരിൽ പ്രഥമഗണനിയനായ ലവേറിയരും ഒന്തരാഹനായ കേതകരും ശുക്രന്റെ മന്ദോച്ചഗതിഭ്രമ

ത്രുപത്തിൽതന്നെയാകുന്നു കണക്കാക്കിക്കാണുന്നത്. ഗണിതനിഷ്ണയം ആ അഭിപ്രായത്തെ അനുരിക്കുകയും അതിനെ അനുവത്തിക്കുകയും ചെയ്തിരിക്കുന്നു. മാറുചിലർക്ക് സൂക്ഷോബിന്റെ പക്ഷത്തോട് അധികം അടുപ്പമുള്ളതായിക്കാണുന്നു. സൂക്ഷോബിന്റെ നൂതനരീതിയെ അവലംബിച്ചാൽ ശുക്രന്റെ മന്ദോച്ചഗതി ധനത്രുപത്തിലാണെന്നു ധരിക്കുവാനേ ന്യായം കാണുന്നുള്ളു. അതു് അവിഹിതവും ആധുനികസിദ്ധാന്തങ്ങൾക്കു വിരുദ്ധവുമാകുന്നു. മറുഗ്രഹങ്ങളുടെ മന്ദോച്ചഗതി ധനത്രുപമാണെന്നു നിഷ്കർഷിച്ചിരിക്കുന്നതുപോലെ ശുക്രന്റെ മന്ദോച്ചഗതിയെക്കുറിച്ചു മനസിലാക്കുക വളരെ വിഷമവുമാകുന്നു. അതെന്തുകൊണ്ടാണെന്നുള്ളതിനെക്കുറിച്ചുകൂടി ഇവിടെ അല്പം വിശദമാക്കാം. മറുഗ്രഹങ്ങളുടെ മന്ദോച്ചഗതി, ശുക്രന്റെ മന്ദോച്ചത്തിനു് വർഷംതോറുമുണ്ടാകുന്ന വ്യത്യാസത്തെക്കാൾ വളരെ വർദ്ധമാനമാകുന്നു. ശുക്രനേന്തു് ഏറ്റവും ലഘുതരവുമാകുന്നു. അതുനിമിത്തം വ്യത്യാസമുണ്ടാകുന്നതു് ധനത്രുപത്തിലോ ഋണത്രുപത്തിലോ എന്നു പെട്ടെന്നുനിഷ്കർഷിക്കുവാൻ നിവൃത്തിമാർഗ്ഗമില്ലാതെയാണിരിക്കുന്നതു്. ഉപേറിയരും കേതകരും ദ്രഢിനിയിൽക്കൂടി ദീർഘകാലം ദീർഘദർശനം ചെയ്തിട്ടുള്ള മഹത്തുക്കളുടെകുന്നു ഇതുകൊണ്ടു് സൂക്ഷോബു് നിരീക്ഷണപരീക്ഷണങ്ങളും നടത്തിയിട്ടില്ലെന്നു അതും വിചാരിക്കേണ്ടതാവശ്യമില്ല. ശുക്രന്റെ മന്ദോച്ചഗതി ഋണത്രുപമാണെന്നുള്ള പക്ഷത്തോടാണു് ഭൂരിപക്ഷക്കാരും ചേരുവിച്ചുകാണുന്നതു്. സൂക്ഷോബിന്റെ അഭിപ്രായത്തിനു് അടിസ്ഥാനമായയുക്തികളും പ്രമാണങ്ങളും പ്രസിദ്ധീകരിച്ചുകണ്ടിട്ടുണ്ടായിരുന്നു എങ്കിൽ അതിന്റെ സാധുതാസാധുതകളും പരീക്ഷിക്കാമായിരുന്നു. ഇപ്പോഴും അതിനും നിവൃത്തിയില്ലാതെയാണിരിക്കുന്നതു്.

ശുക്രന്റെമന്ദോച്ചഗതി ധനത്രുപത്തിലാണെന്നും, അഥവാ, അല്ല; ഋണത്രുപത്തിലാണെന്നും അല്ലെങ്കിൽ ഗതിയും, വിഗതിയും ഇല്ലെന്നും സ്ഥാന്യമായിസ്ഥിതിചെയ്യുന്നുഎന്നും മൂന്നുവിധത്തിലല്ലാതെ വാദമവതരിപ്പിക്കുവാൻ തർമില്ലെന്നാണുതോന്നുന്നതു്. ധനവും ഋണവുംകൂടിയാണെന്നു നാലാമതൊരുചിലർ പറയുമോ എന്നറിയുന്നില്ല. ഇതുവരെ ആരും അങ്ങിനെപറഞ്ഞിട്ടില്ലെന്നാണു വിശ്വസിക്കുന്നതു്. അതുകൊണ്ടു് ആ പക്ഷത്തെവിട്ടുകളയുന്നു. ശുക്രന്റെമന്ദോച്ചഗതിയെ ഉടയരില്ലാത്തരുരുപോലെ വേദാംഗമായതരണിയിൽ തള്ളിക്കളഞ്ഞാൽ അതു് അനേഷ്ണശക്തിയുടെ ഉന്മേഷക്ഷീണമായതായേവരികയുള്ളു. അതുകൊണ്ടാണു് അതിനെ നമ്മരെങ്കിലും അടിച്ചുവിട്ടുകളയുമെന്നു വിചാരിക്കുന്നതു്. ശുക്രന്റെമന്ദോച്ചഗതി സ്ഥാന്യമല്ലെന്നു് കക്ഷിപ്രതികക്ഷികളും സമ്മതിക്കുന്ന സംഗതിയാകുന്നു. അതു് സ്ഥാന്യമല്ലെന്നു സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. പിന്നെ ഋണമോ ധനമോ എന്നേചിന്തിക്കേണ്ടതുള്ളു. ശുക്രന്റെമന്ദോച്ചഗതി ഋണത്രുപത്തിൽസ്ഥാപിക്കുവിച്ചു് ക്രിയകൾചെയ്തുപരിശോധിച്ചു പരീക്ഷണങ്ങളും നടത്തിയതിൽ വ്യത്യാസംകാണുന്നില്ലെന്നു് വ്യക്തമായി അറിഞ്ഞിട്ടുണ്ടു്. മിക്കവാറും പണ്ഡിതന്മാർ ആ പക്ഷത്തോടു് അനുകൂലിക്കുന്നു. ആധുനിക പാശ്ചാത്യപൗരസ്ത്യപണ്ഡിതന്മാരിൽ അധികംപേരും അതിനെഅനുകരിക്കുകയും ചെയ്യുന്നു. ഈ സ്ഥിതിക്കു് പലരും കണക്കാക്കിക്കാണുന്നതു് നല്ലകണക്കിലായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. മറുഗ്രഹങ്ങളുടെ ഉച്ചഗതിഎല്ലാം ധനത്രുപത്തിൽആണെന്നും അതുപോലെ ശുക്രന്റെമന്ദോച്ചഗതിയും വർത്തമാനമായിട്ടല്ലാതെ വരുവാൻ തർമില്ലെന്നുംമറും അതിലുള്ള സംശയാസംഗതിദോഷങ്ങളെപ്പറ്റി ലവലേശം ക്രൂസലില്ലാതെ ഒരു സൗസൻ ഏതാം ഒരു മാസികയിൽ ഒരിക്കൽ തട്ടിമൂളിച്ചിരുന്നതായിരുക്കുന്നു. ഈ വ്യാപ്യൊന സംഹസം വ്യാപ്യാനത്തേക്കാം വ്യാഖ്യാതാവിനെപ്പറ്റി വിസ്മയം ജനിപ്പിക്കുന്നു. പണ്ഡിതന്മാരായ പലരുടേയും അഭിപ്രായം ശുക്രമന്ദോച്ചഗതി ഋണത്രുപത്തിൽ അനുനാമായിത്തന്നെ അധികംപേരും അനുവർത്തിച്ചുപോരുന്നു എന്നു് മുമ്പുതന്നെപറഞ്ഞുവല്ലോ? ഗ്രന്ഥകർത്താവായ എന്റെ എളിയഅഭിപ്രായവും അങ്ങിനെതന്നെയാകുന്നു. അതെങ്കിലും അഭിപ്രായവ്യത്യാസങ്ങളെ ഉളവിപ്പിക്കുവാൻ ഉത്സാഹിക്കുമോ എന്നറിയുന്നില്ല. ഇതിനെക്കുറിച്ചു് അതെങ്കിലുംതർക്കിക്കുന്നപക്ഷം; തർക്കികനും വയ്യാകരണനും തമ്മിൽ തർക്കിച്ചു് തർക്കികഃ പശവഃ എന്ന വയ്യാകരണനും ബദലായി വയ്യാകരണഃ തൃണവഃ എന്നതർക്കികനും, തൃണവഃ ഇതികഥം എന്ന വയ്യാകരണനും പശവഃ ഇതിയഥം എന്ന തർക്കിക്കനും യഥമിതികഥംഎന്ന പിന്നെയും വയ്യാകരണനും കഥമിതിയഥം എന്ന സമാപ്തിയായി തർക്കികനും പറഞ്ഞതുപോലെ വല്ലവിധത്തിലും പരിണമിക്കുമെന്നല്ലാതെ പറയുവാനും തരംകാണുന്നില്ല.

ശുക്രമന്ദോച്ചഗതിയുടെ വാസ്തവഗ്രഹണവിഷയത്തിൽ പലരുടേയും അഭിപ്രായം വിഭിന്നമായവിധത്തിൽ കാണുന്നതു് ഒരേവസ്തുവിന്റെ ഭാരതംശത്തെ അടിസ്ഥാനമാക്കി വിവക്ഷിതത്തെ പ്രത്യക്ഷലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള വൈഷമ്യംകൊണ്ടാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അല്ലാതെ ഒന്നതൈറൈന്നോ മറൈന്നോ ശരിയെന്നോപറയുന്നതിനു് സർവ്വതോമുഖമായിനമുക്ക ശക്തിയില്ലെന്നു പറയേവുന്നതാണു്. ഇതിൽ ശുക്രന്റെ മന്ദോച്ചഗതി ഋണത്രുപത്തിലാണു് സ്വീകരിച്ചിരിക്കുന്നതെന്നു് ഇതിനുമുമ്പുതന്നെപറഞ്ഞുവല്ലോ? മന്ദസ്പുടദിഗണിതങ്ങളിൽ സൗകര്യത്തിനുവേണ്ടി ശുക്രന്റെനീചവും മധ്യമം വരുത്തി ക്രിയചെയ്യേണ്ടസ്ഥാനങ്ങളിൽ സൗകര്യസിദ്ധിക്കുവേണ്ടി ഉച്ചവുമാണു ചേർത്തിട്ടുള്ളതു്. വാസ്തവത്തിൽ ഉച്ചത്തിന്റെയും നീചത്തിന്റെയും നില രണ്ടു സ്ഥാനങ്ങളിലായിട്ടാണു്. ഉച്ചത്തിൽ 6 രാശിക്കുടിയാൽ നീചവും, നീചത്തിൽ 6 രാശിക്കുടിയാൽ ഉച്ചവും സിദ്ധിക്കുന്നതാണു്. നീചത്തിനും ഉച്ചത്തിനും ഒരേഅർത്ഥമാണു് ഇതിൽ സങ്കല്പിച്ചിട്ടുള്ളതു്. അസമാനങ്ങളായരണ്ടിനു് ഒരേ അർത്ഥം സങ്കല്പിച്ചിരിക്കുന്നതുകൊണ്ടു് സാധാരണക്കാർ സംഭ്രമിക്കരുതെന്നു് പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളുന്നു.

VI

പിന്നെയുള്ള ആക്ഷേപം പരിഷ്കൃതപദ്ധതിയുടെ അവശ്യകതയിലുള്ള ആക്ഷേപത്തേയും അതിനുള്ള അപവാദത്തേയും ലക്ഷീകരിച്ചുകൊണ്ടാണു്. പുതിയ ഗണിതപദ്ധതികളും പരിഷ്കൃതപഞ്ചാംഗങ്ങളും മൗഢ്യതി

ജ്യോത്സ്നത്തിനും ധർമ്മശാസ്ത്രത്തിനും വിരുദ്ധമാണെന്ന ചിലരെല്ലാം വിളിച്ചുപറയുന്നുണ്ട്. ഒരു പുതിയ പദ്ധതിയെ അവിർഭാവിപ്പിക്കുമ്പോൾ അതിനെക്കുറിച്ചുകൂടി അല്പം ചിലതെല്ലാം പ്രസ്താവിക്കുന്നത് അനുചിതമായിരിക്കുമെന്നു വിചാരിക്കുന്നില്ല. ജ്യോതിഷം വേദാംഗവും, ഗണിതശാസ്ത്രം അതിന്റെ ഉപാംഗവും ഉത്തമാംഗവുമാകുന്നു. ഇതു കൊണ്ടുതന്നെയാകുന്നു ശാസ്ത്രങ്ങളെ സ്വർഗ്ഗസമ്മിതങ്ങളായി ആലങ്കാരികന്മാർ ഗണിച്ചിരിക്കുന്നത്.

"യഥാശിഖാ മയൂരാണാം നാഗാനാം മണയോ യഥാ
തദ്വദ്വേദാംഗശാസ്ത്രാണാം ഗണിതം മൂർദ്ധ്നി സ്ഥിതം"

എന്നുള്ളതുകൊണ്ട് ജ്യോതിഷത്തിൽ ഗണിതശാസ്ത്രത്തിനാണ് ഗരിമയായ സ്ഥാനമെന്നു വരുന്നു. എന്നാൽ ഗണിതഭാഗം സൂക്ഷ്മമായില്ലെങ്കിൽ ഫലഭാഗം ശരിയാവുകയില്ലെന്നുള്ള കാര്യത്തിൽ അർക്കം പക്ഷാന്തരമില്ല. ഗണിതഭാഗം എത്രയും സൂക്ഷ്മമാക്കിയാൽ ഫലം ഏറ്റവും സൂക്ഷ്മമാകുമോ എന്ന ചോദിച്ചാൽ ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ശാസ്ത്രംകൊണ്ട് പ്രകൃതിയെപ്പകർത്തുകയല്ലെന്നും പ്രകൃതി സ്ഥിതിയുടെ പ്രതീതി ഉണ്ടാക്കുവാൻ ഉത്സാഹിക്കുകയാണെന്നും നാം പ്രത്യേകം ഓർത്തിരിക്കണം. ജ്യോതിഷത്തിന്റെ ജീവൻതന്നെ ഗണിതഭാഗമാണെന്നു പറയുന്നതിൽ അതിശയോക്തിയും അപാകതയും ഉണ്ടെന്നു തോന്നുന്നില്ല.

സൂക്ഷ്മഗ്രഹസ്ഫുടങ്ങളും ഗ്രഹാംശകങ്ങളും മുതലായ ഉപകരണങ്ങളും ഫലാദേശത്തിന് അത്യാവശ്യങ്ങളാകുന്നു. സൂക്ഷ്മഗ്രഹസ്ഫുടങ്ങളും എന്നു പറയുന്നത് അനുമാനശോചനം മാത്രമായിരുന്നാൽപോരാ, അനുഭവശോചനംതന്നെ ആയിരിക്കണം. എണ്ണയതച്ചാൽ വാതവും നെയ്യു സേവിച്ചാൽ പിത്തവും ശമിക്കുമെന്നു വൈദ്യശാസ്ത്രജ്ഞന്മാർ സമർത്ഥിച്ചിരിക്കുന്നു. പക്ഷേ എണ്ണയ്ക്കു പകരം നെയ്യും, നെയ്യ്ക്കു പകരം എണ്ണയും ഉപയോഗിച്ചാൽ ഉണ്ടാകുന്ന വൈഷമ്യങ്ങളും ദുസ്സഹമായി ഭവിക്കുന്നു. ഇതിനെ മേൽ പ്രസ്താവിച്ചതിനോട് ഉപമിക്കാമെന്നു തോന്നുന്നു. ഫലാദേശം ഗണിതശോധനത്തെ ആസ്പദമാക്കിയുള്ളതാകയാൽ അതു പരിശുദ്ധമായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. ഈ തത്ത്വത്തെ മുൻനിർത്തിയാണ് പൂർവ്വാചാര്യന്മാർ കാലാവകാശമായി ഗണിതപരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളതു്. ഗ്രഹസ്ഥാനങ്ങളും ഗതി മുതലായവയ്ക്കും കാലാന്തരത്തിൽ വ്യത്യാസം വരുമെന്നും അതിനെ അന്നന്നു പരിശോധിച്ചും പരീക്ഷിച്ചും സൂക്ഷ്മപ്പെടുത്തിപ്പോരേണ്ടതുണ്ടെന്നും അവർ നമ്മെ അനുസ്മരിപ്പിക്കുന്നുമുണ്ട്. അതിൽ അതിപ്രധാനങ്ങളായ ചില വചനങ്ങളെയാണ് അടിയിൽ ചേർക്കുന്നതു്.

"യസ്മിൻ പക്ഷേ യത്ര കാലേ യേന ദൃഗ്ഗണിതൈക്യകം
ദൃശ്യതേ തേന പക്ഷേണ കുര്യാത്തിഥ്യാദിനിർണ്ണയം. (വസിഷ്ഠൻ)

പൂർവ്വാചാര്യൈർയതോ യദ്യൽ ശ്രേഷ്ഠം ലഘുസ്ഫുടംബീജം
തത്തദിഹാവികലമഹം രഹസ്യമഭ്യുദ്ധൃതം വക്ഷ്യേ (വരാഹമിഹിരൻ)

ഉക്താഭാവോ വികൃതിഃ പ്രത്യക്ഷപരീക്ഷാനൈവ്യക്തിഃ (ബൃഹത്സംഹിത-വരാഹമിഹിരൻ)

ശാസ്ത്രമാദ്യം തദേവേദം യൽ പൂർവ്വം പ്രാഹ ഭാസ്കരഃ
യുഗാനാം പരിവർത്തേന കാലഭേദോത്ര കേവലം (സൂര്യസിദ്ധാന്തം)

യസ്മിൻ കാലേ യൽ പക്ഷാന്നീതഃഗ്രഹ ആകാശേ ദൃഗ്ഗ്യുസ്മിന്നേവ കാലേ തൽപക്ഷസ്യ തദ്ദിക്ഷയേ പ്രമാണ്യപ്രതിപാദനേന. അത ഏവ യദഗ്രഹ ആകാശേ ന സംവദതി തദൈവ തൽപക്ഷസ്യാപ്രമാണ്യം ബീജഭാവേന തദംപി തസ്യ പ്രമാണ്യമിതി സർവ്വാഭ്യുപഗമഃ. (സിദ്ധാന്തശിരോമണി)

കർമ്മാർഹപഞ്ചാംഗസമർത്ഥസിദ്ധൗ നിശാപതേരേവമഹോപയോഗാൽ
ദൃക്സിദ്ധയേസൗ ത്രിവിധം ഹി ബീജം ധ്രുവാന്തരാഖ്യാഭ്യമകല്പിസൂക്ഷ്മം. (സിദ്ധാന്തദർപ്പണം)

യസ്മാദേതഃ സ്പഷ്ടമിഹാഭിധത്സേ മധ്യസ്യ ദൃക്തുല്യതരം സ്ഫുടത്വം. (സിദ്ധാന്തശേഖരം)

ധ്യാനഗ്രഹോപദേശാൽ ബീജം ജ്ഞാത്വാ ച ദൈവജ്ഞൈഃ
തൽ സംസ്കൃതഗ്രഹേഭ്യഃ കർത്തവ്യാ നിഷ്പ്രയാദേശാഃ. (ബ്രഹ്മസിദ്ധാന്തം)

യാന്തി സംസാധിതാഃ ഖേടാഃ യേന ദൃഗ്ഗണിതൈക്യകം
തേന പക്ഷേണ തേ കാര്യാഃ സ്ഫുടസ്പൽസമയോത്ഭവാഃ. (ദാമോദരപദ്ധതി)

കഥമപി യദിദം ചേൽ ഭ്രീകാലേ ശുദ്ധം സ്യാൽ
മുഹുരപിപരി ലക്ഷ്യൈർഗ്രഹാർദ്ധക്ഷയോഗാൽ
സദമലഗ്രഹതുല്യപ്രംപ്രബോധപ്രകാശൈഃ
കഥിതസദുപപത്ത്യാ ശുദ്ധികേന്ദ്രേ പ്രചാല്യേ. (ഗണേശദൈവജ്ഞൻ)

കിം തേനാപി സുവർണ്ണേന കർണ്ണഘാതം കരോതിയൽ
തഥാ കിം തേന ശാസ്ത്രേണ യന്നപ്രത്യക്ഷതഃ സ്ഫുടം. (ശങ്കരൻ)

ദൃഷ്ടരണൈകൃവിഹീനഃ ഖേടഃ സ്ഥൂലാ ന കർമ്മണാമർഹാഃ
അത ഇഹ തദർഹതായൈ താൽക്കാലികബീജവിസ്തരം വക്ഷ്യേ.'' (കൃതചിത)

കാലാന്തരയംകൊണ്ട് ഗണിതശാസ്ത്രങ്ങളിൽ വരുന്ന വ്യത്യാസത്തെ വ്യക്തമായി വ്യവഛേദിച്ചറിഞ്ഞ് കാലാനുകൂലമായി അതതായത് തത്തൽക്കാലപ്രത്യക്ഷാനുഭവമായി പരിഷ്കരിച്ചുകൊള്ളണമെന്നുള്ള പ്രമാണിക ന്മാരായ പല ആചാര്യന്മാരുടേയും അഭിപ്രായങ്ങളെയാണ് മകളിൽ ചേർത്തിരിക്കുന്നത്. ഇതിലേക്ക് ഇതിനെത്തുടർന്നുള്ളതും ഇതുപോലെ ഉള്ളതുമായ എതു പ്രമാണങ്ങളും വേണമെങ്കിലും ഉദ്ധരിക്കാവുന്നതും എന്നാൽ അതിനു് ഇപ്പോഴും ഇവിടെ ആവശ്യമില്ലെന്നു തോന്നുകയാൽ ഉത്സാഹിക്കാതിരുന്നിട്ടുള്ളതും ആകുന്നു. ഇത്രയുംഭാഗങ്ങൾകൊണ്ട് ഈഭാഗം വിശദമായി എന്നു് വിശ്വസിക്കുന്നു. ശാസ്ത്രജ്ഞചക്രവർത്തിമാരായ ആചാ ര്യന്മാരുടെ അഭിപ്രായങ്ങളിൽ വാദമുണ്ടാകുവാൻ തരമില്ലെന്നും അതിനെ എതുകക്ഷികളും എതുക്കുകയില്ലെന്നും വിചാരിക്കുന്നു.

ഗണിതപരിഷ്കരണത്തിന്റെയും ശുദ്ധഗണിതത്തിന്റെയും അവശ്യകതയെപ്പറ്റി ശ്രുതിസ്മൃതിവച നങ്ങളും വല്ലതുമുണ്ടോ എന്നോ വിചാരിക്കേണ്ടതുള്ളൂ. ദക്ഷിണാന്യന്മാരിൽ ചിലർ ഗണിതപരിഷ്കരണം ധർമ്മശാ സ്ത്രത്തിനു് വിരുദ്ധമാണെന്നു് ശഠിക്കുന്നു. ഇതിനെക്കുറിച്ചുകൂടി ഇവിടെ ചിലതെല്ലാം പ്രസ്താവിക്കേണ്ടിയിരി ക്കുന്നു.

''അനിഷ്ടീതാ സു തിഥിഷു ന കിഞ്ചിൽ കർമ്മസിദ്ധ്യതി
ശ്രുതം സ്മാർത്തംപ്രതം ദാനം യച്ചാന്യൽ കർമ്മസിദ്ധ്യതി
നിഷ്ടീതാസു തിഥിഷ്വേവ കർമ്മകൃവീതനാന്യഥാ
നാശവിദ്യാ ഹ്യ യം ഷഷ്ഠീ ശിവവിദ്യാ ഹ്യ സപ്തമീ
ദശമ്യേകാദശീവിദ്ധാ നോ പോഷ്യൈവ്യ്കുഥഞ്ചന
ജ്ഞാതൈവം രവിചന്ദ്രാഭ്യം തിഥിം സ്ഫുടതരം വ്രതീ.'' (സൗരപുരാണം)

മേൽപ്രസ്താവിച്ച ജ്യോതിശ്ശാസ്ത്രപ്രമാണങ്ങളോടു് സാമ്യവും സാധർമ്മ്യവുമുള്ള ആശയങ്ങളാ അതിഭാ ഗിയിൽ സൗരപുരാണവചനത്തിലും സംക്രമിച്ചിട്ടുള്ളതായി കാണുന്നു. ഈ സപ്തവരികളിൽ സ്ഫുടതരം എന്ന വാക്കിന്റെ വ്യാപ്തി കുറെ അധികമുണ്ട്. സൂര്യചന്ദ്രഗണിതങ്ങളെല്ലാം സൂക്ഷ്മമായിരിക്കണമെന്നും അത നുസരിച്ച് തിഥ്യാദികളെ നിശ്ചയിച്ചതിനുശേഷമേ വ്രതനക്ഷത്രാദികളെ പാടുള്ളൂ എന്നും അതല്ലാതെ ചെയ്യുന്നകർമ്മ ങ്ങളെല്ലാം നിഷ്പ്രയോജനവും നിഷിദ്ധവുമാണെന്നാണ് ഉടനടി ഉൽഘോഷിക്കുന്നത്.

ഈ ഭാഗത്തേക്ക് മാത്രമായി വചനങ്ങളെക്കൂടി ഉദ്ധരിക്കണമെന്നു വിചാരിക്കുന്നു.

''അർവാഗസ്തമയാദ്യത്ര ദ്വിതീയാ ഘടികാദ്വയേൽ തത്ര യാഗം ന കുർവീത തദാ ചന്ദ്രസൂദർശനാൽ
ദ്വിതീയാന്ത്യമുഹൂർത്താചേൽ പ്രതിപദ്യുപരാത്രികീ അനുവാധാനംചതുർദ്ദശ്യാംപരതസ്സോമദർശനാൽ
ദ്വിതീയാന്ത്യമുഹൂർത്താചേൽ പ്രതിപദ്യുപരാത്രികീ ഭ്രുതേനാഹിതിരിഷ്ടിസ്സുശ്രവശ്ചന്ദ്രസൂദർശനാൽ
(അത്രയുമുഹൂർത്തേതി ഘടികാമാത്രസ്യോപലക്ഷണം ആദ്യവചനവിരോധദിതി വൈദ്യനാഥദീക്ഷിതീയം)
ആദിത്യസ്തമിതേചന്ദ്രഃ പ്രകീച്യാമുദയാദ്യദി പ്രതിപത്യുതിപത്തിഃസ്യാൽ പഞ്ചദശ്യാം യജേത്തദാ
അമാവാസ്യാസ്യ പൂർവേദ്യുരർദ്ധരാത്രേന്ദുഃ പ്രശസ്യതേ ദൃഷ്ടചന്ദ്രേ ന കർത്തവ്യോ യാഗസ്തത്രപരേഹനി
ദൃഷ്ടചന്ദ്രദിനേചേൽ സ്യാൽ ദേവയാന്തിപരാങ്മുഖഃ

പ്രതിപദിനേ അസ്തമയാൽപൂർവം ഘടികാമാത്രം ദ്വിതീയാ സൽഭാവേ ചന്ദ്രസൂദർശനാൽ തത്രയാഗോനകർത്തവ്യ ഇത്യർത്ഥഃ

അനുവാധാനം ഭ്രുതതിഥ്യാന്ത്യ കുർവ്വാൽ
സാ യാ ദ്വേ ചേൽ സന്ത്രവിഷ്ടാ ദ്വിതീയാ
തസ്യാം തിഥ്യാം ദർശനാൽ പ്രത്യഗീന്ദോഃ
പർവണ്യുക്താ യാഗകാലോ നിതാന്തഃ
ഇന്ദൗ നിരുപ്യേ ഹവിഷ്യി പുരസ്താദ്ദിതേ വിധൗ
യദ്യൈഹ്നണ്യം ഹ്യുത്തരേ തസ്മിൻ പശ്ചാദപി ഹി തൽ ഭവേൽ.''

ചന്ദ്രദർശനാദർശങ്ങളെ സൂക്ഷ്മമായി അറിഞ്ഞു് ഇഷ്ടികാലവിധികളും അനുഷ്ഠിക്കപ്പെടണമെങ്കിൽ അതിനു് സൂക്ഷ്മഗണിതമല്ലാതെ മാർഗപാധികളും ഒന്നും ഉള്ളതായിത്തോന്നുന്നില്ല.

''ഏതദേവ ഉപോദ്ബലയതി ശ്രുതിഃ യസ്മിന്നഹനി പുരസ്താൽ പശ്ചാൽ സോമോ ന ദൃശ്യതേ തദഹർജ്ഞേത. ചന്ദ്രദർശനോപേതായാം ശുക്ലപ്രതിപദി യാഗാനുഷ്ഠാനേ പ്രായശ്ചിത്തമാഹ കാത്യായനഃ

യങ്കനീയേഹനി സോമശേഷദഹനസ്യാംദിശി ദൃശ്യതേ
തത്ര വ്യംഗ്യതിരിക്തതാ ദഹനം ദ്യോതിജ്ഞതയഃ''

തൈത്തരീയബ്രാഹ്മണത്തിൽ, കൃത്തികാസ്വഗ്നിമാദധീത. സപുനർവസോരഗ്നിമാദധീത. സ ഉത്തരേ യോ ഫാൽഗുന്യോരഗ്നിമാദധീത'' ഭാഷ്യത്തിൽ ''കൃത്തികാനക്ഷത്രേ ചന്ദ്രേസ്ഥിതേ പുനർവസു നക്ഷത്രയോഃ ചന്ദ്രേ സ്ഥിതേ'' ഇങ്ങനെയുള്ള അത്ഥർങ്ങളെ എടുത്തുകാണിച്ചിരിക്കുന്നു. പുതിയ ഗണിതപ്രകാരം ഭരണിയോ ഭരണിയോ ആയിരിക്കുമ്പോൾ പഴയ പരഹിതപദ്ധതിപ്രകാരം കാർത്തികയാണെന്ന് കണക്കാക്കി കർമ്മങ്ങൾ ചെയ്താൽ അഗ്ന്യാധാനഫലം ഉണ്ടാകുന്നതല്ലെന്നും, പ്രകൃത അനാവശ്യമായല്ലാതെ കലാശിക്കുവാൻ തരമില്ലെന്നും അനുകൂതസിദ്ധമാണല്ലോ? ഇങ്ങനെയുള്ള വചനങ്ങൾ സുലഭങ്ങളാകയാൽ ഇനിയുമിവിടെ അധികം വിസ്തരിക്കുന്നില്ല.

ശ്രുതിസ്മൃതിവചനങ്ങളേയും പൂർവാചാര്യന്മാരുടെ അഭിപ്രായങ്ങളേയും പുറന്തള്ളിക്കൊണ്ടും പ്രത്യക്ഷസിദ്ധാന്തങ്ങളേയും പ്രമാണങ്ങളേയും അവഗണിച്ചുകൊണ്ടും ചിലരെല്ലാം ഇന്നും പഴയ പദ്ധതികളോടുള്ള പ്രതിപത്തിയുടെ പ്രവൃത്തിതന്നെ കാട്ടുന്നു. വാസ്തവത്തിൽ പരഹിതഗണിതംതന്നെ എന്താണെന്നുകൂടി അല്പം പറയേണ്ടിയിരിക്കുന്നു. ആർഷസിദ്ധാന്തങ്ങളെല്ലാം കാലാതിപാതത്താൽ വ്യതിചലിച്ചു. അതിനാൽ കലിവർഷം 3601-ൽ ആര്യഭടൻ ആര്യഭടീയത്തെ അവതരിപ്പിച്ചു. ആ പദ്ധതിക്കും വൃത്യാസം വന്നപ്പോൾ കലിവർഷം 3785-ൽ ആര്യഭടീയഭാഗണങ്ങളിൽ ശകാബ്ദസംസ്കാരമെന്നറിയപ്പെടുന്ന പല സംസ്കാരങ്ങളും സൃഷ്ടിച്ച് ഉണ്ടാക്കിയിട്ടുള്ളതാണ് പരഹിതഗണിതം.

''ദൃഗ്ഗണിതൈക്യവശാത്തമഹാസ്ഫുടമിതേ കലൗബ്ദകേ നിശ്ചിത–
സ്സംസ്കാരോവിധിരൈശ്വരഃ പരഹിതതഃ തേഷു വീതേക്ഷയം''

എന്ന് ശങ്കരാചാര്യചരിത്രത്തിലും സദ്രത്നമാലയിലും കാണുന്നതാണ് മേൽപ്രസ്താവിച്ചതിന് പ്രമാണം. ഈ പരഹിതഗണിതത്തിനും ശൈഥില്യം സംഭവിച്ചുപോയ കാലത്ത് ശകവർഷം 1353-ൽ പരമേശ്വരൻനമ്പൂതിരി ഇന്നത്തെ ദൃഗ്ഗണിതം ഉണ്ടാക്കി പ്രസിദ്ധംചെയ്തു. ആ പദ്ധതിക്കും കാലാതൃയത്താൽ വ്യത്യാസം വന്നതുകൊണ്ടാണ് കേതകീഗ്രഹഗണിതം, ഗണിതനിർണ്ണയം, നിത്യപഞ്ചാംഗഗണിതം മുതലായവ പ്രസിദ്ധീകരിക്കേണ്ടിവന്നിട്ടുള്ളത്. ഇപ്പോൾ ഇതിന്റെ സ്വഭാവം സാമാന്യം വ്യക്തമായി എന്ന് വിശ്വസിക്കുന്നു.

ഇന്ന് ഗണിതഭാഗവും അതിന്റെ യുക്തികളും മനസ്സിലാക്കുന്നവരും അതിനുവേണ്ടി യത്നിക്കുന്നവരും വളരെ വിരളമാകുന്നു. അങ്ങിനെയുള്ളവർ ഉണ്ടെങ്കിൽ ഞങ്ങളും അവരെ ആത്മാർത്ഥമായി അനുമോദിക്കുന്നു. ഇന്നത്തെ ജ്യോതിഷികളും അധികംപേരും സംഘ്ശതവരുടികൾമാത്രംപജീവികളാണെന്നുള്ളതിന് സംശയമില്ല. ''ആധുനികാഃ ജ്യൗതിഷിണഃ ഫലമാത്രൈകജീവിനഃ'' എന്നുള്ള വിശാലമായ ആക്ഷേപത്തിൽ എത്രമാത്രം സാധുത്വമുണ്ടെന്നുള്ളത് സംശയനീയമായിരുന്നാലും കേരളീയരസംബന്ധിച്ചിടത്തോളം ഒരു പരമാർത്ഥത്തിന്റെ കണിക അതിലുണ്ടെന്ന പറയേണ്ടിയിരിക്കുന്നു. കുറംപറയുവാനും കുതിരകയറുവാനും കുറിക്കളെപ്പോലെ കുത്തിയിരിക്കുന്നവരും ഇന്ന് സർവസാധാരണമായിത്തീർന്നിരിക്കുന്നു. ഇന്നും ഇതുവിധത്തിൽ ചിലരെല്ലാം കുറവും കുറവും പറഞ്ഞുകൊണ്ട് പഴയ പരഹിതവും ദൃക്കുതന്നെ പഞ്ചാംഗഗണിതത്തിന് ഉപയോഗിച്ചുവരുന്നു. ''നപുംസകമിതിജ്ഞാതാ താപം പ്രതിപ്രേക്ഷിതുമനുഷ്ഠിതമൈവരമതേഹതാപാണിനിനാവയം'' എന്ന് പാണിനി പാഠിച്ചുതായി പാഞ്ഞു വിലപിച്ചുവെന്നപ്പോലെയാണ് പല പഞ്ചാംഗക്കാരും പാഠിക്കുന്നതു്. ഇതുവൈകിയ വേളയിലെങ്കിലും എല്ലാവരുടേയും ഐകൃത്തിനും ഏകപദ്ധതിപ്രകാരമുള്ള പഞ്ചാംഗപ്രസിദ്ധീകരണങ്ങൾക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളുന്നു. ''യാചകാഃ ഗണകാഃ വൈദ്യാഃ സാരമേയാശ്ചകർഷകാഃ ദുഷ്ടമർത്തൃനകപ്പന്തി ന ജനേ തസ്യകാരണം'' എന്നുള്ളതിനെ അനാർത്ഥം അർത്ഥമെന്നുള്ള അഭിപ്രായവും അപേക്ഷയുംമാത്രമേ എനിക്കുള്ളൂ.

VII

പ്രകൃതവും പുതിയപതിപ്പുമായ പ്രസ്തുത പുസ്തകത്തെപ്പറ്റിക്കൂടി അല്പം ചിലതെല്ലാം ഇനി ഇവിടെ പ്രസ്താവിക്കാം. യുക്തിക്കും സൂക്ഷ്മതയ്ക്കും ലവലേശം ഭംഗം വരാതിരിക്കുവാൻ ഇതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഇതിലെ ക്രിയാക്രമങ്ങൾ അനുസരിച്ച് പഴയ പതിവുപോലെ, ക, ട, പ, യാദ്യക്ഷരങ്ങൾക്ക് സംഖ്യകൾ കണക്കാക്കി വാക്യങ്ങളും മുതലായവയുണ്ടാക്കുകയെന്നതു് വലിയ വൈഷമ്യമുള്ള വിഷയമാകുന്നു. ഓരോ ക്രിയകൾക്കും പദങ്ങളും പദ്യങ്ങളും സ്വീകരിച്ച് വളർത്തുകയാണ് ഇതിനുമുള്ള സംഗതിയാണെന്നുള്ളതിൽ സംശയമില്ല. എന്നുതന്നെയല്ല; ദശാംശചിഹ്നങ്ങൾക്കോ ക്രിയകൾക്കോ ഒന്നും നിർദ്ദിഷ്ടസംജ്ഞകളും നിർദ്ദേശിച്ചിട്ടുമില്ല. ഇന്നത്തെ ഗണിതവിദ്യാർത്ഥികളുടെ മനം പഠിക്കുന്നതും ഉരുവിട്ട് തേച്ചുമിനുക്കുകയോ പഠിക്കുകയോ ചെയ്യാതെ അതിനെല്ലാം കേന്ദ്രകങ്ങളേയും വിവരണങ്ങളേയുമാണ് സ്വീകരിച്ചുകാണുന്നതു്. മറുചില ഗണിതഗ്രന്ഥങ്ങളിൽ കാണുന്ന പദ്യങ്ങളിലെ, വ്യംഗ്യമായ അർത്ഥങ്ങളെ വ്യക്തീകരിക്കുന്നു

തിനുവേണ്ടി ചെയ്തിരിക്കുന്ന ക്ലേശങ്ങളും, ക്രമക്കേടുകളും, പദ്യങ്ങളിൽ വരുത്തിക്കൂട്ടിയിരിക്കുന്ന വിരളമായ പദപ്രയോഗങ്ങളും വൈഷമ്യമേറിയ സന്ധികളും സമാസങ്ങളും ചേർത്തിരിക്കുന്നതു് കാണുമ്പോൾ ഇന്നത്തെ വിദ്യാർത്ഥികൾക്കു വെറുപ്പുണ്ടായേക്കും. മാത്രമല്ല, അല്പമറിവിട്ടു പഠിക്കാത്ത സ്ഥിതിക്കു് ആ പ്രയത്നം പ്രയോജനരഹിതവുമാണല്ലോ?

പദങ്ങളെ നീരക്ഷീരന്യായേന ശ്രുതിഗ്രഹണരീതിയിൽ പരസ്പരം ഘടിപ്പിക്കുന്നതുകൊണ്ടുള്ള സുഖവും സുഗമതയും ഗണിതശാസ്ത്രഗ്രന്ഥങ്ങളിൽ ഗണിതനിഷ്പത്തിയിലല്പംപോലും കാണുന്നില്ല. അതിന്റെ സ്വഭാവം അനിവാര്യവും ആകുന്നു. എങ്ങിനെയെന്നാൽ പഞ്ചസാര മധുരിക്കുന്നതു് അനുഭവസിദ്ധം ആണെങ്കിലും എന്തുകൊണ്ടു് മധുരിക്കുന്നുവെന്നും സംഗീതം ശ്രുതി സഹിതമാണെങ്കിലും അതിലെ സ്വരതാളലയാദി നാദസമുച്ചയം എന്തുകൊണ്ടു് ശ്രവണേന്ദ്രിയരസകരമായിരിക്കുന്നു എന്നും പറയുന്നതിനു നിവൃത്തിയില്ലാത്തതുപോലെയാകുന്നു. മറവിലൂടെ ഗ്രന്ഥങ്ങളിൽ കാണുന്ന പദ്യങ്ങൾക്കും അവയുടെ ഭാഗങ്ങൾക്കും തമ്മിൽ അന്യോന്യം സംബന്ധമില്ലാതെ വന്ന സംഗതി എന്നെ വല്ലാതെ വേദനിപ്പിച്ചു. അതുകൊണ്ടാണു് ഇതിൽ പദ്യങ്ങളും വേണ്ടെണ്ണം വിവരണങ്ങളും മതിയെന്നും വിചാരിപ്പാൻ കാരണം. പണ്ഡിത സർവ്വഭൂമനായ ഗണിതനിഷ്പന്നയ്കത്തിനും അദ്ദേഹത്തിന്റെ ഗണിതനിഷ്പന്നയത്തിലും ഈവക അസ്വരസങ്ങൾ ബാധിച്ചിട്ടില്ലെന്നു് ബോദ്ധ്യം വരുന്നതിലേയ്ക്കു് അതിലെ കാരേ പദ്യങ്ങളും മനസ്സിരുത്തി മനസ്സിലാക്കിയാൽ മതിയാകും. അദ്ദേഹത്തിന്റെ ഈ സാർവ്വഭൗമസ്ഥാനം ആക്കം അതു ഏതുപ്രകാരത്തിൽ വർദ്ധിപ്പിച്ചു എന്നു വിചാരിപ്പാനും തരംകാണുന്നില്ല. അതിനു് വല്ലവരും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അവരുടെ ഇച്ഛയും അതു സാദ്ധ്യമല്ലെന്നു തീർത്തുപറയാവുന്നതാണു്. ഗണിതനിഷ്പന്നയം, ജ്യോതിർഗ്ഗണിതഗ്രന്ഥങ്ങൾക്കു് വിലയേറിയ ഒരു ഭാഷ്യമാണെന്നുള്ള അഭിപ്രായത്തെ വീണ്ടും പറഞ്ഞുകൊണ്ടു് പ്രസംഗത്തെ പ്രസംഗമായ ഈ ഭാഗത്തെ ഇവിടെ അവസാനിപ്പിക്കുന്നു.

ഇതിൽ എല്ലാ ക്രിയകളുടെയും ഉപപത്തിക്കും വളരെ ഉദാഹരണങ്ങളും ചേർത്താൽ കൊള്ളാമെന്നു് ആദ്യം ഉദ്ദേശം ഉണ്ടായിരുന്നു എങ്കിലും അതിനു സമഗ്രസന്ദർഭവും സിദ്ധിക്കാഞ്ഞതിൽ സഹതപിക്കുന്നു. ലളിതവും വിശാലവുമായ വിവരണം ഉള്ള നിലയ്ക്കു് വളരെ ഉദാഹരണങ്ങളും ഉൾപ്പെടുത്തേണ്ട ആവശ്യമില്ലെന്നും തോന്നിയിട്ടുണ്ടു്. എങ്കിലും ഏറ്റവും പ്രയാസമുള്ള എല്ലാ ക്രിയകൾക്കും ഉദാഹരണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടു്. അധികം ഉദാഹരണങ്ങളും ക്രമായ ശ്രേഢിഗോന്നതി മുതലായവയുടെ ക്രിയകളിൽകൂടി ചേർത്താൽ ഗ്രന്ഥം വളരെ വിസ്തരവും വില വളരെ വർദ്ധമാനവുമാകുമെന്നുള്ള ഭയവും എന്നെ ഉദാസീനതയിലേയ്ക്കു വലിച്ചിഴയ്ക്കുന്നതിനുണ്ടായിട്ടില്ല. പുസ്തകവും വസ്തുതകളും വളരെ വലുതും വില തുച്ഛവുമായിൽ തന്നെ ഗണിതശാസ്ത്രഗ്രന്ഥങ്ങൾക്കു് ഗണ്യമായ ഗണനകളും മൂല്യം ഉണ്ടാകാത്ത ആധുനികകാലത്തു് എന്റെ ഈ പരിശ്രമം പരിഹാസാർഹമാകാതെ ആക്കിലും തെല്ലുപകാരമാകുമെങ്കിൽ ഞാൻ കൃതകൃത്യനും കൃതാർത്ഥനും ആയി എന്നു പറയാം. എന്റെ അനതിചിരകാലത്തെ അനല്പവും അയംസഭരവുമായ പരിശ്രമസിദ്ധഫലങ്ങളും പലപ്രകാരത്തിൽ ഇതിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ടു്. "യുക്തിയുക്തം വചോഗ്രഹ്യം ബാലാദപി ശുകാദപി" എന്നുണ്ടല്ലോ? ഇതിലെ ക്രിയകളെല്ലാം പലപ്രാവശ്യം പരിശോധിച്ചും പഠിച്ചും പഠിപ്പിച്ചും പ്രയോഗികമായി പലകൊല്ലങ്ങളിലെ പഞ്ചാംഗം ഗണിച്ചും തെല്ലും തെറ്റില്ലെന്ന നല്ല ബോദ്ധ്യം വന്നിട്ടുണ്ടു്. ഇതനുസരിച്ചാണു് ഇപ്പോൾ പ്രത്യക്ഷമുള്ള പഞ്ചാംഗങ്ങളും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നതു്.

ഇങ്ങനെയൊരു പുസ്തകത്തെ ആവിർഭവിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി, എന്റെ അഭിവന്ദ്യ ഗുരുനാഥനായ ബ്രഹ്മശ്രീ പുരുഷോത്തമൻനമ്പൂതിരി അവർകളും പിഷ്ടപേഷണന്യായേന പലപ്രാവശ്യം പറഞ്ഞിട്ടുള്ളതും നിവൃത്തിയുള്ളേടത്തു് പ്രവൃത്തിരൂപത്തിൽ ഉത്സാഹിച്ചിട്ടുള്ളതുമാകുന്നു. അതുപോലെതന്നെ ശീഘ്രസ്പുഷ്ടീകരണാദിക്രിയകളും ചെയ്തുകഴിഞ്ഞു് കാണിച്ചിട്ടുള്ള സന്ദർഭങ്ങളിൽ പല കാര്യങ്ങളും പറഞ്ഞുതന്നും തെറ്റുള്ളവ തിരുത്തിയും യുക്തികളും പറഞ്ഞു മനസ്സിലാക്കിയും പുസ്തകം പെട്ടെന്നു പ്രസിദ്ധീകരിക്കുന്നതിനു് അനുകമ്പാമസൃണമായ അനുഗ്രഹവും ആശീർവ്വാദവും തന്ന ജ്യോതിശ്ശാസ്ത്രപാരാവാരപാരംഗതനും ഗണിതശാസ്ത്രധർമ്മജ്ഞനിയുമായ ഗണിതവിദ്വന്മണിയുടെ ആശംസകളും എനിക്കു് ആനന്ദനിഷേവിതങ്ങളാകുന്നു.

ഈ പുസ്തകത്തിന്റെ രൂപീകരണത്തിൽ, സ്വകാര്യങ്ങളേയും സ്വധർമ്മങ്ങളേയും ഉപേക്ഷിച്ചു് വളരെ അധികം ഉത്സാഹിച്ചിട്ടുള്ള ജ്യോതിർഗ്ഗണിതപണ്ഡിതനും സർവ്വസമ്മതനും സൗമ്യതയാഗുണിയും പ്രസ്തുത പുസ്തകപരിശോധകനുമായ, പി. യു. കൃഷ്ണവാര്യർ (M. sc.) അവർകളുടെ മഹത്വപൂർണ്ണമാഹാത്മ്യവുമുള്ള അഭിപ്രായങ്ങളും ഉപദേശങ്ങളുമാണു് ഇതിന് ഉപോൽബലകമായിത്തീർന്നിട്ടുള്ളതു്. ഓരോ ക്രിയകളും ചെയ്തുകഴിഞ്ഞു കാണിച്ചിട്ടുള്ള സന്ദർഭങ്ങളിൽ മാഗദർശകനായിത്തന്നെയിരുന്നു് അതെല്ലാം ആദ്യന്തം പരിശോധിക്കുകയും, സംശയങ്ങൾ തീർത്തുതന്നിട്ടുണ്ടെന്നുമുള്ള സംഗതി എന്റെ ഉത്സാഹത്തെ ഉദ്ദീപിപ്പിക്കുന്നതിനും ഉന്മേഷം ഉണ്ടാക്കുന്നതിനും വളരെ ഉപകരിച്ചിട്ടുണ്ടു്. ഈ, രണ്ടു ഗുരുനാഥന്മാരോടും എനിക്കുള്ള അനല്പവും അകൈതവുമായ കേതിബദ്ധമാനാദികളും നന്ദിയും കേവലം കൃതജ്ഞതാപ്രകടനമാത്രംകൊണ്ടു് തീർക്കുന്നതല്ല. ഈ മഹത്ശക്തികൾക്കു് പ്രപഞ്ചശക്തി പ്രശാന്തിയെ പ്രദാനംചെയ്യട്ടേയെന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

ഏതാണ്ടു് ഏഴുവർഷക്കാലമായി ദോഗ്ദ്ധാദികർത്തൃങ്ങളെപ്പോലും തുണവയ്ക്കാതെയും, ആഹാരനിദ്രാദികളെപ്പോലും അവശ്യം അകാലത്തിങ്കൽ ചെയ്യാതെയും ചിലപ്പോൾ ചെയ്യാതെയുമുള്ള അവിശ്രമപരിശ്ര

മത്തിന്റെ ഫലമായിട്ടാണ് ഈ പുസ്തകം വേണ്ടവിധത്തിൽ വിരചിക്കുവാൻ എനിക്കു സാധിച്ചിട്ടുള്ളതു്. ധനപരമായ ക്ഷീണവും അനന്യസഹായവും ആവശ്യമുള്ള മാറു സാഹചര്യങ്ങളുടെ അഭാവവും എന്നെ ഈ കാര്യത്തിൽ നിന്നു വിമുഖനാക്കി പിൻതിരിപ്പിക്കുവാൻ പരികരം ബന്ധിച്ചുനടന്നു. അവിടെയെല്ലാം "നിയതം കുരു കർമ്മത്വം" എന്ന ഭഗവദ്വചനമാണ് എന്നെ ഉത്സാഹരിതനാക്കിത്തീർത്തിട്ടുള്ളതു്.

സഹകാരികളുടേയുംമറും ഏതുരീതിലും അസൂയാലുക്കളുടെ അതൃപ്തിയും ഈ പുസ്തകത്തെ അച്ചടിയുടെ വിൻറെ ഗ്രഹണത്തിൽനിന്നു് മോചിപ്പിക്കുന്നതിനു് വളരെവിഷമിച്ചുഎന്നു് സങ്കടത്തോടുകൂടി പറയാതിരിപ്പാൻ തരമില്ല. ഇവരുടെനിയന്ത്രണതന്ത്രങ്ങളും ഉൽമന്ത്രതന്ത്രവ്യവസായവും നിരപരാധിയായ എന്നിലുള്ള ദോഷാരോപണങ്ങളും നിയതി നിശ്ചയമായും സഹിക്കുകയില്ല. "ജനോഹിയഃ കർമ്മകരോതിയദ്ദേശം സസർവ്വഥാതദ്ദേശമശ്നുതേഫലം" എന്നുണ്ടെങ്കിലും ഈശ്വര! അങ്ങയോടിവർ ചെയ്യുന്നഅപരാധങ്ങൾക്കും അവിടുന്നു മാപ്പുനൽകി അവർക്കും സൽബുദ്ധിയും സൗശീല്യവും പ്രദാനംചെയ്യണമേഎന്നു് പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളുന്നു. "സഖ്യവും വിവാഹവും വ്യവഹാരവും തുല്യരിലാണുണ്ടാകേണ്ടതു്" എന്നുള്ള വിദുരവചനമാണ് വായനക്കാർ ഓർമ്മിക്കുന്നതു്. എന്റെ എളിയ ബുദ്ധിയിലെ ചെറിയകഴിവുകൊണ്ടു നിർമ്മിച്ച ഈ പുസ്തകം വിദ്വജ്ജനങ്ങളുടെ സ്ഥാനത്തു് ലബ്ധപ്രതിഷ്ഠിതരായവരുടെ പാദങ്ങളിൽ സമർപ്പിക്കുമ്പോൾ ഇതേക്കാൾവലുള്ള എന്റെ കൃതാർത്ഥതയും അവർണ്ണനീയം. "ക്രൂപം തടാകമുദ്യാനം മണ്ഡപം ചപ്രപാംസുഥാ സൽഗ്രന്ഥകരണം ചേതിസന്താനം സപ്തഥാസ്മൃതം' എന്നുള്ളതിലെ സൽഗ്രന്ഥസന്താനവും ഇവിടെയും അവിടെയും എവിടെയും സുഖസന്ദായകമാണെന്നുള്ളതും മറികിടപ്പിടിച്ചുകൊണ്ടുമാത്രം ഇപ്പോഴെങ്കിലും ഇതു് ഇത്രമാത്രം സാധിച്ചുവെന്നേയുള്ളൂ. ഏതായാലും സ്വധർമ്മകർമ്മങ്ങളിൽനിന്നു ഭ്രംശിക്കാതെ കർമ്മസാക്ഷിയുടെ കാരുണ്യംകൊണ്ടു് ഇതുയുമൊക്കെയായിഎന്നു പാടുപെട്ടാൽകഴിഞ്ഞതല്ലോ? കാലം, കലിയും കഥകംകാപട്യനാടുവും കലാപങ്ങളുമാണല്ലോ? ഈശ്വരാരക്ഷതു. പ്രസാധകനും പ്രകാശകന്മാരും വളരെ കഷ്ടനഷ്ടങ്ങൾസഹിച്ചും ക്ഷമിച്ചും പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം ജ്യോതിശ്ശാസ്ത്രനാടകമെന്നവലത്തിൽ അഭംഗമായിവിലസുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രസംഗത്തെ ഇപ്പോൾ ഇവിടെ ഉപസംഹരിക്കുന്നു.

എന്നാൽ ഇതിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുള്ളവരുടെ പേരുകളെങ്കിലും പറയാതെ ഈ പ്രസംഗത്തെഅവസാനിപ്പിച്ചാൽ അതു് കേവലം അനുചിതമെന്നേ വരികയുള്ളൂ. ക്രിയകൾ ചെയ്യുന്നതിലുംമാറും അകമഴിഞ്ഞും ആത്മാർത്ഥതയോടും സഹകരിച്ച ശ്രീപിനാഥവാര്യർ (വിദ്വാൻ) അവർകളോടും പ്രൂഫുതിരുത്തുന്നതിനുംമറും സഹായിച്ചമിസ്റ്റർ, വാസുദേവൻപിള്ളഅവർകളോടും ഉള്ള അകളങ്കമായ കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

അതുപോലെ ആരംഭശൂരത്വംകൊണ്ടുമാത്രം തുപ്പിപ്പെട്ടുന്ന ആരും ഏറെറടുക്കാത്ത പ്രസ്തുത പുസ്തകത്തിന്റെ ഭാരിച്ചഅച്ചടിജോലി ഏറെറടുത്തു് പുസ്തകംപ്രസിദ്ധീകരിക്കുന്നവരും പ്രസിദ്ധീകരണാദികൾക്കുംകൊണ്ടും മറും എന്നെ എപ്പോഴും സഹായിച്ചുവരുന്നവരുമായ ശ്രീരാമവിലാസംപ്രസ്സ് (മലയാളരാജ്യം) അധികൃതരോടും വിശിഷ്യ എൻ. ചന്ദ്രശേഖരൻനായർഅവർകളോടും എനിക്കുള്ള അമേയവും അമായവുമായ കൃതജ്ഞതയും ഇവിടെ ഇപ്പോൾ പ്രദർശിപ്പിച്ചുകൊള്ളുന്നു.

ഇതിൽ, എന്റെ അപാണ്ഡിത്യമോ, അജ്ഞതയുമോ അപ്രജ്ഞതയുമോ അനവധാനതയോ നിമിത്തം എന്തെങ്കിലും സ്ഖലിതങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ സഹൃദയന്മാർ ആയകുറ്റങ്ങളെ എനിക്കു് ചൂണ്ടിക്കാണിച്ചുതരുവാൻ പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇങ്ങനെയുള്ള ഒരു ഗ്രന്ഥത്തിൽ തൊറുവരുന്നെങ്കിൽ അതിശയത്തിനു് അവകാശമില്ല. തെറുകൂടാതെ വരുതിരിക്കുന്നുഎങ്കിൽ അതിൽമാത്രമേ അതിശയിക്കേണ്ട ആവശ്യമുള്ളൂ. അവിടെ അങ്ങിനെസംഭവിക്കുന്നപക്ഷം, അനേകം വേലസംന്നിധ്യത്തിലും ക്ഷീരപ്രേതപിശാചാദികൾ വർത്തിച്ചുപോരുന്നതിനു തുല്യം എന്നോവിചാരിക്കുന്നതുള്ളൂ. ജ്യോതിഷത്തിനു കേളികേട്ടകേരളത്തിൽ കേരളീയ ജ്യോതിഷികളുടെ ഉപയോഗത്തെഉദ്ദേശിച്ചു് ഉണ്ടാക്കിയ ഈ ഗ്രന്ഥത്തിനു് ഭാരതമൊട്ടുക്ക പ്രചുരപ്രചാരമുണ്ടാകുന്നതിനു് സഹൃദയന്മാരായ എല്ലാപേരുടേയും സഹായസഹകരണങ്ങളെ സാദരം അഭ്യർത്ഥിച്ചുകൊണ്ടും, ഇഷ്ടദേവതൻറെയും ഗുരുപരമഗുരുക്കന്മാരുടെയും പാദപങ്കജങ്ങളെ കേതിപൂർസ്സരം വന്ദിച്ചുകൊണ്ടും, ആമുഖത്തെഅവസാനിപ്പിച്ചു് ഈ ഗണിതഗ്രന്ഥത്തെ സജ്ജനസമക്ഷത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

എന്നു് സജ്ജനവിധേയൻ,

പാണ്ടനാട്ടിൽ പി. ആർ. ഗോപാലവാര്യർ

പാണ്ടനാട്, ചെങ്ങന്നൂർ
7-7-1129.

പാണ്ടനാട് P. O., ചെങ്ങന്നൂർ.

ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള അടയാളങ്ങളുടെ പൂർണ്ണ വിവരണങ്ങൾ

S ° ′ ″ ഇതുകൾക്കു ക്രമേണ, രാശി, ഭാഗ, കല, വികല എന്നർത്ഥമാകുന്നു.

+ കൂട്ടുക (ധനം) — കുറയ്ക്കുക (ഋണം) × ഗുണിക്കുക (ഗുണനചിഹ്നം)

. ഇതു് ദശാംശചിഹ്നമാകുന്നു.

ലോഗ്രിതം (ഘാതാങ്കം) ഉപയോഗിച്ചു് ഗുണനഹരണങ്ങൾ ചെയ്യാൻ

1-നു്	Log	= 0
10-നു്	,,	= 1
100-നു്	,,	= 2
1000-നു്	,,	= 3
10000-നു്	,,	= 4

ഇങ്ങനെ ലോഗ്രിതത്തിന്റെ കണക്കറിഞ്ഞിരിക്കണം. ഇതുപോലെ ഓരോ സ്ഥാനം കൂടുതോറും 5–6–എന്നീ ക്രമത്തിനു വർദ്ധിക്കും.

അഭീഷ്ടസംഖ്യകളുടെ ലോഗ്രിതങ്ങൾ (ഘാതാങ്കങ്ങൾ) തന്നിച്ചുകൂട്ടി വിപരീതഘാതാങ്കം കണ്ടാൽ ഗുണനഫലം ലഭിക്കും. അഥവാ കൂട്ടിക്കിട്ടുന്നതു് ഏതിന്റെ ലോഗ്രിതമാണെന്നു നോക്കുക. അതു് ഗുണനഫലമായിരിക്കും. ഇതുപോലെ അഭീഷ്ടസംഖ്യയുടെ ഘാതാങ്കത്തിൽനിന്നു് ഹാരകസംഖ്യയുടെ ഘാതാങ്കം കുറച്ചു് വിപരീതഘാതാങ്കം കണ്ടാൽ ഹരണഫലം ലഭിക്കും. ഇവിടെയും ചാപീകരണരീതി ഉപയോഗിക്കാം.

വർഗ്ഗിക്കുന്നതിനു്

ഇഷ്ടസംഖ്യയുടെ ഘാതാങ്കത്തെ (ലോഗ്രിതം) ഇരട്ടിച്ചു് വിപരീതഘാതാങ്കം കണ്ടാൽ വർഗ്ഗഫലം ലഭിക്കും.

മൂലിക്കുന്നതിനു്

അഭീഷ്ടസംഖ്യയുടെ ഘാതാങ്കത്തെ രണ്ടുകൊണ്ടു് ഹരിച്ചു് (അർദ്ധിച്ചു്) വിപരീതഘാതാങ്കംകണ്ടാൽ മൂലിച്ചാൽ കിട്ടുന്ന ഫലംതന്നെ കിട്ടുന്നതാണെന്നും അറിഞ്ഞുകൊള്ളണം.

ഇതുപോലെ ഗുണനഹരണങ്ങൾ വേണ്ടിവരുന്ന സ്ഥാനങ്ങളിലെല്ലാം ലോഗ്രിതം ഉപയോഗിക്കാം. പക്ഷേ വലിയ ടേബിൾ (SEVEN-FIGURE, TABLES) ആയിരിക്കേണ്ടതാണു്. അല്ലെങ്കിൽ സൂക്ഷ്മതയുണ്ടായിരിക്കുന്നതല്ല.

എന്നു്,

പി. ആർ. ഗോപാലവാര്യർ.

(പാണ്ടനാട്ടു്)

നിത്യപഞ്ചാംഗഗണിതം

ഹരിഃ ശ്രീഗണപതയെനമഃ അവിഘ്നമസ്തു.

മംഗളാചരണം

ശ്രീകാന്തസിന്ധുരഹരേക്ഷണദീപ്തിമന്തം
ജ്യോതിർവിഭാമസുമതാം കുലദൈവതഞ്ച
പാദാബ്ജഭക്തസുരഭ്രുരുഹമാശ്രയേഹം
വേദാന്ത്യവിഗ്രഹമഹസ്കരമബ്ജബന്ധും.

ക്ഷോണീസുധാശകലശാങ്കികലേശമാഢ്യം
ശാസ്ത്രാന്ത്യവീക്ഷണവിചക്ഷണമാഗമജ്ഞം
വ്യാഖ്യാലയസ്ഥഗുരുഹൃത്തിഗുഹാധിനാഥ-
മാരാധയേ ഗുരുവരം കരുണാപയോധിം.

യോ ഭാതി പാരശവപാർശവവരാഗ്രഗണ്യഃ
സംഖ്യാശതാബ്ദിഗുരുഭംഗവിഹാരലോലഃ
തം ഭാവയാമി ഭവുകപ്രമുഖാഭിപൂജ്യം
കൃഷ്ണം സദാ ഗണിതശാസ്ത്രസുബോധനായ.

വന്ദ്യാൻ ഗുരുനപി നിജാൻ പ്രണിപത്യ നിത്യ-
മന്ദ്യാൻ കൃതീനിഹ കൃപാബലജാതബോധഃ
കുർവ്വന്നിദം സകലലോകഹിതായ സന്ത-
സ്സമ്യഗ് സമീക്ഷ്യ സകലം പരിശോധയന്തു.

അദ്ധ്യായം = ൧. ചന്ദ്രഗണിതാദ്ധ്യായം

കോഷ്ഠകം = ൧

(ച: മ: കേ) g = ചന്ദ്രമധ്യമം — ചന്ദ്രമന്ദോച്ചം

(തിഥി) D = ചന്ദ്രമധ്യമം — രവിമധ്യമം

(ര: മ: കേ) g′ = രവിമധ്യമം — രവിമന്ദോച്ചം

(വ്യതീപാത) F = ചന്ദ്രമധ്യമം — രാഹു

ബ്രഹ്മണിന്റെ ചന്ദ്രസംസ്കാരങ്ങൾ

ക്രമ നമ്പർ	കേന്ദ്രഘടന	വാക്യങ്ങളുടെ എണ്ണം	പരമഫലഘാതാങ്കം	സ്ഫീകൃതസ്ഥിര രാശിവികല	പരമഫലം വികല	മേഷാദി ധന ക്ഷയ
1	g	248	4·3548668	23480 (6°-31′-20″)	22639″·5	—
2	2 g		2·8859263		769″·0	+
3	3 g		1·5575		36″·1	—
4	4 g		0·2788		1″·9	+
5	2 D − 2 g	509	3·6614719	4620 (1°-17-0″)	4586″·4	—
6	4 D − 2 g		1·4886		30′·8	+
7	D	502	2·0976043	2520 (0°-42′-0″)	125″·2	—
8	2 D		3·3747300		2369″·9	+
9	4 D		1·0294		10″·7	+
10	g′	366	2·8248415	680 (11′-20″)	668″·1	+
11	2 g′		0·8633		7″·3	—
12	2 F	449	2·6144754	420 (0-7′-0)	411″·6	—
13	g − D	412	1·2480	240 (0-4′-0)	17″·7	—
14	2 g − 2 D		2·3257209		211″·7	—
15	2 D − g − g′	209	2·3138672	210 (0-3′-30″)	206″·0	+
16	2 D + g	125	2·2833012	200″ (0-3′-20)	192″·0	—
17	2 D − g′	277	2·2177471	170″ (0-2′-50)	165″·1	—
18	g − g′	149	2·1693805	150″	147″·7	+
19	g + g′	205	2·0402066	120″	109″·7	—
20	2 F − 2 D	174	1·74194	60″	55″·2	—
21	2 F + g	82	1·6542	50″	45″·1	+
22	2 F − g	215	1·5966	40″	39″·5	+
23	4 D − g	121	1·5843	40″	38″·4	—

സ്ഥിരരാശിവികലകൾ എല്ലാംകൂടി കൂട്ടിയാൽ = 33000″ (9° - 10′)

ആദ്യം കാണിച്ചിരിക്കുന്ന 23 സംസ്കാരങ്ങളിൽ, 1-ം 2-ം 3-ം 4-ം കേന്ദ്രങ്ങളെ ഏകീകരിച്ചും 5-ം 6-ം കേന്ദ്രങ്ങൾ ഒന്നാക്കിയും 7-ം 8-ം 9-ം കേന്ദ്രങ്ങൾ ഒന്നിച്ചും 10-ം 11-ം കേന്ദ്രങ്ങൾ തമ്മിൽ ചേർത്തും 13-ം 14-ം കേന്ദ്രങ്ങൾ യോജിപ്പിച്ചുമാണു് വാക്യങ്ങൾ ഉണ്ടാക്കിയിരിക്കുന്നതു്. ശേഷം കേന്ദ്രങ്ങൾ ഓരോന്നും പ്രത്യേകമാണെന്നു് ഓർത്തിരിക്കേണ്ടതാണു്. വാക്യമനുസരിച്ചു് ചന്ദ്രസ്ഫുടമുണ്ടാക്കുമ്പോൾ ഏകീകരിച്ചിട്ടുള്ള കേന്ദ്രങ്ങളുടെ ആദ്യത്തെ കേന്ദ്രഘടന അനുസരിച്ചും, ശേഷമുള്ള കേന്ദ്രങ്ങളിൽ അതാതിന്റെ കേന്ദ്രഘടന അനുസരിച്ചും അങ്ങിനെ ആകെ 15-കേന്ദ്രങ്ങളാണു് ഉണ്ടാക്കേണ്ടതെന്നും അറിഞ്ഞുകൊള്ളണം. ഇരുപത്തിമൂന്നുകേന്ദ്രങ്ങളുമുണ്ടാക്കി അതാതു കേന്ദ്രത്തിന്റെ ഭുജ്യാവിനെ അതാതിന്റെ പരമഫലംകൊണ്ടു ഗുണിച്ചു് ത്രിജ്യകൊണ്ടു് ഹരിച്ചാൽ കിട്ടുന്ന ഫലത്തെ തത്തൽകേന്ദ്രങ്ങളുടെ മേഷാദി ധനർണ്ണതയ്ക്കു് തക്കവണ്ണം ശുദ്ധ ചന്ദ്രമധ്യത്തിൽ സംസ്കരിച്ചാൽ ശുദ്ധചന്ദ്രസ്ഫുടം ലഭിക്കും ഇങ്ങനെ സിദ്ധിക്കുന്ന ചന്ദ്രസ്ഫുടവും മേൽ പറയാൻപോകുംപ്രകാരം വാക്യമുപയോഗിച്ചു് ക്രിയചെയ്തുകിട്ടുന്ന ചന്ദ്രസ്ഫുടവും ഒരുപോലെതന്നെ വരുന്നതാണു്.

കോഷ്ടകം = ൨

ചന്ദ്രവിക്ഷേപങ്ങൾ (കേതകർ)

ക്രമം	കേന്ദ്രഘടന	പരമഫലഷഷ്ഠാംശകം	പരമഫലം വികല	മേഷാദി ധനർണ്ണത
1) 1	F (ചന്ദ്രസ്ഫുടം - രാഹു)	4·1909477	18522″·0	ഉത്തരം —
2) a	2 D - F	2·72098	522″·6	ഉത്തരം —
3) b	F - g′	1·39093	24″·6	ഉത്തരം —
4) c	F+g′	1·36922	23″·4	ദക്ഷിണം +
5) d	2 D - F - g′	1·35793	22″·8	ദക്ഷിണം +
6) e	F+g′ - 2 D	1·64147	43″·8	ദക്ഷിണം +
7) f	2 g - F	1·39093	24″·6	ഉത്തരം —
8) g	2 D+g - F	1·48572	30″·6	ദക്ഷിണം +
9) h	F - g	1·33445	21″·6	ദക്ഷിണം +

ഈ വിക്ഷേപങ്ങൾ ധനുരുപത്തിലാക്കിയിട്ടില്ല. അതാതു കേന്ദ്രങ്ങളുടെ ഭുജാജ്യാവിനെ പരമഫലംകൊണ്ടു ഗുണിച്ചു് ത്രിജ്യകൊണ്ടു് ഹരിച്ചാൽ അതാതു കേന്ദ്രത്തിനനുസരിച്ചുള്ള വിക്ഷേപങ്ങൾ ലഭിക്കും.

കോഷ്ഠകം = ൩.

ചന്ദ്രവാക്യങ്ങൾ. ഉപകരണം = ഇഷ്ടകേന്ദ്രസംഖ്യ

സംഖ്യ	പ്രഥമ വാക്യങ്ങൾ			സംഖ്യ	പ്രഥമ വാക്യങ്ങൾ			സംഖ്യ	പ്രഥമ വാക്യങ്ങൾ			സംഖ്യ	പ്രഥമ വാക്യങ്ങൾ			സംഖ്യ	പ്രഥമ വാക്യങ്ങൾ		
	°	′	″		°	′	″		°	′	″		°	′	″		°	′	″
1	5	11	20	41	6	0	44	81	8	42	45	121	2	20	26	161	11	34	30
2	3	54	44	42	7	32	43	82	7	24	38	122	3	34	55	162	10	39	2
3	2	44	56	43	9	0	50	83	6	4	16	123	5	0	24	163	9	31	41
4	1	45	7	44	10	19	38	84	4	45	1	124	6	31	45	164	8	16	57
5	0	58	20	45	11	24	30	85	3	30	20	125	8	3	5	165	6	58	23
6	0	27	17	46	12	12	9	86	2	23	32	126	9	28	48	166	5	37	18
7	0	14	6	47	12	40	28	87	1	27	47	127	10	43	11	167	4	19	13
8	0	20	19	48	12	48	51	88	0	46	0	128	11	42	34	168	3	6	49
9	0	46	39	49	12	37	44	89	0	20	46	129	12	23	51	169	2	3	15
10	1	32	5	50	12	8	32	90	0	13	58	130	12	45	31	170	1	12	2
11	2	35	13	51	11	23	25	91	0	26	54	131	12	47	13	171	0	35	33
12	3	52	42	52	10	24	48	62	0	59	44	132	12	29	49	172	0	16	20
13	5	20	4	53	9	15	55	93	1	51	30	133	11	54	56	173	0	16	5
14	6	51	56	54	7	59	56	94	2	59	52	134	11	4	56	174	0	35	45
15	3	22	27	55	6	40	7	95	4	21	14	135	10	2	31	176	1	15	7
16	9	46	1	56	5	19	56	96	5	50	43	136	8	50	54	176	2	12	48
17	10	57	33	57	4	2	49	97	7	22	47	137	7	33	14	177	3	26	0
18	11	53	12	58	2	52	7	98	8	51	35	138	6	12	55	178	4	49	31
19	12	30	18	59	1	51	4	99	10	11	37	139	4	53	24	179	6	21	41
20	12	47	34	60	1	2	43	100	11	18	11	140	3	38	9	180	7	53	17
21	12	45	1	61	0	29	49	101	12	7	49	141	2	30	21	181	9	19	45
22	12	23	38	62	0	14	36	102	12	38	20	142	1	33	13	182	10	35	45
23	11	45	16	63	0	18	40	103	12	48	54	143	0	49	48	183	11	36	56
24	10	52	21	64	0	42	40	104	12	39	51	144	0	22	39	184	12	20	19
25	9	47	39	65	1	26	13	105	12	12	33	145	0	13	47	185	12	44	7
26	8	34	28	66	2	27	33	106	11	28	59	146	0	24	31	186	12	48	0
27	7	15	57	67	3	43	40	107	10	31	45	147	0	55	12	187	12	32	37
28	5	55	29	68	5	9	36	108	9	23	52	148	1	45	0	188	11	59	34
29	4	36	36	69	6	41	49	109	8	8	28	149	2	51	43	189	11	11	7
30	3	22	36	70	8	12	55	110	6	48	55	150	4	11	52	190	10	9	58
31	2	16	51	71	9	37	29	111	5	28	37	151	5	40	44	191	8	59	10
32	1	22	30	72	10	50	32	112	4	10	57	152	7	12	45	192	7	42	0
33	0	42	25	73	11	48	52	113	2	59	25	153	8	42	14	193	6	22	27
34	0	19	5	74	12	27	13	114	1	57	9	154	10	3	28	194	5	2	3
35	0	14	26	75	12	46	41	115	1	7	17	155	11	11	42	195	3	46	5
36	0	29	31	76	12	46	15	116	0	32	35	156	12	3	14	196	2	37	17
37	1	4	30	77	12	26	49	117	0	15	20	157	12	36	58	197	1	35	51
38	1	58	13	78	11	50	10	118	0	17	11	158	12	48	43	198	0	53	48
39	3	8	11	79	10	58	41	119	0	39	6	159	12	41	45	199	0	24	44
40	4	30	41	80	9	55	13	120	1	20	34	160	12	16	20	200	0	13	48

കോഷ്ഠകം = ൧.

ചന്ദ്രവാക്യങ്ങൾ . ഉപകരണം = ഇഷ്ടകേന്ദ്രസംഖ്യ

സംഖ്യ	പ്രഥമ വാക്യങ്ങൾ			സംഖ്യ	പ്രഥമ വാക്യങ്ങൾ			സംഖ്യ	ദ്വിതീയ വാക്യങ്ങൾ			സംഖ്യ	ദ്വിതീയ വാക്യങ്ങൾ			സംഖ്യ	ദ്വിതീയ വാക്യങ്ങൾ		
	°	′	″		°	′	″		°	′	″		°	′	″		°	′	″
201	0	22	24	241	12	48	33	1	1	2	11	41	0	2	35	81	1	39	10
202	0	50	54	242	12	35	12	2	0	47	57	42	0	7	24	82	1	53	16
203	1	38	41	243	12	3	59	3	0	34	47	43	0	15	9	83	2	5	53
പഞ്ചാംഗാദികൾകൊണ്ടു മുമ്പു പറഞ്ഞതുപോലെ ചന്ദ്രഗ്രഹണത്തേയും പർവ്വാന്തത്തേയും അറിഞ്ഞു് തൽസമയത്തേയ്ക്കു ചന്ദ്രസ്ഫുടമോ രവിസ്ഫുടമോ വരുത്തി അതിൽനിന്നു രാഹുവിനെക്കുറച്ചു് ഭുജയാക്കീയാൽ ഭാഗസ്ഥാനത്തു് ചന്ദ്രന്റെ തീയതിയോ അഥവാ അതിൽ കുറവോ വന്നാൽ മിക്കവാറും ചന്ദ്രഗ്രഹണം കാണാം. ഇതുപോലെ അമാവാസ്യന്ത്യസമയത്തെ ചന്ദ്രസ്ഫുടത്തിൽനിന്നോ സൂര്യസ്ഫുടത്തിൽനിന്നോ രാഹുവിനെക്കുറച്ചു ഭുജയാക്കുമ്പോൾ തീയതിസ്ഥാനത്തു് പരിമൂന്നോ അല്ലെങ്കിൽ അതിൽ കുറവോ വന്നാൽ ചെറുന്തരേയ്ക്കു സൂര്യഗ്രഹണവും ഗണിക്കണം. ഇതു് ചെറുന്തരേയ്ക്കുള്ള സാമാന്യമായ നിയമമാണു്. വിദേശങ്ങളിൽ വ്യത്യസ്തമായും കാണാവുന്നതാണു്. സ്വദേശപലാംശത്തിൽ 11 ക്രുട്ടിയാൽ വരുന്ന തീയതിയെക്കാൾ മുമ്പറഞ്ഞ തീയതികൾ കുറഞ്ഞിരുന്നാൽ ഇൻഡ്യയിൽ മിക്കവാറും സ്ഥലങ്ങളിൽ സൂര്യഗ്രഹണം സംഭവിക്കുന്നതാണു്.

മുമ്പു പറഞ്ഞപ്രകാരം ചന്ദ്രഗ്രഹണമുണ്ടെന്നുകണ്ടാൽ പർവ്വാന്തകാല (സ്ഥൂല) സമയത്തേയ്ക്കു വാക്യങ്ങളോ 23 സംസ്കാരമോ ധനുര്യുപജ്യാക്കളോ ഉപയോഗിച്ചു് ചന്ദ്രസ്ഫുടമുണ്ടാക്കണം. തൽസമയത്തേക്കുതന്നെ രവിചന്ദ്രതുംഗരാഹുക്കളുടെ സൂക്ഷ്മമധ്യമങ്ങളും സൂക്ഷ്മമായ രവ്യുച്ചവും വരുത്തിയാണു് കേന്ദ്രങ്ങൾ ഉണ്ടാക്കേണ്ടതു്. ഈ പർവ്വാന്തകാലത്തേക്കുതന്നെ സൂക്ഷ്മമായ രവിസ്ഫുടവും മന്ദകേന്ദ്രത്തിനുള്ള രവിഗതിയും രവിബിംബവുംകൂടി എടുത്തുകൊള്ളണം. ഒരു ചന്ദ്രസ്ഫുടംമാത്രം ഗണിച്ചാൽ മതിയെങ്കിൽ 23 സംസ്കാരംചെയ്ത ചന്ദ്രസ്ഫുടമുണ്ടാക്കുന്നതാണു് കൂടുതൽ സൗകര്യം.

അനന്തരം ആദ്യം ഊഹിച്ച പർവ്വാന്തകാലത്തേക്കുതന്നെ ച്യുതിഗതിയും തിഥിഗതിയും മന്ദഗതിയും (23 സംസ്കാരങ്ങളിൽ 1-ാമത്തെ കേന്ദ്രം മന്ദകേന്ദ്രവും ഇതിന്റെ ഭുജയുള്ള മന്ദഗതിയും. 5-ാമത്തെ കേന്ദ്രഭുജയനുസരിച്ചു് ച്യുതിഗതിയും 7-ാമത്തെ കേന്ദ്രഭുജയനുസരിച്ചു് തിഥിഗതിയും എടുത്തുകൊള്ളണം) ഉണ്ടാക്കി ദ്വിഗുണനങ്ങൾക്കുതക്കവണ്ണം കൂട്ടുകയോ കുറയ്ക്കുകയോചെയ്തു ശേഷിക്കുന്നതു് വിക്ഷേപവൃത്തീയഗതിയും ഇതിന്റെ 250-ൽ ഒരു ഭാഗം കുറച്ചാൽ ക്രാന്തിവൃത്തീയഗതിയും സിദ്ധിക്കുന്നതാണു്. ഇതിനനുസ

രിച്ച ചന്ദ്രബിംബവും ക്ഷിതിജലംബനവും ഭൂമായാബിംബവും ഉണ്ടാക്കണം. ഭൂമായാബിംബത്തിന്റെ $\frac{1}{57}$ ഭാഗം ആദ്യത്തെ ഭൂമായാബിംബത്തിൽക്കുട്ടിയാൽ സൂക്ഷ്മമായ ഭൂമായാബിംബവും ലഭിക്കുന്നതാണു്. പിന്നെ ഭൂമായാബിംബവും ചന്ദ്രബിംബവും തമ്മിൽക്രട്ടി ബിംബയോഗാർധവും അവ തമ്മിലന്തരിച്ചു് ബിംബാന്തരാർധവും ഉണ്ടാക്കേണ്ടതാണു്.

ചന്ദ്രവിക്ഷേപം വരുത്തുവാൻ

ആദ്യം രണ്ടാമതു കോഷ്ഠകത്തിൽ കൊടുത്തിരിക്കുന്നതുപോലെ 9 വിക്ഷേപങ്ങൾക്കുമുള്ള കേന്ദ്രങ്ങൾ ഉണ്ടാക്കി അതാതു കേന്ദ്രത്തിന്റെ ഭുജാജ്യാവിനെ പരമഫലം കൊണ്ടു ഗുണിച്ചു് ത്രിജ്യകൊണ്ടു ഹരിച്ചാൽ വരുന്ന ഫലം അതാതിന്റെ ദിക്കനുസരിച്ചു് കൂട്ടുകയോ കുറയ്ക്കുകയോ (F കേന്ദ്രവിക്ഷേപത്തിൽ) ചെയ്തു ശേഷിക്കുന്നതിന്റെ ദിക്കു ധരിച്ചുകൊള്ളുകയും ഇങ്ങനെ സിദ്ധിക്കുന്ന വിക്ഷേപത്തെ സ്ഫുടവിക്ഷേപമെന്നു് അറിഞ്ഞുകൊള്ളേണ്ടതുമാണു്. ഇങ്ങനെ സിദ്ധിക്കുന്ന വിക്ഷേപം, ഗ്രഹണസമയത്തേക്കുള്ളതാകയാൽ ചന്ദ്രാക്ഷങ്ങളുടെ സാമീപ്യംനിമിത്തം അധികമുണ്ടായിരിക്കുന്നതല്ല. മുമ്പു വരുത്തിയ ബിംബയോഗാർധ(സമ്പക്കാർധ)ത്തെക്കാൾ വിക്ഷേപം കൂടിയിരുന്നാൽ ഗ്രഹണമില്ലെന്നുതന്നെ തീർച്ചയാക്കാം. ബിംബാന്തരാർധത്തെക്കാൾ വിക്ഷേപം കുറഞ്ഞിരുന്നാൽ പൂർണ്ണഗ്രാസമുണ്ടെന്നും അറിയാവുന്നതാണു്.

സ്ഫുടപർവ്വാന്തം വരുത്തുവാൻ

ആദ്യം ഊഹിച്ച ഗ്രഹണമധ്യകാലത്തേക്കു വരുത്തിയ ചന്ദ്രസ്ഫുടത്തിൽനിന്നു രവിസ്ഫുടം കുറച്ചാൽ തിഥിസ്ഫുടം ലഭിക്കും. ഇങ്ങനെ തിഥിസ്ഫുടം വരുത്തി പർവ്വാന്തകാലം കഴിഞ്ഞു എന്നു കണ്ടാൽ തിഥിസ്ഫുടവികലകളെ സൂര്യചന്ദ്രഗത്യന്തരം (തിഥിഗതി) കൊണ്ടു ഹരിച്ചാൽ കിട്ടുന്ന നാഴികയും ശേഷത്തെ അറുപതിൽ ഗുണിച്ചു് മേൽപ്രകാരം ഹരിച്ചാൽ കിട്ടുന്നവിനാഴികകളും പർവ്വാന്തകാലത്തിൽ (പ്രായിക)കുറയ്ക്കണം. അപ്പോൾ സ്ഫുടപർവ്വാന്തം ലഭിക്കും. തിഥിസ്ഫുടംകൊണ്ടു പർവ്വാന്തകാലമായില്ലെന്നു കണ്ടാൽ മേൽപ്രകാരം ഹരിച്ചുകിട്ടുന്ന ഫലം പ്രായികപർവ്വാന്തകാലത്തിൽ കൂട്ടുകയും ചെയ്താൽ സ്ഫുടപർവ്വാന്തസമയം സിദ്ധിക്കും. ഇവിടെ കിട്ടിയ നാഴികവിനാഴികകളും സൂര്യചന്ദ്രഗതിയും ഉപയോഗിച്ചു് മുമ്പുവരുത്തിയ ഉപകരണങ്ങളെല്ലാം സ്ഫുടപർവ്വാന്തകാലത്തേക്കു തുല്യകാലിച്ചുകൊള്ളണം.

ചന്ദ്രസ്ഫുടത്തിൽനിന്നു് രവിസ്ഫുടം കുറച്ചു കിട്ടുന്ന കേന്ദ്രത്തിന്റെ ദിക്കു് മേഷാദിയായിരുന്നാൽ മുമ്പു പറഞ്ഞപ്രകാരം വരുത്തുന്ന നാഴികവിനാഴികകളും പ്രായികപർവ്വാന്തത്തിൽ കൂട്ടുകയും തുലാദിയായിരുന്നാൽ (6-രാശി കഴിഞ്ഞിട്ടുണ്ടെങ്കിൽ) കുറയ്ക്കുകയും ചെയ്യണം. അപ്പോൾ അതു് സ്ഫുടപർവ്വാന്തമായിരിക്കുമെന്നു സാരം.

കോഷ്ഠകം = ൨൮.

ഉപകരണം = ഓരോന്നിന്റേയും കേന്ദ്രഭേദകം

ച്യുതിഗതി, തിഥിഗതി, സൂര്യഗതി, ബിംബം, ചന്ദ്രസ്ഫുടഗതി ഇവകം

5-തീയതിക്ക് ഒന്നുവീതം. അങ്കം 36

സംഖ്യ	ച്യുതിഗതി വികല	ഭേദം	തിഥിഗതി വികല	ഭേദം	രവിസ്ഫുടഗതി കല	വികല	രവിബിംബം കല	വികല	ചന്ദ്രസ്ഫുടഗതി കല	വികല	അന്തരം കല	വികല
0	882 −	3	913 +	15	57	11	31	30	710	2	0	15
1	879	10	898	41	57	12	31	32	710	17	0	45
2	869	17	857	67	57	13	31	33	711	2	1	15
3	852	23	790	92	57	15	31	34	712	17	1	44
4	829	29	698	111	57	18	31	34	714	1	2	15
5	800	36	587	131	57	21	31	35	716	16	2	44
6	764	41	456	143	57	26	31	36	719	0	3	11
7	723—	47	313	154	57	31	31	38	722	11	3	41
8	676	52	159+	159	57	38	31	39	725	52	4	8
9	624	57	0	159	57	44	31	41	730	0	4	34
10	567	60	159—	154	57	50	31	42	734	34	5	8
11	507	66	313	143	57	58	31	44	739	42	5	18
12	441	68	456	131	58	7	31	47	745	0	5	49
13	373	71	587	111	58	16	31	49	750	49	6	11
14	302	74	698	92	58	25	31	52	757	0	6	31
15	228	75	790	67	58	35	31	55	763	31	6	49
16	153	76	857	41	58	44	31	57	770	20	7	5
17	77—	77	898	15	58	54	31	59	777	25	7	18
18	0	77	913 −	15	59	5	32	2	784	43	7	9
19	77+	76	898	15	59	16	32	4	791	52	7	56
20	153	75	857	41	59	27	32	7	799	48	7	39
21	228	74	790	67	59	37	32	10	807	27	7	41
22	302	71	698	92	59	46	32	12	815	8	7	37
23	373	68	587	111	59	56	32	14	822	45	7	29
24	441 +	66	456	131	60	6	32	17	830	14	7	16
25	507	60	313	143	60	15	32	19	837	30	6	59
26	567	57	159	154	60	23	32	21	844	29	6	38
27	624	52	0	159	60	32	32	23	851	7	6	11
28	676	47	159 +	154	60	40	32	25	857	18	5	40
29	723	41	313	143	60	46	32	26	862	58	5	5
30	764+	36	456	131	60	52	32	27	868	3	4	26
31	800	29	587	111	60	57	32	29	872	29	3	43
32	829	13	698	92	61	2	32	30	876	12	2	56
33	852	17	790	67	61	4	32	30	879	8	2	9
34	869	10	857	41	61	7	32	31	881	17	1	18
35	879	3	898	15	61	8	32	31	882	35	0	25
36	882 +	0	913 +	0	61	9	32	31	883	0	0	0

കോഷ്ഠകം = ൨൨.

ഉപകരണം = ചന്ദ്രസ്പഷ്ടഗതി

ചന്ദ്രബിംബം, ക്ഷിതിജലംബനം ഭൂഛായാബിംബം ഇവകൾ

ചന്ദ്രസ്ഫുടഗതികല	ചന്ദ്രബിംബം കല	വികല	അന്തരം വികല	ചന്ദ്രക്ഷിതിജലംബനം കല	വികല	അന്തരം വികല	ഭൂഛായാബിംബം കല	വികല	അന്തരം വികല	ചന്ദ്രസ്ഫുടഗതി കല
680	29	0	11	53	8	22	74	29	45	680
690	29	11	13	53	30	24	75	14	46	690
700	29	24	12	53	54	20	76	0	43	700
710	29	36	13	54	14	24	76	43	47	710
720	29	49	12	54	38	24	77	30	42	720
730	30	1	13	55	2	21	78	12	46	730
740	30	14	12	55	23	22	78	58	44	740
750	30	26	12	55	45	23	79	42	42	750
760	30	38	12	56	8	25	80	24	43	760
770	30	50	12	56	33	27	81	7	45	770
780	31	2	11	56	50	24	81	52	44	780
790	31	13	13	57	14	24	82	36	47	790
800	31	26	12	57	38	21	83	23	45	800
810	31	38	11	57	59	20	84	8	47	810
820	31	49	12	58	19	23	84	55	42	820
830	32	1	12	58	42	21	85	37	41	830
840	32	13	12	59	3	23	86	18	42	840
850	32	25	12	59	26	24	87	0	47	850
860	32	37	11	59	50	22	87	47	43	860
870	32	48	11	60	12	21	88	30	46	870
880	32	59	10	60	33	17	89	16	44	880
890	33	9	12	60	50	17	90	0	46	890
900	33	21	10	61	7	20	90	46	45	900
910	33	31	11	61	24	24	91	31	46	910
920	33	42	0	61	48	0	92	17	0	920

ചന്ദ്രബിംബവും ചന്ദ്രപരമലംബനവും, ഭൂഛായാബിംബവും, ചന്ദ്രന്റെ സ്പഷ്ടഗതി അനുസരിച്ച് ഈ കോഷ്ഠകത്തിൽനിന്ന് എടുത്തുകൊള്ളണം.

മുമ്പുവരുത്തിയ സ്ഫുടപർവ്വാന്തസമയത്തേയ്ക്ക് രവിചന്ദ്രന്മാരെ തൽക്കാലി ച്ചാൽ അവരുടെ ഭാഗകലകൾ തെറ്റുവരണം. അങ്ങിനെ വരാത്തപക്ഷം ഒരു പ്രാവശ്യം കൂടി തിഥിസ്ഫുടം വരുത്തി മുമ്പു പറഞ്ഞതുപോലെതന്നെ ക്രിയചെയ്തു സമകലവരുത്തി സ്ഫുടപർവ്വാന്തത്തെ സൂക്ഷ്മപ്പെടുത്തിക്കൊള്ളണം. ഈ സ്ഫുടപർവ്വാന്തത്തിനു് സമ കലാപർവ്വാന്തമെന്നും സംജ്ഞാന്തരമുണ്ടു്.

ഗ്രഹണമധ്യകാലം സൂക്ഷ്മമായി വരുത്തുവാൻ

ചന്ദ്രവിക്ഷേപസംസ്കാരകേന്ദ്രങ്ങളിൽ ഒന്നാമതു കേന്ദ്രത്തിന്റെ (F കേന്ദ്ര ത്തിന്റെ) ഭുജയ്ക്കുള്ള (3 രാശിഭുജ) തീയതികളെ ഇരട്ടിച്ചാൽ എത്ര വരുന്നുവോ അത്ര വി നാഴികകൾ, F കേന്ദ്രം ഓജപദമായാൽ സ്ഫുടപർവ്വാന്ത (സമകലാപർവ്വാന്തം) ത്തിൽ കുറയ്ക്കുകയും യുഗ്മപദമായാൽ കൂട്ടുകയും ചെയ്യണം എന്നാൽ ഗ്രഹണത്തിന്റെ മധ്യകാ ലം സൂക്ഷ്മമായി വരുന്നതാണു്.

പർവ്വാന്തകാലവിക്ഷേപംവരുത്തുവാൻ

ചന്ദ്രന്റെ വിക്ഷേപവൃത്തീയഗതിയിൽനിന്നു രവിഗതി കുറച്ചാൽ വിക്ഷേപ വൃത്തീയഗത്യന്തരവും അതിന്റെ പത്തിൽ ഒരംശം വിക്ഷേപഘടീഗതിയുമാകുന്നു. ഈ ഫലം വികലയായിരിക്കും. ആദ്യം ഊഹിച്ച സമയത്തേക്കുള്ള വിക്ഷേപത്തെ, പ്രായിക പർവ്വാന്ത്യവും സ്ഫുടപർവ്വാന്തവുമായുള്ള വ്യത്യാസംകൊണ്ടു ഗുണിച്ചു് വിക്ഷേപഘടീഗ തികൊണ്ടു ഹരിച്ചുവരുന്ന ഫലത്തെ F കേന്ദ്രം മൂഗാദിയെങ്കിൽ (മകരാദി) ആദ്യവിക്ഷേപ ത്തിൽ കൂട്ടുകയും കർക്ക്യാദിയെങ്കിൽ കളയുകയും ചെയ്താൽ പർവ്വാന്തകാലവിക്ഷേപവും,അതി ൽനിന്നു് അതിന്റെ $\frac{1}{16}$ ഭാഗം കുറച്ചാൽ മധ്യകാലബിംബമധ്യാന്തരവും ലഭിക്കുന്നതാണു്.

സ്ഥിത്യർദ്ധം വരുത്തുവാൻ

ഗ്രഹണമധ്യസമയത്തെ മധ്യകാലബിംബമധ്യാന്തരത്തെ വർഗ്ഗിച്ചു് ബിംബയോ ഗാർദ്ധത്തിന്റെ വർഗ്ഗത്തിൽനിന്നു കുറച്ചതിന്റെ ശേഷത്തെ മൂലിച്ചു് ആ ഫലത്തെ സൂര്യ ചന്ദ്രഗത്യന്തരംകൊണ്ടു ഹരിച്ചുകിട്ടുന്നതു നാഴികയും ശേഷത്തെ അറുപതിൽ ഗുണിച്ചു മേൽപ്രകാരം ഹരിച്ചാൽ കിട്ടുന്നതു വിനാഴികയുമാകുന്നു. ഈ നാഴികവിനാഴികകളെ (സ്ഥിത്യർദ്ധത്തെ) ഗ്രഹണമധ്യകാലത്തിൽ കുറച്ചാൽ സ്പർശസമയവും കൂട്ടിയാൽ മോചനസ മയവും സിദ്ധിക്കുന്നതാണു്. മധ്യകാലബിംബമധ്യാന്തരവും, ബിംബയോഗാർദ്ധവും തമ്മിൽ കൂട്ടി, മധ്യകാലബിംബമധ്യാന്തരത്തിൽനിന്നു് ബിംബയോഗാർദ്ധം കുറച്ചാൽ വരുന്നതു കൊണ്ടു ഗുണിച്ചു് അതിനെ മൂലിച്ചു് ഗത്യന്തരംകൊണ്ടു ഹരിച്ചാലും സ്ഥിത്യർദ്ധം ലഭിക്കു ന്നതാണു്.

വിമർദ്ദാർദ്ധംവരുത്തുവാൻ

ബിംബാന്തരാർദ്ധവർഗ്ഗത്തിൽനിന്നു് മധ്യകാലബിംബമധ്യാന്തരവർഗ്ഗം കുറച്ചു് ശേഷിച്ചതിനെ മൂലിച്ചു് സൂര്യചന്ദ്രഗത്യന്തരംകൊണ്ടു ഹരിച്ചാൽ നാഴികയും ശേഷത്തെ അറുപതുകൊണ്ടു ഗുണിച്ചു് ഗത്യന്തരംകൊണ്ടുതന്നെ ഹരിച്ചാൽ വിനാഴികയും സൂക്ഷ്മമായി ലഭിക്കുന്നതാണു്. ഈ നാഴികവിനാഴികകളെ ഗ്രഹണമധ്യകാലത്തിൽ കുറച്ചാൽ ചന്ദ്ര

ബിംബം മുഴുവൻ മൂടുന്ന സമയവും (നിമീലനം) മധ്യകാലത്തിൽ കൂട്ടിയാൽ ചന്ദ്രബിംബം കണ്ടുതുടങ്ങുന്ന സമയവും (ഉന്മീലനം) ലഭിക്കുന്നതാണു്. ബിംബാന്തരാൽത്തെക്കാൾ വിക്ഷേപം കുറഞ്ഞിരുന്നാൽ മാത്രമേ നിമീലനോന്മീലനങ്ങൾ വരുത്തേണ്ട ആവശ്യമുള്ളൂ.

സ്പർശാദിസ്ഥാനങ്ങളറിയുന്നതിനു്

ചന്ദ്രവിക്ഷേപസംസ്കാരങ്ങളിൽ ആദ്യകേന്ദ്രത്തിന്റെ (F കേന്ദ്രം) ദിക്കു് മേഷാദിയായിരുന്നാൽ സ്പർശം അഗ്നികോണിലും മോക്ഷം നിർ‌ൃതികോണിലുമായി കാണാം. F കേന്ദ്രത്തിന്റെ ദിക്കു് തുലാദിയായാൽ സ്പർശം ഈശകോണിലും മോക്ഷം വായുകോണിലും ആയി വരുന്നതാണു്.

ബിംബയോഗാർദ്ധത്തിൽനിന്നു് മധ്യകാലബിംബമധ്യാന്തരം കുറച്ചു് ചന്ദ്രബിംബംകൊണ്ടു ഹരിച്ചാൽ ഗ്രാസപ്രമാണവും സിദ്ധിക്കും. അതായതു് ബിംബത്തിന്റെ ഛത്രയിൽ, ഇത്രഭാഗം ഗ്രസിക്കും എന്നും കിട്ടുന്നതാണു്.

ചന്ദ്രഗ്രഹണം

ചന്ദ്രഗ്രഹണസമയത്തു്, സൂര്യന്റെയും ചന്ദ്രന്റെയും മധ്യത്തിലാണു് ഭൂമിയുടെ സ്ഥിതി. അതിന്റെ ചിത്രമാണു് അടിയിൽ ചേർത്തിരിക്കുന്നതു്.



സൂര്യഗ്രഹണത്തിൽ, ഭൂമിയുടേയും സൂര്യന്റെയും മധ്യത്തിൽ ചന്ദ്രൻ വരികയും അപ്പോൾ ചന്ദ്രന്റെ ഛായകൊണ്ടു് സൂര്യബിംബം മറയുകയും ചെയ്യുമ്പോഴാണു് സൂര്യഗ്രഹണം സംഭവിക്കുന്നതെന്നുമാത്രമേ ഭേദമുള്ളൂ.

ഇതി ഗോപാലവാരിജകൃതേ, ജ്യോതിർഗ്ഗണിതപണ്ഡിത
കൃഷ്ണപാരശവേന്ദ്രപരിശോധിതേ നിത്യപഞ്ചാംഗഗണിതേ
ച ന്ദ്ര ഗ്ര ഹ ണ ാ ധ്യ ാ യ ഃ ച ത ു ർ ത്ഥ ഃ

അദ്ധ്യായം = ൪.

സൂര്യഗ്രഹണഗണിതം

ചന്ദ്രഗ്രഹണത്തിന്റെ ആദ്യം പറഞ്ഞിരിക്കുന്നതുപോലെ സൂര്യഗ്രഹണമുണ്ടോ എന്നുഹിച്ചറിഞ്ഞു് ആദ്യമായി തദ്ദിവസത്തെ അമാവാസ്യാന്ത്യസമയം പഞ്ചാംഗംകൊണ്ടറിഞ്ഞുകഴിഞ്ഞാൽ ആ സമയത്തിൽ ത്വരാവിളംബം എന്ന ഒരു സംസ്കാരം ചെയ്യേണ്ടതാണു്. പഞ്ചാംഗത്തിൽനിന്നു് സിദ്ധിക്കുന്ന അമാവാസ്യവസാനസമയം (നാഴിക-വിനാഴികകൾ) ഭ്രമധ്യത്തിലേക്കുള്ളതാകയാൽ ഭൂപൃഷ്ഠത്തിൽ അധിവസിക്കുന്ന നമുക്കു് തൽസമയം സൂര്യചന്ദ്രന്മാരുടെ സംഗമകാലമായിരിക്കുകയില്ല. അനുഭവത്തിൽ അമാവാസ്യവസാനസമയമായിരിക്കുകയില്ലെന്നു സാരം. മധ്യാഹ്നത്തിനു് മുമ്പാണു് (ഭിന്നമാനാബ്ദം) ഗ്രഹണമെങ്കിൽ പഞ്ചാംഗസിദ്ധസമയത്തിനു് മുമ്പും അല്ലെങ്കിൽ പിമ്പും ഗ്രഹണമധ്യകാലമായി വരുമെന്നുഹിക്കണം. അതിനു് അടിയിൽ പറയുംപോലെ ത്വരാവിളംബം സംസ്കരിച്ചാൽ സ്ഥൂലമായ ഗ്രഹണമധ്യകാലം സിദ്ധിക്കുന്നതാണു്.

ഉച്ചയ്ക്കുമുമ്പുള്ള സമയവും ത്വരാനാഴികകളും

നാഴിക	=	0.	1.	2.	3.	4.	5.	6.	7.	8.	9.	10.	11.	12.	13.	14.	15.
ത്വരാനാഴിക	=	0,	1,	2,	3,	3,	4,	4,	4,	4,	4,	4,	4,	4,	4,	4,	4,

ഉച്ചതിരിഞ്ഞുള്ള സമയവും വിളംബനാഴികകളും

നാഴിക	=	16.	17.	18.	19.	20.	21.	22.	23.	24.	25.	26.	27.	28.	29.	30.
വിളംബനാഴിക	=	1,	2,	3,	3,	4,	4,	4,	4,	4,	4,	4,	4,	4,	4,	4,

ഉച്ചയ്ക്കുമുമ്പാണു് ഗ്രഹണസമയമൂഹിച്ചതെങ്കിൽ അമാവാസ്യവസാനസമയത്തിനുള്ള ത്വരാനാഴിക അതിൽ കുറച്ചാൽ സ്ഥൂലമധ്യകാലം കിട്ടും. പത്തുനാഴിക (രാവിലെ)ക്കാണു് അമാവാസ്യവസാനമെങ്കിൽ അതിൽനിന്നും നാലുനാഴിക കുറച്ചാൽ കിട്ടുന്ന ആറുനാഴികക്കായിരിക്കും സ്ഥൂലമധ്യകാലമെന്നുഹിച്ചുകൊള്ളണമെന്നു സാരം. ഇതുപോലെ ഉച്ചതിരിഞ്ഞാണു് അമാവാസ്യാന്ത്യമെങ്കിൽ അതിനനുസരിച്ചു വിളംബനാഴികകൾ അതിൽ കൂട്ടുകയും ചെയ്തുകൊള്ളണം.

ഇപ്രകാരം ത്വരാവിളംബസംസ്കൃതസമയത്തേക്കു് അടുത്തു പറയുന്നതുപോലെ ചന്ദ്രഗ്രഹണഗണിതത്തിനു് പറഞ്ഞ ഉപകരണങ്ങളെല്ലാം അതുപോലെതന്നെ ഉണ്ടാക്കിക്കൊള്ളുകയുംവേണം.

സൂക്ഷ്മചന്ദ്രസ്ഫുടം, (വാക്യമോ ധനുര്യുപജ്യാക്കളോ 23 സംസ്കാരം ചെയ്തോ ഉള്ളതു്) രവിസ്ഫുടം, രാഹു, ചന്ദ്രസ്ഫുടശരം, വിക്ഷേപാഘടീഗതി, രവിഗതി, രവിബിംബം, വിക്ഷേപവൃത്തീയചന്ദ്രഗതി, ക്രാന്തിവൃത്തീയചന്ദ്രഗതി ചന്ദ്രബിംബം, ക്ഷിതിജലംബനം, സൂര്യക്ഷിതിജലംബനം, (ഇതു് എപ്പോഴും 9″ മാത്രമാണു്) ക്ഷിതിജലംബനാന്തരം, (വികല)ബിംബയോഗാർദ്ധം, ബിംബാന്തരാർദ്ധം, വിക്ഷേപവൃത്തീയഗത്യന്തരം, ക്രാന്തിവൃത്തീയഗത്യന്തരം ഇവയെല്ലാം ചന്ദ്രഗ്രഹണത്തിനു പറഞ്ഞതുപോലെ യഥാക്രമം ഉണ്ടാക്കിക്കൊള്ളണം. സൂര്യഗ്രഹണത്തിനു് ഭൂഛായാബിംബം ആവശ്യമില്ലാ.

ഇത്രയും ഉപകരണങ്ങൾ ഉണ്ടാക്കിവെച്ചുകഴിഞ്ഞാൽ തരാവിളംബം സംസ്കരിച്ചുസിദ്ധിച്ച സമയത്തിൽനിന്ന് പുറകോട്ട് ഓരോ നാഴികവീതം കുറച്ചുകിട്ടുന്ന അഞ്ചുമുഹൂർത്തങ്ങളിലേക്കും, ക്രട്ടിക്കിട്ടുന്ന അഞ്ചുമുഹൂർത്തങ്ങളിലേക്കും അങ്ങിനെ മധ്യകാലമുൾപ്പടെ ആകെ പതിനൊന്ന് മുഹൂർത്തങ്ങളിലേക്ക് മുമ്പറഞ്ഞ ഉപകരണങ്ങളെല്ലാം ഉണ്ടാക്കേണ്ടതാണ്. സാധാരണയായി സൂര്യഗ്രഹണത്തിന് പൂർണ്ണതാപം സംഭവിക്കാറില്ല. പൂർണ്ണഗ്രാസമുണ്ടെന്നു കാണുന്നപക്ഷം ആദ്യന്തം പത്തുനാഴികയിൽ അധികരിക്കുകയും ഇല്ല. ആകയാൽ ഈ പതിനൊന്നുസമയങ്ങൾക്കുള്ളിലായി മാത്രമേ സ്പർശികാദി സംഭവിക്കുകയുള്ളൂ. ഇത്രയും ഉണ്ടാക്കിക്കഴിഞ്ഞാൽ നതികേന്ദ്രവും ലംബനകേന്ദ്രവുമാണ് ഉണ്ടാക്കേണ്ടത്.

മുമ്പുപറഞ്ഞിട്ടുള്ള ഉപകരണങ്ങളെ ഓരോ മുഹൂർത്തങ്ങളിലേക്കും തൽക്കാലിക്കുന്നതിനു് അതാതിന്റെ ഘടീഗതിയെ ആശ്രയിച്ചു ചെയ്യാവുന്നതാണ്. ഇവ ഓരോന്നിന്റേയും ദിക്ക് (ജ്ഞാധനതാപം) തെറ്റാതെ പ്രത്യേകം ശുദ്ധിചെയ്തുകൊള്ളുകയും വേണം.

കാലലഗ്നം വരുത്തുന്നതിനു്

മധ്യമസൂര്യോദയംമുതൽ അഭീഷ്ടസമയംവരെ കഴിഞ്ഞനാഴികവിനാഴികകളെ (പ്രായികഗ്രഹണമധ്യകാലംവരെ) ആറിൽ ഗുണിച്ചു് യഥാക്രമം അറുപതുകൊണ്ടും മുപ്പതുകൊണ്ടും ഹരിച്ചു വരുന്ന ഫലത്തെ സായനരവിമധ്യമത്തിൽ കൂട്ടിയാൽ കാലലഗ്നം ലഭിക്കുന്നതാണ്.

ഇപ്പോൾ കിട്ടിയ കാലലഗ്നത്തിൽനിന്ന് മൂന്നരാശി കുറച്ചാൽ സിദ്ധിക്കുന്നതു് ത്രിഭോനകാലലഗ്ന(നതികേന്ദ്രം)മാകുന്നു. നതികേന്ദ്രം ഒരു നാഴികക്കു് 6 ഭാഗ (6°) 1 കല ($1'$) ഗതിയാകുന്നു.

ലംബനകേന്ദ്രം വരുത്തുവാൻ

സായനരവിസ്ഫുടത്തിൽനിന്ന് മൂന്നരാശി കുറച്ച കേന്ദ്ര(ഭുജ)ത്തിനു് പ്രാണകലാന്തരജ്യാവുവരുത്തി മൂന്നരാശി കുറച്ച സൂര്യസ്ഫുടത്തിൽ സംസ്കരിച്ചു് അതിനെ കാലലഗ്നത്തിൽനിന്നു് കുറച്ചാൽ ലംബനകേന്ദ്രവും സിദ്ധിക്കും. ഇതിന്റെ ഘടീഗതി 6 ഭാഗ (6°) മാത്രമാകുന്നു.

ഇങ്ങനെ സ്ഥൂലമധ്യകാലത്തേയുണ്ടാക്കിയ നതികേന്ദ്രത്തിൽനിന്ന് 6 ഭാഗ 1 കലവീതം കുറച്ചു് പുറകോട്ടും, ക്രട്ടിമുമ്പോട്ടും അങ്ങിനെ ആകെ പതിനൊന്നുമുഹൂർത്തങ്ങളിലേക്കു് നതികേന്ദ്രവും, 6 ഭാഗവീതം കുറച്ചും ക്രട്ടിയും ലംബനകേന്ദ്രവും ഈ 11 മുഹൂർത്തങ്ങളിലേക്കും ഉണ്ടാക്കേണ്ടതാണ്. ഇവയുടെ ദിക്ക് (ജ്ഞാധനതാപം) പ്രത്യേകം ഓർമ്മിക്കുകയും ചെയ്തുകൊള്ളണം.

ഇനി നതിലംബനം ഇവയുണ്ടാക്കുവാനാണ് പറയുന്നതു്. നതി,ലംബനം ഇവ ഓരോന്നിനും സ്ഥിരാംശം, അസ്ഥിരാംശം എന്നിങ്ങനെ രണ്ടു് വിഭാഗങ്ങളുണ്ടു്. ഇവിടെ അടുത്തു് പറയുംപ്രകാരം സ്ഥിരാംശവും അസ്ഥിരാംശവും വരുത്തിയതിനു ശേഷമാണ് ശേഷം ക്രിയകളും ചെയ്യേണ്ടതു്.

നതി,സ്ഥിരാംശം വരുത്തുവാൻ

സ്വദേശോക്ഷാംശഭുജാജ്യാഘാതാങ്കവും, രവിപരമക്രാന്തിയുടെ കോടിജ്യാഘാതാങ്കവും, ക്ഷിതിജുലംബനാന്തരഘാതാങ്കവും (ചന്ദ്രക്ഷിതിജുലംബനം — സൂക്ഷ്മക്ഷിതിജലം

ബനം) തമ്മിൽക്കൂട്ടി വിപരീതഘാതാങ്കംകണ്ടാൽ നതി, സ്ഥിരാംശംകിട്ടും. ഉത്തരഗോള (മേഷാദി) സ്ഥിതിക്കു് ഇതു് എപ്പോഴും ഋണരൂപമാണു്. ദക്ഷിണഗോള(തുലാദി) സ്ഥിതിക്കു് ഇതു് ധനരൂപവുമായിരിക്കും.

നതി,അസ്ഥിരാംശം വരുത്തുവാൻ

സപദേശാക്ഷാംശകോടിജ്യാഘാതാങ്കവും, രവിപരമക്രാന്തിയുടെ ഭുജാജ്യാഘാതാങ്കവും, ക്ഷിതിജലംബനാന്തരഘാതാങ്കവും, മുമ്പു വരുത്തിവെച്ചുകഴിഞ്ഞ പതിനൊന്നു മുഹൂർത്തങ്ങളിലേക്കുമുള്ള നതികേന്ദ്രത്തിന്റെ ഭുജാജ്യാഘാതാങ്കവും (ഓരോ സമയത്തേക്കുമുള്ളതു്) തമ്മിൽ ഒരുമിച്ചുകൂട്ടി വിപരീതഘാതാങ്കംകണ്ടാൽ ഓരോ മുഹൂർത്തത്തിനുമുള്ള നതി, അസ്ഥിരാംശം സിദ്ധിക്കും. നതികേന്ദ്രം മേഷാദിയെങ്കിൽ ഇതു ധനവും അല്ലെങ്കിൽ ഋണവുമാണു്.

ഇനി,ലംബനം,സ്ഥിരാംശം വരുത്തുവാൻ

സപദേശാക്ഷാംശഭുജാജ്യാഘാതാങ്കവും, ത്രിഭോന (3 രാശികുറച്ച) സായനസൂര്യക്രാന്തിയുടെ ഭുജാജ്യാഘാതാങ്കവും, ക്ഷിതിജലംബനാന്തരഘാതാങ്കവും തമ്മിൽക്കൂട്ടി വിപരീതഘാതാങ്കംകണ്ടാൽ ലംബനം, സ്ഥിരാംശം ലഭിക്കും. ത്രിഭോനസൂര്യൻ മേഷാദി ഏങ്കിൽ ഇതു ധനവും അല്ലെങ്കിൽ ഋണവുമാകുന്നു.

ലംബനം,അസ്ഥിരാശം വരുത്തുവാൻ

സപദേശാക്ഷാംശകോടിജ്യാഘാതാങ്കവും, ത്രിഭോനസായനസൂര്യക്രാന്തിയുടെ കോടിജ്യാഘാതാങ്കവും, ക്ഷിതിജലംബനാന്തരഘാതാങ്കവും ഓരോ മുഹൂർത്തങ്ങളിലേയ്ക്കുമുള്ള ലംബനകേന്ദ്രഭുജാജ്യാഘാതാങ്കവും തമ്മിൽ ഒരുമിച്ചുകൂട്ടി വിപരീതഘാതാങ്കം കണ്ടാൽ, ലംബനം, അസ്ഥിരാംശം കിട്ടും. ലംബനകേന്ദ്രം മേഷാദിഏങ്കിൽ ഇതു ധനവും അല്ലെങ്കിൽ (തുലാദി) ഋണവുമാകുന്നു.

ക്ഷിതിജലംബനാന്തരവും എപ്പോഴും വികലയായിത്തന്നെ കാണേണ്ടതാണു്.

ഭ്രുപൃഷ്ഠവിക്ഷേപം വരുത്തുവാൻ

മധ്യകാല (സ്ഫുട) ചന്ദ്രവിക്ഷേപത്തിൽ, വിക്ഷേപഘടീഗതി ദിക്കനുസരിച്ചും (വിരാഹുചന്ദ്രൻ മകരാദിയായാൽ വിക്ഷേപഘടീഗതി ധനവും കർക്കാദിയായാൽ ഋണവുമാണു്) വിപരീതമായും, മുമ്പോട്ടും പുറകോട്ടും സംസ്കരിച്ചു്, 11 മുഹൂർത്തങ്ങളിലേയ്ക്കുള്ള ചന്ദ്രവിക്ഷേപങ്ങൾ കാണണം. പിന്നീടു് ഓരോ സമയത്തേയ്ക്കുമുള്ള ചന്ദ്രവിക്ഷേപത്തിൽ, നതിയുടെ സ്ഥിരാ,സ്ഥിരാംശങ്ങൾ ഒരുമിച്ചു് ദിക്കനുസരിച്ചു് സംസ്കരിച്ചാൽ അതാതു സമയത്തേയ്ക്കുള്ള ഭ്രുപൃഷ്ഠവിക്ഷേപം കിട്ടും. ശേഷിക്കുന്നതിന്റെ ധനർണ്ണതയും അറിയണം. ഇവയെല്ലാം വികലയായിത്തന്നെ കാണേണ്ടതാണു്.

ഭ്രുപൃഷ്ഠസ്ഫുടാന്തരം വരുത്തുവാൻ

ഗ്രഹണമധ്യകാലത്തെ സൂര്യചന്ദ്രസ്ഫുടങ്ങൾതമ്മിലുള്ള അന്തരമാണു് മധ്യകാലസ്ഫുടാന്തരം. ചന്ദ്രസ്ഫുടം വലുതെങ്കിൽ ഇതു ധനവും, അല്ലെങ്കിൽ ഋണവുമാകുന്നു. ഇതിൽ ക്രാന്തിവൃത്തിയഘടീഗത്യന്തരം, 5 തവണ കൂട്ടിയാൽ മധ്യകാലാനന്തരമുള്ള അഞ്ചുമുഹൂർത്തങ്ങൾക്കും, 5 തവണ കുറച്ചാൽ മധ്യകാലത്തിനു മുമ്പുള്ള അഞ്ചുമുഹൂർത്തങ്ങളി

ലേയും സ്ഫുടാന്തരങ്ങൾ ലഭിക്കും. ഇവയിൽ ഓരോന്നിലും ലംബനത്തിന്റെ സ്ഥിരാംശവും, ഓരോ സമയത്തേക്കുമുള്ള അസ്ഥിരാംശങ്ങളും ധനർണ്ണതയനുസരിച്ചു് സംസ്കരിച്ചാൽ ഭ്രപ്പുസ്ഫുടാന്തരം സിദ്ധിക്കും

ഭ്രപ്പുസ്ഫുടാന്തരങ്ങളും മുമ്പു പറഞ്ഞതുപോലെ വികലാത്മകമായിത്തന്നെ കാണേണ്ടതാണു്.

ബിംബമധ്യാന്തരം വരുത്തുവാൻ

പതിനൊന്നുമുഹൂർത്തങ്ങളിലേക്കുമുള്ള വികലാത്മകങ്ങളായ ഭ്രപ്പുവിക്ഷേപവും, ഭ്രപ്പുസ്ഫുടാന്തരവും, ഓരോന്നും, പ്രത്യേകം വർഗ്ഗിച്ചു്, കൂട്ടി മൂലിച്ചാൽ വികലാത്മകമായ ബിംബമധ്യാന്തരം ലഭിക്കും.

ഗ്രഹണമധ്യകാലവും, പരമഗ്രാസവും വരുത്തുവാൻ

ബിംബമധ്യാന്തരം ഏറ്റവും കുറഞ്ഞിരിക്കുന്ന സമയമാണു് യഥാർത്ഥത്തിൽ ഗ്രഹണമധ്യകാലം. അപ്പോഴത്തെ ബിംബമധ്യാന്തരം ബിംബയോഗാർദ്ധത്തേക്കാൾ കൂടുതലാണെങ്കിൽ (ബിംബയോഗാർദ്ധവികല)ആദ്യമേ ആ ഗ്രഹണം ദൃശ്യമല്ല, കുറവാണെങ്കിൽ ദൃശ്യമായിരിക്കും. ബിംബയോഗാർദ്ധത്തിൽനിന്നും മധ്യകാലബിംബമധ്യാന്തരം കുറച്ചാൽ ശേഷിക്കുന്ന അതുയും വികലകം പരമഗ്രാസമാകുന്നു. മധ്യകാലബിംബമധ്യാന്തരം, ബിംബാന്തരാർദ്ധത്തേക്കാളുംകുറവാണെങ്കിൽ ഗ്രഹണം പൂർണ്ണമോ കങ്കണമോ ആയിരിക്കും.

വിശേഷം:—സൂര്യഗ്രഹണം പൂർണ്ണമാണെന്നു് കാണുകയും, ചന്ദ്രബിംബം സൂര്യബിംബത്തേക്കാൾ കുറഞ്ഞും വന്നാൽ, അതു് കങ്കണഗ്രഹണമാകുന്നു. അപ്പോൾ സൂര്യബിംബത്തിന്റെ മധ്യംമാത്രം മറഞ്ഞും (കുറഞ്ഞും)സൂര്യബിംബപരിധിക്കു പുറമായി, സൂര്യപ്രകാശം വെളിയിലേക്കു് വന്നുകൊണ്ടിരിക്കുകയും ചെയ്യും. ചുരുക്കം ചില കാലങ്ങളിലെ ഇങ്ങനെ സംഭവിക്കാറുള്ളൂ.

സ്പർശകാലം വരുത്തുവാൻ

ഗ്രഹണമധ്യകാലത്തിനുമുമ്പു്, ബിംബമധ്യാന്തരം, ബിംബയോഗാർദ്ധത്തോടു് തുല്യമായി വരുന്ന സമയമാണു് സ്പർശകാലം.

മോക്ഷകാലം വരുത്തുവാൻ

ഗ്രഹണമധ്യകാലത്തിനുശേഷം ബിംബമധ്യാന്തരം, ബിംബയോഗാർദ്ധത്തോടു തുല്യമായി വരുന്ന സമയം മോക്ഷകാലമാകുന്നു.

നിമീലനോന്മീലനസമയങ്ങൾ വരുത്തുവാൻ

ഗ്രഹണം, പൂർണ്ണമോ, കങ്കണമോ ആണെങ്കിൽ, മധ്യകാലത്തിനു് മുമ്പും, പിമ്പും ബിംബമധ്യാന്തരം ബിംബാന്തരാർദ്ധത്തോടു തുല്യമായി വരുന്ന സമയങ്ങളാണു് നിമീലനോന്മീലനസമയങ്ങൾ.

ഓരോ നാഴികവീതം ഇടവിട്ടു ക്രിയചെയ്യുന്നതിനാൽ ഇതിനിടയിൽ വരുന്ന സ്പർശാദിസമയങ്ങളെ എല്ലാം, ഓരോ ഉപകരണങ്ങളുടേയും അന്തരത്തെ അടിസ്ഥാനമാക്കി,

അവിടെ അനുപാതപ്രകാരം ഓരോന്നിന്റേയും സൂക്ഷ്മസമയങ്ങൾ കണ്ടുപിടിച്ചുകൊള്ളേണ്ടതുമാകുന്നു. സൂര്യഗ്രഹണം ഗണിക്കുമ്പോൾ ഓരോന്നിന്റേയും ധനർണ്ണത തെറ്റാതെ ക്രമത്തിൽ ശ്രദ്ധിച്ചുകൊള്ളണം.

ഉദയാസ്തമയങ്ങളിൽ ഗ്രഹണം തട്ടുമോ എന്നറിയുന്നതിനു്; സ്വദേശത്തേയ്ക്കു വരുത്തിയ സ്ഫുടശരത്തെയും, ലംബനസംസ്കൃതമായ സ്ഫുടാന്തരത്തേയും വർഗ്ഗിച്ചു്, കൂട്ടി, മൂലിച്ചാൽ വരുന്ന വികലകർണ്ണം ബിംബയോഗാർദ്ധത്തെക്കാൾ കുറഞ്ഞിരുന്നാൽ ഗ്രഹണമുണ്ടെന്നും അല്ലെങ്കിൽ ഗ്രഹണമില്ലെന്നും അറിഞ്ഞുകൊള്ളണം.

സ്പർശമോക്ഷസ്ഥാനങ്ങൾ (ദിക്കു്) അറിയുന്നതിനു്

സൂര്യഗ്രഹണത്തിലേയ്ക്കു വരുത്തിയ വിക്ഷേപകേന്ദ്രങ്ങളിൽ F കേന്ദ്രം മേഷാദിയായിരുന്നാൽ സ്പർശം വായുകോണിലും മോക്ഷം ഈശകോണിലും സംഭവിക്കും. F കേന്ദ്രം തുലാദിയായിരുന്നാൽ സ്പർശം നിർൃതികോണിലും മോക്ഷം അഗ്നികോണിലും സംഭവിക്കുന്നതാണു്.

ഇതിലെ എല്ലാ ക്രിയകർമ്മങ്ങളും ലളിതമായ വിവരണവും ചിലതിനെല്ലാം ഉദാഹരണങ്ങളും ചേർത്തിട്ടുണ്ടെങ്കിലും, യുക്തിയും പരിശ്രമശീലവും നൽസൂക്ഷ്മതയും ഇല്ലാത്തവർക്കു് ക്രിയകർമ്മം ചെയ്യുന്നതിനു്, വിശിഷ്യ ഇതിലെ ക്രിയകർമ്മം ചെയ്യുവാൻ സാധ്യമല്ലെന്നും അറിഞ്ഞിരിക്കേണ്ടതാണു്

ഇതി ഗോപാലവാരിജകൃതേ, ജ്യോതിർഗ്ഗണിതപണ്ഡിത
കൃഷ്ണപാരശവേന്ദ്രപരിശോധിതേ, നിത്യപഞ്ചാംഗഗണിതേ,
സൂര്യഗ്രഹണാധ്യായഃ പഞ്ചമഃ

അദ്ധ്യായം ൬.

ചന്ദ്രഗണിതവും, ഉദാഹരണങ്ങളും

രണ്ടാംപേജിൽ, ഒന്നാംകോഷ്ഠകത്തിൽ കൊടുത്തിരിക്കുന്നപ്രകാരം 23 സംസ്കാരങ്ങൾക്കും, തത്തൽകേന്ദ്രങ്ങളുടെ കേന്ദ്രഘടനയനുസരിച്ചു് 23 കേന്ദ്രങ്ങളുണ്ടാക്കി അവയുടെ ഭുജയ്ക്കു് ഭുജാജ്യാവു വരുത്തി അതിനെ അതതു് സംസ്കാരങ്ങളുടെ പരമഫലംകൊണ്ടു് ഗുണിച്ചു് ത്രിജ്യകൊണ്ടു ഹരിച്ചാൽ ഓരോ കേന്ദ്രങ്ങൾക്കുമുള്ള സംസ്കാരഫലങ്ങൾ സിദ്ധിക്കും. ഈ കേന്ദ്രങ്ങളുടെ തുലാമേഷാദി നിർണ്ണയിച്ചു് ധനമോ (ക്രമത്തേണ്ടതു്) ഋണമോ എന്നു് നിശ്ചയിക്കുകയും അവിടെ കൊടുത്തിരിക്കുന്നപ്രകാരം ക്രമത്തേണ്ട ജ്യാക്കളെല്ലാം ഒരുമിച്ചുകൂട്ടി, കുറയ്ക്കാനുള്ളവയെല്ലാം പ്രത്യേകം യോജിപ്പിച്ചു്, അധികമുള്ളതിൽനിന്നു് കുറവുള്ളതു കുറച്ചു ശേഷം ഋണമോ ധനമോ എന്നു് ധരിച്ചുവയ്ക്കുക. പിന്നീടു് അഭീഷ്ടദിവസത്തേയ്ക്കുള്ള ചന്ദ്രന്റെ സൂക്ഷ്മമായ മധ്യമംവരുത്തി ഈ കിട്ടിയ ജ്യാഫലത്തിന്റെ ധനർണ്ണതയനുസരിച്ചു് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്താൽ ചന്ദ്രസ്ഫുടം സൂക്ഷ്മമായി ലഭിക്കും. അതുപോലെ, ആദ്യം പറഞ്ഞിരിക്കുന്നപ്രകാരംതന്നെ അഭീഷ്ടദിവസത്തേയ്ക്കു് 15 കേന്ദ്രങ്ങളുമുണ്ടാക്കി വാക്യക്രമത്തിലുള്ള സംസ്കാരങ്ങൾചെയ്തു് ധ്രുവസംസ്കാരവും ചെയ്താൽ ശുദ്ധമായ ചന്ദ്രസ്ഫുടം സിദ്ധിക്കുന്നതാണു്.

മുമ്പും മുകളിലും കൊടുത്തിരിക്കുന്ന പ്രകാരമല്ലാതെ ചന്ദ്രന്റെ ധനർണപത്തിലുള്ള ജ്യാക്കർം ഉപയോഗിച്ച് ചന്ദ്രസ്ഫുടം ഗണിക്കുവാനാണ് ഈ അദ്ധ്യായത്തിൽ ആദ്യമായി പ്രസ്താവിക്കുന്നത്. ജ്യോത്സ്യന്മാർക്കും ജ്യോതിഷവിദ്യാർത്ഥികർക്കും നൂതനഗണിത പഠിതേതാക്കർക്കും പ്രത്യേകിച്ച് പഞ്ചാംഗകൃത്തുക്കർക്കും ഇതു താരതമ്യവിവേചനത്തിനുംമറ്റും വളരെ ഉപകരിക്കുമെന്നു വിശ്വസിക്കുന്നു.

ധനർണപജ്യാക്കളെന്നതിനു ക്രാന്തിഭവമാത്രമായ ജ്യാക്കർം എന്നതാണു താല്പര്യം. 23 സംസ്കാരം ചെയ്യുമ്പോർ ചെയ്യുന്നതുപോലെ ഇതിൽ കുറയ്ക്കേണ്ട ജ്യാക്കളില്ലെന്നു സാരം

ആദ്യമായി വാക്യഗണിതത്തിൽ വിവരിച്ചതുപോലെ ഇഷ്ടദിവസത്തെയ്ക്ക് പതിനഞ്ചുകേന്ദ്രങ്ങളും അതാതിന്റെ കേന്ദ്രഘടനാപ്രകാരംതന്നെ വരുത്തുക. ഒന്നുമുതൽ പതിനഞ്ചുവരെയുള്ള കേന്ദ്രങ്ങർക്കും യഥാക്രമമുണ്ടാക്കിയിട്ടുള്ള ധനർണപജ്യാക്കളാണു ഇതിനു പരിചേത്തിരിക്കുന്നതു. ഇഷ്ടദിവസത്തെയ്ക്കു വരുത്തിയ ഒരോ കേന്ദ്രങ്ങർക്കും (15-നും) ഉപരി ഉദ്ധരിച്ചിരിക്കുന്ന കോഷ്ടകത്തിൽനിന്നു രാശിഭോഗകർക്കുള്ള ജ്യാഫലം ആദ്യമേ എടുക്കുക. പിന്നീടു അഭീഷ്ടകേന്ദ്രങ്ങളിലെ കലകർക്കുള്ള ജ്യാഫലവും തൈരാശികപ്രകാരം എടുത്തുകൊള്ളേണ്ടതാണു. ഇതിന്റെ സൗകര്യത്തിനുവേണ്ടിയാണു ഓരോതീയതിക്കുമുള്ള ജ്യാക്കർം പ്രത്യേകം ഉണ്ടാക്കിയിട്ടുള്ളതു. തൈരാശികം ചെയ്യുമ്പോർ, രണ്ടുജ്യാക്കർന്തമ്മിലുള്ള അന്തരം അറുപതു കലകർക്കുള്ളതാണെന്നും പ്രത്യേകം ഓർത്തിരിക്കണം. കലകർക്കുകുടിയുള്ള ജ്യാഫലം സ്വീകരിക്കുമ്പോർ അടുത്ത ജ്യാഫലം, അഭീഷ്ടജ്യാഫലത്തെക്കാർ കൂടുതലോ കുറവോ എന്നു ശ്രദ്ധിച്ചിരിക്കേണ്ടതാണു. പിന്നത്തെ ജ്യാഫലം കൂടുതലെങ്കിൽ, ഇഷ്ടരാശിഭാഗകർക്കുള്ള ജ്യാവിൽ കൂട്ടുകയും കുറവെങ്കിൽ കുറയ്ക്കുകയും ചെയ്താൽ ഓരോ കേന്ദ്രങ്ങർക്കുമുള്ള സംസ്കാരഫലം ലഭിക്കും. ഇങ്ങനെ പതിനഞ്ചുജ്യാക്കർക്കും ഉണ്ടാക്കിക്കൊള്ളേണ്ടതാണു. ഇപ്രകാരം വരുത്തുന്ന പതിനഞ്ചു സംസ്കാരഫലങ്ങളും, അഭീഷ്ടദിവസത്തേയ്ക്കുള്ള സ്ഥൂലചന്ദ്രമദ്ധ്യമത്തിൽനിന്നു ഇവയുടെ (15 സംസ്കാരങ്ങളുടേയും) സ്ഥിരരാശിയായ $9^{\circ}.10'$ കുറച്ച ചന്ദ്രമധ്യത്തിൽ കൂട്ടിയാൽ സ്ഫുടചന്ദ്രനായി വരുന്നതാണു ഇതിനു ധ്രുവസംസ്കാരം മുതലായവ ചെയ്യേണ്ട ആവശ്യമില്ലെന്നും അറിഞ്ഞുകൊള്ളണം

മേൽപ്രകാരം വരുത്തുന്ന പതിനഞ്ചുകേന്ദ്രങ്ങളിലും അന്തര കേന്ദ്രങ്ങളുടെ ഗതിയനുസരിച്ചു ഒരുദിവസത്തെ ഗതിക്രമാക്രമം അതിനുള്ള ജ്യാഫലമുണ്ടാക്കി സ്ഥിരരാശി കുറച്ച ചന്ദ്രമമധ്യത്തിൽ സംസ്കരിച്ചാൽ ആദ്യദിവസത്തിന്റെ പിറേദിവസത്തേക്കുള്ള ചന്ദ്രസ്ഫുടവും, ഇങ്ങനെ ഓരോദിവസത്തേയ്ക്കുമുള്ള ഗതി ക്രമാക്രമം മേൽപ്രകാരം ക്രിയചെയ്തു പെട്ടെന്നതന്നെ പരിശുദ്ധമായ ചന്ദ്രസ്ഫുടം ഗണിക്കാവുന്നതാണു. ധനർണപജ്യാക്കളുപയോഗിച്ചു ചന്ദ്രനെ ഗണിക്കുമ്പോർ ഓരോ ദിവസത്തേയ്ക്കും പ്രത്യേകംതന്നെ കേന്ദ്രങ്ങർ ഉണ്ടാക്കേണ്ടിയിരിക്കുന്നു. എന്നാൽ വാക്യമനുസരിച്ചു ചന്ദ്രസ്ഫുടം ഗണിക്കുമ്പോർ ഒരു പ്രാവശ്യംമാത്രം അതാതു സംസ്കാരങ്ങളുടെ വാക്യസംഖ്യകളോടും കേന്ദ്രങ്ങർ ഉണ്ടാക്കിയാൽ മതിയെന്നുള്ളതാണു ഒരു മേന്മ. നിത്യപഞ്ചാംഗഗണിതത്തിനു വാക്യമനുസരിച്ചു ഗണിക്കുന്നതാണു ക്രാന്തൽ സൗകര്യം. ഗതകാലസ്ഫുടങ്ങർ ഗണിക്കുന്നതിനും ഒരു സ്ഫുടംമാത്രമാവശ്യമുള്ളപ്പോഴും ചന്ദ്രന്റെ ധനർണപജ്യാക്കർ ഉപയോഗിച്ചു ഗണിക്കുന്നതാണു ക്രാന്തൽ സൗകര്യം. ഇരുപത്തിമൂന്നു സംസ്കാരം പ്രത്യേകമായി ചെയ്തു സിദ്ധിക്കുന്ന ചന്ദ്രസ്ഫുടവും വാക്യങ്ങളുപയോഗിച്ചു ഗണിക്കുന്ന ചന്ദ്രസ്ഫുടവും ധനർണപജ്യാക്കളുപയോഗിച്ചു ഗണിക്കുന്ന ചന്ദ്രസ്ഫുടവും ഒരുപോലെതന്നെ വരികയും ചെയ്യും.

ഒന്നുമുതൽ പതിനഞ്ചുവരെയുള്ള ഓരോ കേന്ദ്രങ്ങളുടേയും ദിനഗതികളെ ഒന്നു മുതൽ ഒൻപതുവരെയുള്ള സംഖ്യകൾകൊണ്ട് ഗുണിച്ച് താഴെച്ചേർക്കുന്നു. ഇവയെല്ലാം ഭാഗകളും ശേഷം ദശാംശസ്ഥാനങ്ങളുമാകുന്നു.

കോഷ്ഠകം = ൦൧.

സംഖ്യ	കേന്ദ്രം 1	കേന്ദ്രം 2	സംഖ്യ
1	13·0649926499	11·3165061397	1
2	26·1299852998	22·6330122794	2
3	39·1949779497	33·9495184191	3
4	52·2599705996	45·2660245588	4
5	65·3249632495	56·5825306985	5
6	78·3899558994	67·8990368382	6
7	91·4549485493	79·2155429779	7
8	104·5199411992	90·5320491176	8
9	117·5849338491	101·8485552573	9
സംഖ്യ	കേന്ദ്രം 3	കേന്ദ്രം 4	സംഖ്യ
1	12·1907493948	0·9856002670	1
2	24·3814987896	1·9712005340	2
3	36·5722481844	2·9568008010	3
4	48·7629975792	3·9424010680	4
5	60·9537469740	4·9280013350	5
6	73·1444963688	5·9136016020	6
7	85·3352457636	6·8992018690	7
8	97·5259951584	7·8848021360	8
9	109·7167445532	8·8704024030	9
സംഖ്യ	കേന്ദ്രം 5	കേന്ദ്രം 6	സംഖ്യ
1	26·4587013048	0·8742432551	1
2	52·9174026096	1·7484°65102	2
3	79·3761039144	2·6227297653	3
4	105·8348052192	3·4969730204	4
5	132·2935065240	4·3712162755	5
6	158·7522078288	5·2454595306	6
7	185·2109091336	6·1197027857	7
8	211·6696104384	6·9939460408	8
9	238·1283117432	7·8681892959	9

ഈ കേന്ദ്രദിനഗതികളുപയോഗിച്ച് എത്രദിവസത്തേക്കുള്ള കേന്ദ്രങ്ങളും കണ്ടുപിടിക്കാവുന്നതാണ്. ഇതിൽ ഒന്ന് എന്ന സംഖ്യകൊണ്ട് ഒരുദിവസത്തെ ഗതിയെയാണ് സൂചിപ്പിക്കുന്നതു്. ഒരുദിവസത്തേയുള്ള കേന്ദ്രഗതിയുടെ ദശാംശസ്ഥാനത്തിനുശേഷമുള്ള ഒരു സ്ഥാനംകൂടി അതോടു ചേർത്താൽ അതു് പത്തുദിവസത്തേക്കുള്ള ഗതിയായി വരുന്നതാണ്. (ഭാഗയും ശേഷം ദശാംശസ്ഥാനങ്ങളും) ഇതുപോലെ ശേഷമുള്ളതിനും കണ്ടുകൊള്ളണം.

ഒന്നുമുതൽ പതിനഞ്ചുവരെയുള്ള ഓരോ കേന്ദ്രങ്ങളുടേയും ദിനഗതികളെ ഒന്നുമുതൽ ഒൻപതുവരെയുള്ള സംഖ്യകൾകൊണ്ട് ഗുണിച്ചു് താഴെച്ചേർക്കുന്നു. ഇവയും ഭാഗകളും ശേഷം ദശാംശസ്ഥാനങ്ങളുമാകുന്നു.

കോഷ്ഠകം = ൨൩.

സംഖ്യ	കേന്ദ്രം 7	കേന്ദ്രം 8	സംഖ്യ
1	10·3309058727	37·4464914395	1
2	20·6618117454	74·8929828790	2
3	30·9927176181	112·3394743185	3
4	41·3236234908	149·7859657580	4
5	51·6545293635	187·2324571975	5
6	61·9854352362	224·6789486370	6
7	72·3163411089	262·1254400765	7
8	82·6472469816	299·5719315160	8
9	92·9781528543	337·0184229555	9
സംഖ്യ	കേന്ദ്രം 9	കേന്ദ്രം 10	സംഖ്യ
1	23·3958985226	12·0793923829	1
2	46·7917970452	24·1587847658	2
3	70·1876955678	36·2381771487	3
4	93·5835940904	48·3175695316	4
5	116·9794926130	60·3969619145	5
6	140·3753911356	72·4763542974	6
7	163·7712896582	84·5557466803	7
8	187·1671881808	96·6351390632	8
9	210·5630867034	108·7145314461	9
സംഖ്യ	കേന്ദ്രം 11	കേന്ദ്രം 12	സംഖ്യ
1	14·0505929169	2·0772025152	1
2	28·1011858338	4·1544050304	2
3	42·1517787507	6·2316075456	3
4	56·2023716676	8·3088100608	4
5	70·2529645845	10·3860125760	5
6	84·3035575014	12·4632150912	6
7	98·3541504183	14·5404176064	7
8	112·4047433352	16·6176201216	8
9	126·4553362521	18·6948226368	9

വാക്യമനുസരിച്ചു് ചന്ദ്രസ്ഫുടം ഗണിക്കുമ്പോഴും കേന്ദ്രഗതികളും ഇതുതന്നെ സ്വീകരിക്കാവുന്നതാണു്. ഈ കേന്ദ്രഗതികളും ഉപയോഗിച്ചു് വാക്യസംഖ്യകളിലും കേന്ദ്രങ്ങളും പെട്ടെന്നുണ്ടാക്കാവുന്നതാണു്. ആദ്യത്തെ വാക്യം 248 എണ്ണമാണല്ലോ? അപ്പോൾ കേന്ദ്രങ്ങളും 248 എണ്ണമുണ്ടായിരിക്കും. 248-ംതിവസത്തെ കേന്ദ്രഗതിയുടെ ഉണ്ടാക്കണമെന്നിരിക്കട്ടെ. അപ്പോൾ ഒന്നാമത്തെ കേന്ദ്രഗതിയെ രണ്ടുകൊണ്ടു് ഗുണിച്ചതിന്റെ ദശാംശസ്ഥാനം രണ്ടെണ്ണം വലത്തോട്ടു മാറ്റുകയും 4 കൊണ്ടു ഗുണിച്ചതിന്റെ ഒരുസ്ഥാനം വലത്തോട്ടു മാറ്റി ആദ്യത്തതിനോടു രണ്ടെണ്ണം വലത്തോട്ടു മാറ്റുകയും 4 കൊണ്ടു ഗുണിച്ചതിന്റെ ഒരുസ്ഥാനം വലത്തോട്ടു മാറ്റി ആദ്യത്തതിനോടു)200 നോടു") ചേർത്തു്, എടുകൊണ്ടു് ഗുണിച്ചതും കൂടിചേർത്താൽ 248-ംതിവസത്തെ ഗതി സമ്പാദിക്കുന്നതാണു്.

ഒന്നുമുതൽ പതിനഞ്ചുവരെയുള്ള ഓരോ കേന്ദ്രങ്ങളിലേയും ദിനഗതികളെ ഒന്നു മുതൽ ഒൻപതുവരെയുള്ള സംഖ്യകൾകൊണ്ടു് ഗുണിച്ചു് താഴെച്ചേർക്കുന്നു. ഇവയെല്ലാം ഭാഗകളും ശേഷം ദശാംശസ്ഥാനങ്ങളുമാകുന്നു.

കോഷ്ടകം 24.

സംഖ്യ	കേന്ദ്രം 13	കേന്ദ്രം 14	സംഖ്യ
1	39·5236939547	13·3937086549	1
2	79·0473879094	26·7874173098	2
3	118·5710818641	40·1811259647	3
4	158·0947758188	53·5748346196	4
5	197·6184697735	66·9685432745	5
6	237·1421637282	80·3622519294	6
7	276·6658576829	93·7559605843	7
8	316·1895516376	107·1496692392	8
9	355·7132455923	120·5433778941	9

സംഖ്യ	കേന്ദ്രം 15
1	35·5980049293
2	71·3960098586
3	107·0940147879
4	142·7920197172
5	178·4900246465
6	214·1880295758
7	249·8860345051
8	285·5840394344
9	321·2820443637

ഈ കേന്ദ്രഗതികളെല്ലാം പാശ്ചാത്യപണ്ഡിതന്മാരുടെ നിരീക്ഷണംമൂലം സിദ്ധിച്ചിട്ടുള്ളതാകുന്നു. ഇവയെല്ലാം (ശംരോന്നിന്റെയും ദിനഗതികളും) നാട്ടികൽ ആൽമനാക്കിൽ (Nautical Almanac) നിന്നു് എടുത്തിട്ടുള്ളതും സർവ്വസമ്മതമായ പക്ഷമനുസരിച്ചു് സ്വീകരിച്ചിട്ടുള്ളതുമാകുന്നു. കേന്ദ്രഗതികളിൽ അല്പംപോലും വ്യത്യാസം വരുത്തുന്നതിനുവേണ്ടി ഭാഗകളും ശേഷം പത്തു ദശാംശസ്ഥാനങ്ങളുംകൂടി ഇതിൽ സ്വീകരിച്ചിരിക്കുന്നു. ഉപകരണങ്ങളെല്ലാം നിരയനവുമാകുന്നു.

ഭാഗാത്മകമായി ദശാംശസ്ഥാനത്തിനുശേഷം കൊടുത്തിരിക്കുന്ന ഭാഗകളുടെ കലാവികലകൾ കാണുന്നതിനു് അതിനെ ആദ്യം അറുപതിൽ ഗുണിച്ചു് ദശാംശസ്ഥാനം മാറിയാൽ കലകളും ശേഷത്തെ അറുപതിൽ ഗുണിച്ചു് ദശാംശസ്ഥാനം മാറിയാൽ വികലകളും സിദ്ധിക്കുന്നതാണു്.

കോഷ്ഠകം = ഘ.

അഹമ്മാനം (ചെങ്ങന്നൂരേക്ക്)

ഉപകരണം = ഇഷ്ടദിനം

മാസം	ഉദയത്തിന്										അസ്തമയത്തിന്											
	1-ാംനു-മുതൽ		6-ാംനു-മുതൽ		11-ാംനു-മുതൽ		16-ാംനു-മുതൽ		21-ാംനു-മുതൽ		26-ാംനു-മുതൽ		1-ാംനു-മുതൽ		6-ാംനു-മുതൽ		11-ാംനു-മുതൽ		16-ാംനു-മുതൽ		21-ാംനു-മുതൽ		26-ാംനു-മുതൽ	
	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി.
മേടം	2	55	4	30	5	47	6	48	7	42	8	26	3	43	3	43	5	26	3	53	4	11	4	32
ഇടവം	9	4	9	32	9	46	9	38	9	37	9	31	5	0	5	34	5	59	6	42	7	21	8	5
മിഥുനം	8	58	8	24	7	43	7	7	6	20	5	53	9	3	9	40	10	21	10	51	11	10	11	22
കർക്കടകം	5	0	4	23	3	52	3	26	3	7	2	52	11	26	11	15	10	54	10	20	9	33	8	47
ചിങ്ങം	2	47	2	41	2	32	2	57	3	13	3	24	7	25	6	12	4	50	3	18	1	32	0	5
കന്നി	3	44	4	2	4	20	4	30	4	40	4	58	1	50	3	34	5	25	6	55	8	32	9	50
തുലാം	4	37	4	25	4	0	3	27	2	56	2	20	11	12	12	20	13	36	14	20	14	53	15	18
വൃശ്ചികം	1	19	0	10	1	5	3	26	3	42	4	34	15	26	15	12	14	55	14	24	13	34	12	45
ധനു	6	20	7	50	9	22	10	26	11	38	12	26	11	38	10	20	8	48	7	31	5	47	4	39
മകരം	13	0	13	34	13	54	14	0	13	52	13	33	3	24	2	3	0	48	0	15	1	17	2	7
കുംഭം	13	0	12	8	11	16	10	2	9	17	7	27	2	50	3	18	3	42	3	55	4	7	4	12
മീനം	5	4	4	32	3	11	1	27	0	4	1	38	4	13	4	7	4	2	3	55	3	57	3	45

വൃശ്ചികം 11-ാംനു-മുതൽ ധനം

മീനം 21-ാംനു-മുതൽ ജ്ഞാനം

ചിങ്ങം 26-ാംനു-മുതൽ ജ്ഞാനം.

മകരം 16-ാംനു-മുതൽ ധനം.

ഇതിനിടയിലേയ്ക്കു വേണ്ട അഹമ്മാനങ്ങളും ഗ്രൈരാശികംചെയ്ത് എടുത്തുകൊള്ളണം.

കോഷ്ഠകം = ൨൫

ചന്ദ്രന്റെ ധനർണ്ണപ്രജ്യാക്കം

(1) പ്രഥമജ്യാഫലങ്ങൾ സ്ഫീകൃതസ്ഥിരരാശി $= 6^\circ - 31' - 20''$

ഉച്ച: = ഇഷ്ടകേന്ദ്രം. കേന്ദ്രഘടന = ☾ (ചന്ദ്രമന്ദകേന്ദ്രം)

രാശി	0			1			2			3			4			5			രാശി
ഭാഗ	ഭാ	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ	ക:	വി:	ഭാ	ക:	വി:	ഭാഗ
0	6	31	20·0	3	33	11·8	1	15	37·9	0	14	36·6	0	53	29·3	3	10	56·5	0
1	6	25	9·9	3	27	44·5	1	12	12·4		14	13·4	0	56	35·7	3	16	53·0	1
2	6	19	0·0	3	22	19·8	1	8	50·5		13	57·4	0	59	47·5	3	22	56·8	2
3	6	12	50·3	3	16	58·2	1	5	34·9		13	47·7	1	3	7·3	3	29	2·4	3
4	6	6	40·9	3	11	40·0	1	2	23·7		13	44·8	1	6	32·8	3	35	22·6	4
5	6	0	31·7	3	6	23·5	0	59	18·2		13	48·6	1	10	4·0	3	41	26·3	5
6	5	54	23·1	3	1	11·2	0	56	18·8		14	0·2	1	13	43·5	3	47	44·2	6
7	5	48	14·8	2	56	2·5		53	25·4		14	18·6	1	17	28·7	3	54	5·5	7
8	5	42	7·6	2	50	56·1		50	46·0		14	43·9	1	21	20·1	4	0	30·1	8
9	5	36	0·8	2	45	53·8		47	54·1		15	15·7	1	25	18·1	4	6	58·2	9
10	5	29	54·9	2	40	54·2		45	16·3		15	53·9	1	29	22·5	4	13	29·4	10
11	5	23	50·0	2	35	59·7		42	46·4		16	40·5	1	33	33·3	4	20	3·9	11
12	5	17	46·1	2	31	8·0		40	20·4		17	33·8	1	37	50·4	4	26	41·1	12
13	5	11	43·2	2	26	19·2		38	0·9		18	33·5	1	42	13·4	4	33	21·1	13
14	5	5	41·5	2	21	35·8		35	48·0		19	41·4	1	46	42·4	4	40	3·9	14
15	4	59	41·1	2	16	54·9		33	40·3		20	54·6	1	51	16·9	4	46	48·6	15
16	4	53	42·3	2	12	19·2		31	40·2		22	16·0	1	55	48·4	4	53	36·3	16
17	4	47	44·7	2	7	47·2		29	44·7		23	44·5	2	0	44·6	5	0	26·0	17
18	4	41	48·8	2	3	19·2		27	56·5		25	20·0	2	5	37·6	5	6	17·7	18
19	4	35	54·5	1	58	55·3		26	14·1		27	2·0	2	10	35·7	5	14	11·2	19
20	4	30	1·8	1	54	35·7		24	37·5		28	51·4	2	15	38·5	5	21	6·4	20
21	4	24	11·3	1	50	21·0		23	8·7		30	48·7	2	20	47·8	5	28	3·4	21
22	4	18	22·4	1	46	10·6		21	46·0		32	51·4	2	26	1·9	5	35	1·6	22
23	4	12	35·7	1	42	5·1		20	28·8		35	2·8	2	31	22·1	5	42	1·0	23
24	4	6	51·0	1	38	4·1		19	18·5		37	19·6	2	36	46·2	5	49	1·7	24
25	4	1	8·2	1	34	6·8		18	14·4		39	43·8	2	42	15·8	5	56	3·3	25
26	3	55	28·2	1	30	16·2		17	17·8		42	15·3	2	47	51·4	6	3	5·8	26
27	3	49	50·2	1	26	29·5		16	27·7		44	54·3	2	53	30·4	6	10	8·8	27
28	3	43	14·9	1	22	46·9		15	44·4		47	39·1	2	59	14·4	6	17	2·2	28
29	3	38	42·1	1	19	10·5	0	15	6·8		50	31·5	3	5	33·3	6	24	16·1	29
30	3	33	11·8	1	15	37·9	0	14	36·6	0	53	29·3	3	10	56·5	6	31	20·0	30
രാശി		0			1			2			3			4			5		രാശി

കോഷ്ഠകം = ൨൫.

ചന്ദ്രന്റെ ധനഋണജ്യാക്ഷകം

(1) പ്രഥമജ്യാഫലങ്ങൾ. സ്പീകൃതസ്ഫിരരാശി = 6° - 31′ - 20″

ഉപ: = ഇഷ്ടകേന്ദ്രം കേന്ദ്രഘടന = ☾ (ചന്ദ്രമന്ദകേന്ദ്രം)

രാശി	6			7			8			9			10			11			രാശി
ഭാഗ	ഭാ	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ	ക	വി:	ഭാ :	ക:	വി:	ഭാ:	ക:	വി:	ഭാഗ
0	6	31	20·0	9	51	43·5	12	9	10·7	12	48	3·4	11	47	2·1	9	29	28·2	0
1	6	38	23·9	9	57	36·7	12	12	8·6	12	47	33·2	11	43	29·6	9	23	58·2	1
2	6	45	27·8	10	3	25·6	12	15	0·9	12	46	55·6	11	39	53·2	9	18	22·6	2
3	6	52	31·2	10	9	9·6	12	17	45·9	12	46	12·3	11	36	10·6	9	12	49·8	3
4	6	59	34·2	10	14	48·6	12	20	24·7	12	45	22·2	11	32	23·0	9	7	11·8	4
5	7	6	36·7	10	20	24·2	12	22	56·2	12	44	25·6	11	28	33·2	9	1	31·8	5
6	7	13	38·3	10	25	53·8	12	25	20·4	12	43	21·6	11	24	36·1	8	55	40·0	6
7	7	20	39·0	10	31	17·9	12	27	37·2	12	42	11·2	11	20	35·0	8	50	4·3	7
8	7	27	38·4	10	36	38·1	12	29	48·6	12	40	54·0	11	16	29·5	8	47	17·6	8
9	7	34	36·6	10	41	52·2	12	31	51·3	12	39	31·3	11	12	19·1	8	38	28·8	9
10	7	41	33·6	10	47	1·5	12	33	48·6	12	38	2·5	11	8	4·3	8	32	38·2	10
11	7	48	28·8	10	52	4·3	12	35	37·0	12	36	25·9	11	3	45·0	8	26	45·5	11
12	7	55	22·3	10	57	2·4	12	37	20·0	12	34	43·4	10	59	23·9	8	20	51·2	12
13	8	2	14·0	11	1	55·4	12	38	55·5	12	32	55·3	10	54	53·0	8	14	55·3	13
14	8	9	3·7	11	6	41·4	12	40	23·6	12	30	59·8	10	50	20·9	8	8	57·7	14
15	8	15	51·2	11	11	23·1	12	41	45·4	12	28	59·7	10	45	45·1	8	2	58·9	15
16	8	22	36·1	11	15	57·6	12	42	58·6	12	26	52·0	10	41	8·2	7	56	58·5	16
17	8	29	18·9	11	20	26·6	12	44	6·5	12	24	39·1	10	36	20·8	7	50	56·8	17
18	8	35	58·8	11	24	49·6	12	45	6·2	12	22	17·8	10	3	32·0	7	44	54·0	18
19	8	42	36·1	11	29	6·7	12	45	59·2	12	19	53·6	10	26	43·3	7	38	50·0	19
20	8	49	10·6	11	33	17·5	12	46	46·1	12	17	23·7	10	2	45·8	7	32	45·1	20
21	8	55	41·8	11	37	21·8	12	47	24·3	12	14	45·8	10	16	46·2	7	26	39·2	21
22	9	2	9·8	11	41	20·0	12	47	56·0	12	12	4·0	10	11	44·0	7	20	32·4	22
23	9	8	34·5	11	45	11·3	12	48	21·4	12	9	14·6	10	6	37·5	7	14	25·2	23
24	9	14	55·8	11	48	56·5	12	48	39·8	12	6	21·2	10	1	28·8	7	8	16·8	24
25	9	21	13·7	11	52	36·0	12	48	51·4	12	3	21·8	9	56	16·5	7	2	8·3	25
26	9	27	27·4	11	56	7·2	12	48	55·2	12	0	16·4	9	51	0·0	6	55	59·2	26
27	9	33	37·6	11	59	32·7	12	48	52·3	11	57	5·1	9	45	41·8	6	49	49·6	27
28	9	39	43·2	12	2	52·5	12	48	42·6	11	53	49·5	9	40	20·2	6	43	40·0	28
29	9	45	46·0	12	6	4·3	12	48	26·6	11	50	27·7	9	34	55·5	6	37	30·0	29
30	9	51	43·5	12	9	10·7	12	48	3·4	11	47	2·1	9	29	28·2	6	31	20·0	30
രാശി		6			7			8			9			10			11		രാശി

കോഷ്ഠകം = ൨൩.

ചന്ദ്രന്റെ ധനഗുണജ്യാക്കൾ

(2) ദ്വിതീയജ്യാഫലങ്ങൾ

സ്പീകൃതസ്ഥിരരാശി = 1° - 17′ - 0″

ഉച്ച: = ഇഷ്ടകേന്ദ്രം കേന്ദ്രഘടന = 2 D–G (ച്യുതികേന്ദ്രം)

രാശി	0			1			2			3			4			5			രാശി
ഭാഗം	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാഗം
0	1	17	0·0	0	39	13·4	0	11	14·7	0	0	33·6	0	10	21·3	0	38	20·0	0
1	1	15	41·0		38	5·0		10	34·8			33·9		11	1·5		39	30·4	1
2	1	14	22·0		36	57·3		9	56·0			34·3		11	42·8		40	41·3	2
3	1	12	3·2		35	50·2		9	18·4			36·7		12	25·4		41	52·9	3
4	1	11	44·4		34	43·9		8	42·1			40·5		13	9·1		43	5·2	4
5	1	10	25·6		33	38·3		8	6·9			45·7		13	54·1		44	18·1	5
6	1	9	7·7		32	33·5		7	33·0	0	0	52·3		14	40·2		45	31·7	6
7	1	7	48·6		31	29·4		7	0·4	0	1	0·3		15	27·5		46	45·8	7
8	1	6	30·2		30	26·2		6	29·0		1	9·7		16	16·0		48	0·5	8
9	1	5	12·0		29	23·8		5	58·8		1	20·6		17	5·6		49	15·8	9
10	1	3	54·1		28	22·2		5	30·0		1	32·8		17	56·3		50	31·6	10
11	1	2	36·4		27	21·6		5	2·5		1	46·4		18	48·1		51	47·8	11
12	1	1	18·9		26	21·7		4	36·2		2	1·3		19	41·0		53	4·7	12
13	1	0	1·8		25	22·8		4	11·2		2	17·7		20	35·0		54	21·9	13
14	0	58	45·0		24	25·0		3	47·6		2	35·4		21	30·0		55	39·5	14
15	0	57	28·4		23	27·7		3	25·3		2	54·5		22	24·1		56	57·6	15
16		56	12·1		22	31·6		3	4·4		3	15·0		23	23·2	0	58	16·0	16
17		54	56·3		21	36·4		2	44·7		3	36·8		24	21·4	0	59	34·8	17
18		53	40·9		20	42·2		2	26·3		4	0·0		25	20·5	1	0	53·9	18
19		52	25·8		19	49·9		2	9·4		4	24·5		26	20·6	1	2	13·4	19
20		51	11·2		18	56·9		1	53·8		4	50·4		27	21·6	1	3	33·1	20
21		49	57·0		18	5·8		1	39·6		5	17·6		28	23·6	1	4	53·0	21
22		48	43·3		17	5·8		1	26·7		5	46·2		29	26·4	1	6	13·2	22
23		47	30·1		16	26·7		1	15·3		6	16·0		30	30·2	1	7	33·6	23
24		46	17·5		15	38·8		1	5·1		6	47·2		31	34·9	1	8	54·9	24
25		45	5·3		14	52·0	0	0	56·3		7	19·7		32	40·4	1	10	15·0	25
26		43	53·8		14	6·3			49·1		7	53·5		33	46·7	1	11	35·8	26
27		42	42·7		13	21·6			43·1		8	28·6		34	54·0	1	12	56·8	27
28		41	32·3		12	38·2			38·5		9	5·0		35	1·9	1	14	17·8	28
29		40	22·6		11	55·9			35·4		9	42·6		37	10·6	1	15	17·8	29
30	0	39	13·4	0	11	14·7	0	0	33·6	0	10	21·3	0	38	20·0	1	17	0·0	30
രാശി		0			1			2			3			4			5		രാശി

കേന്ദ്രകം = ഫ.സ്പ.

ചന്ദ്രന്റെ ധനർണ്ണസംസ്കാരം

(2) ദ്വിതീയജ്യാഫലങ്ങൾ സ്വീകൃതസ്ഥിരരാശി = 1° - 17′ - 0″

ഉച്ച: = ഇഷ്ടകേന്ദ്രം കേന്ദ്രഘടന = 2 D-G (ച്യുതികേന്ദ്രം)

രാശി	6			7			8			9			10			11			രാശി
ഭാഗ	ഭ:	ക:	വി:	ഭ:	ക:	വി:	ഭ:	ക:	വി:	ഭ:	ക:	വി:	ഭ:	ക:	വി:	ഭ:	ക:	വി:	ഭാഗ
0	1	17	0·0	1	55	40·0	2	23	38·7	2	33	26·4	2	22	45·3	1	54	46·6	0
1	1	18	21·1	1	56	49·4	2	24	17·4	2	33	24·6	2	22	4·1	1	53	37·4	1
2	1	19	42·2	1	57	58·1	2	24	55·0	2	33	21·5	2	21	21·8	1	52	27·7	2
3	1	21	3·2	1	59	6·0	2	25	31·4	2	33	16·9	2	20	38·4	1	51	17·7	3
4	1	22	24·2	2	0	13·3	2	26	6·5	2	33	10·9	2	19	53·7	1	50	6·2	4
5	1	23	45·0	2	1	19·5	2	26	40·3	2	33	3·7	2	19	8·0	1	48	54·7	5
6	1	25	5·1	2	2	25·1	2	27	12·8	2	32	54·9	2	18	21·2	1	47	42·5	6
7	1	26	26·4	2	3	29·8	2	27	44·0	2	32	44·7	2	17	33·3	1	46	29·8	7
8	1	27	46·8	2	4	33·6	2	28	13·8	2	32	33·3	2	16	44·2	1	45	16·7	8
9	1	29	7·0	2	5	36·4	2	28	42·4	2	32	20·4	2	15	54·2	1	44	3·0	9
10	1	30	26·9	2	6	38·4	2	29	9·6	2	32	6·2	2	15	3·1	1	42	48·8	10
11	1	31	46·6	2	7	39·4	2	29	35·5	2	31	50·6	2	14	10·9	1	41	34·2	11
12	1	33	6·1	2	8	39·5	2	30	0·0	2	31	33·7	2	13	17·8	1	40	19·1	12
13	1	34	25·2	2	9	38·6	2	30	23·2	2	31	15·3	2	12	23·6	1	39	3·7	13
14	1	35	44·0	2	10	36·8	2	30	45·0	2	30	55·6	2	11	28·4	1	37	47·9	14
15	1	37	2·4	2	11	33·9	2	31	5·5	2	30	34·7	2	10	32·3	1	36	31·6	15
16	1	38	20·5	2	12	30·0	2	31	24·6	2	30	12·4	2	9	35·2	1	35	15·0	16
17	1	39	38·8	2	13	25·0	2	31	42·3	2	29	48·8	2	8	37·2	1	33	58·2	17
18	1	40	55·3	2	14	19·0	2	31	58·7	2	29	23·8	2	7	38·3	1	32	41·7	18
19	1	42	12·2	2	15	11·9	2	32	13·6	2	28	57·5	2	6	38·4	1	31	23·6	19
20	1	43	28·4	2	16	3·7	2	32	27·2	2	28	30·0	2	5	37·8	1	30	5·9	20
21	1	44	44·2	2	16	54·4	2	32	39·4	2	28	1·2	2	4	36·2	1	28	48·0	21
22	1	45	59·5	2	17	44·0	2	32	50·3	2	27	31·0	2	3	33·8	1	27	29·8	22
23	1	47	14·2	2	18	32·5	2	32	59·7	2	26	59·6	2	2	30·6	1	26	11·4	23
24	1	48	28·3	2	19	19·8	2	33	7·7	2	26	27·0	2	1	26·5	1	24	52·3	24
25	1	49	41·9	2	20	5·9	2	33	14·3	2	25	53·1	2	0	21·7	1	23	34·4	25
26	1	50	54·8	2	20	50·9	2	33	19·5	2	25	17·9	1	59	16·1	1	22	15·6	26
27	1	52	7·1	2	21	34·6	2	33	23·3	2	24	41·6	1	58	9·8	1	20	56·8	27
28	1	53	18·7	2	22	17·2	2	33	25·7	2	24	4·0	1	57	2·7	1	19	38·0	28
29	1	54	29·6	2	22	58·5	2	33	26·8	2	23	25·2	1	55	55·0	1	18	18·9	29
30	1	55	40·0	2	23	38·7	2	33	26·4	2	22	45·3	1	54	46·6	1	17	0·0	30
രാശി		6			7			8			9			10			11			രാശി

കോഷ്ഠകം = ൨൭.

ചന്ദ്രന്റെ ധനത്രൈരാശ്യാക്കം

(3) തൃതീയജ്യാഫലങ്ങൾ

സ്ഥിരരാശി
$= 0^\circ - 42' - 0''$

ഉച്ച: = ഇഷ്ടകേന്ദ്രം കേന്ദ്രഘടന = D (തിഥികേന്ദ്രം)

രാശി	0			1			2			3			4			5			രാശി
ഭാഗ	ഭാ:	ക	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാഗ
0	0	42	0·0	1	15	19·1	1	14	14·7	0	39	54·8	0	6	8·5	0	6	35·7	0
1		43	2·2	1	15	56·9	1	13	30·7		38	32·8		5	29·1		7	19·9	1
2		44	42·4	1	16	32·1	1	12	44·3		37	11·1		4	52·2		8	6·6	2
3		46	3·3	1	17	4·8	1	11	55·6		35	49·4		4	18·0		8	55·8	3
4		47	24·0	1	17	34·8	1	11	4·6		34	28·2		3	46·2		9	47·2	4
5		48	44·3	1	18	2·1	1	10	11·5		33	7·5		3	17·3		10	41·3	5
6		50	4·0	1	18	26·7	1	9	16·2		31	47·2		2	51·0		11	37·3	6
7		51	23·0	1	18	48·4	1	8	18·8		30	27·4		2	27·6		12	35·7	7
8		52	41·5	1	19	7·4	1	7	13·5		29	8·5		2	6·8		13	36·1	8
9		53	59·0	1	19	26·7	1	6	18·2		27	50·3		1	49·0		14	38·8	9
10		55	15·8	1	19	37·1	1	5	15·3		26	33·0		1	33·9		15	43·4	10
11		56	31·3	1	19	47·6	1	4	10·2		25	16·7		1	21·6		16	49·8	11
12		57	45·9	1	19	55·3	1	3	3·8		24	1·6		1	12·3		17	58·2	12
13	0	58	59·1	1	20	0·2	1	1	55·6		22	47·5		1	5·8		19	8·3	13
14	1	0	11·2	1	20	2·2	1	0	45·8		21	34·8		1	2·1		20	20·1	14
15	1	1	21·8	1	20	1·4	0	59	34·7		20	23·5		1	1·6		21	33·4	15
16	1	2	30·9	1	19	57·7		58	22·2		19	13·4		1	3·8		22	48·2	16
17	1	3	38·5	1	19	51·0		57	8·5		18	5·0		1	9·0		24	4·5	17
18	1	4	44·4	1	19	41·7		55	53·4		16	58·0		1	17·1		25	22·1	18
19	1	5	48·6	1	19	29·4		54	37·5		15	53·0		1	28·2		26	40·3	19
20	1	6	51·0	1	19	14·3		53	20·4		14	49·3		1	41·9		28	0·8	20
21	1	7	51·4	1	18	56·4		52	2·3		13	48·0		1	58·7		29	21·8	21
22	1	8	50·1	1	18	35·8		50	43·5		12	48·3		2	18·4		30	43·7	22
23	1	9	46·5	1	18	12·4		49	24·0		11	50·8		2	40·8		32	6·4	23
24	1	10	40·9	1	17	46·4		48	3·8		10	55·0		3	6·1		33	29·8	24
25	1	11	32·9	1	17	17·5		46	43·1		10	1·5		3	34·3		34	53·9	25
26	1	12	23·0	1	16	46·2		45	22·0		9	10·4		4	5·2		36	18·6	26
27	1	13	10·6	1	16	12·0		44	0·5		8	21·2		4	38·8		37	43·5	27
28	1	13	55·8	1	15	35·4		42	38·7		7	34·7		5	15·3		39	8·8	28
29	1	14	55·8	1	14	56·3		41	16·8		6	50·3		5	54·1		40	34·4	29
30	1	15	19·1	1	14	14·7	0	39	54·8	0	6	8·5	0	6	35·7	0	42	0·0	30
രാശി		0			1			2			3			4			5		രാശി

കോഷ്ഠകം = ൨൭.

ചന്ദ്രന്റെ ധനർണ്ണപജ്യാക്കം

(3) തൃതീയജ്യാഫലങ്ങൾ സ്പീകൃതസ്ഥിരരാശി = 0 - 42 - 0''

ഉപ: = ഇഷ്ടകേന്ദ്രം കേന്ദ്രഘടന = D (തിഥികേന്ദ്രം)

രാശി	6			7			8			9			10			11			രാശി
ഭാഗ	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാ:	ക:	വി:	ഭാഗ
0	0	42	0·0	1	17	24·3	1	17	51·5	0	44	5·2	0	9	45·3	0	8	40·9	0
1		43	25·6	1	18	5·9	1	17	9·9		42	43·2		9	3·7		9	21·3	1
2		44	5 ·2	1	18	44·7	1	16	25·3		41	21·3		8	24·7		10	4·2	2
3		46	16·5	1	19	21·2	1	15	38·8		39	59·5		7	48·0		10	49·1	3
4		47	41·4	1	19	54·8	1	14	49·6		38	38·0		7	13·8		11	37·0	4
5		49	6·1	1	20	25·7	1	13	58·5		37	16·9		6	42·5		12	27·1	5
6		50	30·2	1	2	53·9	1	13	5·0		35	56·0		6	13·6		13	19·1	6
7		51	53·6	1	21	19·2	1	12	9·2		34	36·0		5	47·6		14	13·5	7
8		53	16·3	1	21	41·6	1	11	11·7		33	16·5		5	24·2		15	9·9	8
9		54	3··2	1	22	1·3	1	10	12·0		31	57·7		5	3·6		16	8·6	9
10		55	59·2	1	22	18·1	1	9	10·7		30	39·6		4	45·7		17	9·0	10
11		57	19·1	1	22	31·8	1	8	7·0		29	22·5		4	30·6		18	11·4	11
12		58	37·9	1	22	42·8	1	7	2·0		28	6·6		4	18·3		19	15·6	12
13	0	59	55·5	1	22	51·0	1	5	55·0		26	51·5		4	9·0		20	21·5	13
14	1	1	11·8	1	22	56·2	1	4	46·6		25	37·8		4	2·3		21	29·1	14
15	1	2	26·6	1	22	58·4	1	3	36·5		24	25·3		3	58·6		22	38·2	15
16	1	3	39·9	1	22	57·9	1	2	25·2		23	14·2		3	57·8		23	48·8	16
17	1	4	51·7	1	22	54·2	1	1	12·5		22	4·4		3	59·8		25	0·9	17
18	1	6	1·8	1	22	47·7	0	59	58·4		20	56·2		4	4·7		26	14·1	18
19	1	7	10·2	1	22	38·4	0	58	43·3		19	49·8		4	12·4		27	28·7	19
20	1	8	16·6	1	22	26·1		57	27·0		18	44·7		4	22·9		28	44·2	20
21	1	9	21·2	1	22	11·0		56	9·7		17	41·8		4	36·3		30	1·0	21
22	1	10	23·9	1	21	53·2		54	51·5		16	40·5		4	52·6		3	18·5	22
23	1	11	24·3	1	21	32·4		53	32·6		15	41·2		5	11·6		32	37·0	23
24	1	12	22·7	1	21	9·0		52	12·8		14	43·8		5	33·3		33	56·0	24
25	1	13	18·7	1	20	42·7		50	52·5		13	48·5		5	57·9		35	15·7	25
26	1	14	12·8	1	20	13·8		49	31·8		12	55·4		6	25·2		36	36·0	26
27	1	15	4·2	1	19	42·0		48	10·5		12	4·4		6	55·2		37	56·7	27
28	1	15	53·4	1	19	7·8		46	48·9		11	15·7		7	27·9		39	17·6	28
29	1	16	40·1	1	18	30·9		45	27·2		10	29·3		8	3·1		40	38·8	29
30	1	17	24·3	1	17	51·5	0	44	5·2	0	9	45·3	0	8	40·9	0	42	0·0	30
രാശി		6			7			8			9			10			11		രാശി

കോഷ്ഠകം = ൨൨.

ചന്ദ്രന്റെ ധനത്വപ്രജ്യാക്കൾ

(4) ചതുർത്ഥസംസ്കാരഫലങ്ങൾ

സ്ഥിരരാശി = 11′ - 20″

ഉച്ച: = ഇഷ്ടകേന്ദ്രം കേന്ദ്രഘടന = ☉′ (രവികേന്ദ്രം)

രാശി	0		1		2		3		4		5		6		7		രാശി
ഭാഗ	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ഭാഗ
0	11	20·0	16	47·8	20	52·3	22	28·1	21	4·9	17	0·4	11	20·0	5	39·6	0
1	11	31·4	16	57·7	20	58·1	22	28·3	20	59·1	16	50·1	11	8·0	5	29·5	1
2	11	42·8	17	7·4	21	3·8	22	28·2	20	53·2	16	39·8	10	56·2	5	19·4	2
3	11	54·2	17	17·2	21	9·4	22	28·0	20	47·0	16	29·2	10	44·2	5	9·4	3
4	12	5·6	17	26·8	21	14·8	22	27·5	20	40·7	16	18·6	10	32·4	5	0·0	4
5	12	16·9	17	36·3	21	19·9	22	26·9	20	34·2	16	8·0	10	20·5	4	49·9	5
6	12	28·3	17	45·8	21	24·9	22	25·9	20	27·4	15	57·1	10	8·7	4	40·4	6
7	12	39·6	17	55·1	21	29·7	22	24·9	20	20·6	15	46·4	9	56·8	4	30·9	7
8	12	51·0	18	4·2	21	34·4	22	23·6	20	13·6	15	35·4	9	45·0	4	21·6	8
9	13	2·2	18	13·4	21	38·8	22	22·2	20	6·3	15	24·3	9	33·2	4	12·4	9
10	13	13·5	18	22·3	21	43·1	22	20·4	19	59·0	15	13·2	9	21·5	4	3·3	10
11	13	24·8	18	31·1	21	47·2	22	18·5	19	51·4	15	2·0	9	9·8	3	54·5	11
12	13	35·9	18	39·7	21	51·1	22	16·5	19	43·8	14	50·8	8	58·1	3	45·7	12
13	13	47·1	18	48·3	21	54·8	22	14·2	19	35·9	14	39·4	8	46·5	3	37·1	13
14	13	58·2	18	56·8	21	58·3	22	11·7	19	27·9	14	28·1	8	35·0	3	28·6	14
15	14	9·2	19	5·1	22	1·6	22	9·0	19	19·7	14	16·6	8	23·4	3	20·3	15
16	14	20·3	19	13·3	22	4·9	22	6·1	19	11·4	14	5·0	8	11·9	3	12·1	16
17	14	31·2	19	21·3	22	7·8	22	3·0	19	2·9	13	53·5	8	0·6	3	4·1	17
18	14	42·2	19	29·2	22	10·5	21	59·7	18	54·3	13	41·9	7	49·2	2	56·2	18
19	14	53·0	19	37·0	22	13·1	21	56·2	18	45·5	13	30·2	7	38·0	2	48·6	19
20	15	3·8	19	44·6	22	15·4	21	52·5	18	36·7	13	18·5	7	26·8	2	41·0	20
21	15	14·5	19	52·1	22	17·6	21	48·6	18	27·6	13	6·8	7	15·7	2	33·7	21
22	15	25·2	19	59·4	22	19·6	21	44·6	18	18·4	12	55·0	7	4·6	2	26·4	22
23	15	35·8	20	6·6	22	21·3	21	40·3	18	9·1	12	43·2	6	53·6	2	19·4	23
24	15	46·3	20	13·6	22	22·9	21	35·7	17	59·6	12	31·3	6	42·9	2	12·6	24
25	15	56·8	20	20·4	22	24·3	21	31·1	17	50·1	12	19·5	6	32·0	2	5·8	25
26	16	7·2	20	27·1	22	25·5	21	26·2	17	40·0	12	7·6	6	21·4	1	59·3	26
27	16	17·4	20	33·6	22	26·4	21	21·2	17	30·6	11	55·8	6	10·8	1	53·0	27
28	16	27·6	20	40·0	22	27·2	21	16·0	17	20·6	11	43·8	6	0·2	1	46·8	28
29	16	37·7	20	46·3	22	27·7	21	10·5	17	10·5	11	32·0	5	49·9	1	40·9	29
30	16	47·8	20	52·3	22	28·1	21	4·9	17	0·4	11	20·0	5	39·6	1	35·1	30
രാശി	0		1		2		3		4		5		6		7		രാശി

കോഷ്ഠകം = ൨൨.

ചന്ദ്രന്റെ ധനർണ്ണപഞ്ജ്യാക്കം

(4) ചതുർത്ഥസംസ്കാരഫലങ്ങൾ

ഉപ: = ഇഷ്ടകേന്ദ്രം

കേന്ദ്രഘടന = G′ (രവികേന്ദ്രം)

സ്ഥിരരാശി

= 11′ - 20″

(5) പഞ്ചമസംസ്കാരഫലങ്ങൾ

ഉപകരണം = ഇഷ്ടകേന്ദ്രം

കേന്ദ്രഘടന = 2 F 2 (വ്യഹീന്ദു)

സ്ഥിരരാശി

= 7′ - 0″

രാശി	8		9		10		11		0		1		2		3		രാശ
ഭാഗ	ക:	വി:	ക	വി:	ക·	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വീ:	ഭാഗ
0	1	35·1	0	11·9	1	47·7	5	52·2	7	0·0	3	34·2	1	3·5	0	8·4	0
1	1	29·5		12·3	1	53·7	6	2·3	6	52·8	3	25·0	1	0·0		8·5	1
2	1	24·0		12·8	2	0·0	6	12·4	6	45·8	3	21·9	0	56·6		8·6	2
3	1	18·8		13·6	2	6·4	6	22·6	6	38·5	3	15·8		53·3		9·0	3
4	1	13·8		14·5	2	12·9	6	32·8	6	31·3	3	9·8		50·0		9·4	4
5	1	8·9		15·7	2	19·6	6	43·2	6	24·1	3	3·9		47·0		10·0	5
6	1	4·3		17·1	2	28·4	6	53·7	6	17·0	2	58·1		44·0		10·7	6
7	0	59·7		18·6	2	33·4	7	4·2	6	9·8	2	52·3		41·1		11·5	7
8	0	55·4		20·4	2	40·6	7	14·8	6	2·7	2	46·6		38·4		12·4	8
9		51·6		22 4	2	47·9	7	25·5	5	55·6	2	41·0		35·7		13·5	9
10		47·5		24·6	2	55·4	7	36·2	5	48·5	2	35·4		33·2		14·6	10
11		43·8		26·9	3	3·0	7	47·0	5	41·5	2	30·0		30·8		15·9	11
12		40·3		29·5	3	10·8	7	57·8	5	34·4	2	24·6		28·5		17·4	12
13		37·0		32·2	3	18·7	8	8·8	5	27·4	2	19·3		26·4		18·9	13
14		33·9		35·1	3	26·7	8	19·7	5	20·4	2	14·1		24·3		20·6	14
15		31·0		38·4	3	34·9	8	30·8	5	13·5	2	9·0		22·4		22·4	15
16		28·3		41·7	3	43·8	8	41·8	5	6·6	2	3·9		20·6		24·3	16
17		25·8		45·2	3	51·7	8	52·9	4	59·7	1	59·0		18·9		26·4	17
18		23·5		48·9	4	0·3	9	4·1	4	52·8	1	54·1		17 4		28·5	18
19		21·5	0	52·8	4	8·9	9	15·2	4	46·0	1	49·4		15·9		30·8	19
20		19·6	0	56·9	4	17·7	9	26·5	4	39·2	1	44·7		14·6		33·2	20
21		17·8	1	1·2	4	26·6	9	37·8	4	32·5	1	40·1		13·5		35·7	21
22		16·4	1	5·6	4	35·8	9	49·0	4	25·8	1	35·6		12·4		38·4	22
23		15·1	1	10·3	4	44·9	10	0·4	4	19·2	1	31·3		11·5		41·1	23
24		14·1	1	15·1	4	54·2	10	11·7	4	12·6	1	27·0		10·7		44·0	24
25		13·1	1	20·1	5	3·7	10	23·1	4	6·0	1	22·8		10·0		47·0	25
26		12·5	1	25·2	5	13·2	10	34·4	3	59·6	1	18·8		9·4		50·0	26
27		12·0	1	30·6	5	22·8	10	45·8	3	53·1	1	14·8		9·0	0	53·0	27
28		11·8	1	36·2	5	32·6	10	57·2	3	46·8	1	10·9		8·6	0	56·6	28
29	0	11·7	1	41·9	5	42·3	11	8·6	3	40·4	1	7·2		8·5	1	0·0	29
30	0	11·9	1	47·7	5	52·2	11	20·0	3	34·2	1	3·5	0	8·4	1	3·5	30
രാശി	8		9		10		11		0		1		2		3		രാശി

കോഷ്ഠകം = ൨൯.

ചന്ദ്രന്റെ ധനർണ്ണപജ്യാക്കരം

(5) പഞ്ചമസംസ്കാരഫലങ്ങൾ സ്ഥിരരാശി = 7′ - 0″

ഉച: = ഇഷ്ടകേന്ദ്രം കേന്ദ്രഘടന = 2 F 2 (വ്യത്യസ്ത)

രാശി	4		5		6		7		8		9		10		11		രാശി
ഭാഗ	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക:	വി:	ക	വി:	ഭാഗ
0	1	3·5	3	34·2	7	0·0	10	25·8	12	56·5	13	56·6	12	56·5	10	25·8	0
1	1	7·2	3	40·4	7	7·2	10	32·0	13	0·0	13	51·5	12	52·8	10	19·6	1
2	1	10·9	3	46·8	7	14·2	10	38·1	13	3·4	13	51·4	12	49·1	10	13·2	2
3	1	14·8	3	53·1	7	21·5	10	44·2	13	6·7	13	51·0	12	45·2	10	6·9	3
4	1	18·8	3	59·6	7	28·7	10	50·2	13	10·0	13	50·6	12	41·2	10	0·4	4
5	1	22·8	4	6·0	7	35·9	10	56·1	13	13·0	13	50·0	12	37·2	9	54·0	5
6	1	27·0	4	12·6	7	43·0	11	1·9	13	16·0	13	49·3	12	33·0	9	47·4	6
7	1	31·3	4	19·2	7	50·2	11	7·7	13	18·9	13	48·5	12	28·7	9	40·8	7
8	1	35·6	4	25·8	7	57·3	11	13·4	13	21·6	13	47·6	12	24·4	9	34·2	8
9	1	40·1	4	32·5	8	4·4	11	19·0	13	24·3	13	46·5	12	19·9	9	27·5	9
10	1	44·7	4	39·2	8	11·5	11	24·6	13	26 8	13	45·4	12	15·3	9	20·8	10
11	1	49·4	4	46·0	8	18·5	11	30·0	13	29·2	13	44·1	12	10·6	9	14·0	11
12	1	54·1	4	52·8	8	25·6	11	35·4	13	31·5	13	42·6	12	5·9	9	7·2	12
13	1	59·0	4	59·7	8	32·6	11	40·7	13	33·6	13	41·1	12	1·0	9	0·3	13
14	2	3·9	5	6·6	8	39·6	11	45·9	13	35·7	13	39·4	11	56·1	8	53·4	14
15	2	9·0	5	13·5	8	46·5	11	51·0	13	37·6	13	37·6	11	51·0	8	46·5	15
16	2	14·1	5	20·4	8	53·4	11	56·1	13	39·4	13	35·7	11	45·9	8	39·6	16
17	2	19·3	5	27·4	9	0·3	12	1·0	13	41·1	13	33·6	11	40·7	8	32·6	17
18	2	24·6	5	34·4	9	7·2	12	5·9	13	42·6	13	31·5	11	35·4	8	25·6	18
19	2	30·0	5	41·5	9	14·0	12	10·6	13	44·1	13	29·6	11	30·0	8	18·5	19
20	2	35·4	5	48·5	9	20·8	12	15·3	13	45·4	13	26·8	11	24·6	8	11·5	20
21	2	41·0	5	55·6	9	27·5	12	19·9	13	46·5	13	24·3	11	19·0	8	4·4	21
22	2	46·6	6	2·7	9	34·2	12	24·4	13	47·6	13	21·6	11	13·4	7	57·3	22
23	2	52·3	6	9·8	9	40·8	12	28·7	13	48·5	13	18·9	11	7·7	7	50·2	23
24	2	58·1	6	17·0	9	47·4	12	33·0	13	49·3	13	16·0	11	1·9	7	43·0	24
25	3	3·9	6	24·1	9	54·0	12	37·2	13	50·0	13	13·0	10	56·1	7	35·9	25
26	3	9·8	6	31·3	10	0·4	12	41·2	13	50·6	13	10·0	10	50·2	7	28·7	26
27	3	15·8	6	38·5	10	6·9	12	45·2	13	51·0	13	6·7	10	44·2	7	21·5	27
28	3	21·9	6	45·8	10	13·2	12	49·1	13	51·4	13	3·4	10	38·1	7	14·2	28
29	3	28·0	6	52·8	10	19·6	12	52·8	13	51·5	13	0·0	10	32·0	7	7·2	29
30	3	34·2	7	0·0	10	25·8	12	56·5	13	51·6	12	56·5	10	25·8	7	0·0	30
രാശി	4		5		6		7		8		9		10		11		രാശി

കോഷ്ഠകം = ൧൦.

ചന്ദ്രന്റെ ധനത്രുപജ്യാക്കൾ

(6) ഷഷ്ഠസംസ്കാരഫലങ്ങൾ

ഉപകരണം = ഇഷ്ടകേന്ദ്രം സ്ഥിരരാശി = 4′—0″

കേന്ദ്രഘടന = G—D

രാശി	0	1	2	3	4	5	6	7	8	9	10	11	രാശി
ഭാഗ	ക: വി:	ക: വി:	ക: വി:	ക: വി	ക: വി:	ക: വി:	ക: വി:	ക: വി:	ക: വി:	ക: വി:	ക: വി:	ക: വി	ഭാഗ
0	4 0·0	0 47·8	0 41·4	3 42·3	6 48·0	6 54·4	4 0·0	1 5·6	1 12·0	4 17·7	7 18·6	7 12·2	0
1	3 52·4	0 44·3	0 45·4	3 49·7	6 51·3	6 50·5	3 53·0	1 2·7	1 16·4	4 25·1	7 21·8	7 7·7	1
2	3 44·7	0 40·7	0 49·5	3 57·0	6 54·6	6 46·5	3 45·9	0 59·9	1 20·7	4 32·4	7 24·9	7 3·2	2
3	3 37·1	0 37·2	0 53·6	4 4·4	6 57·8	6 42·6	3 38 9	0 57·0	1 25·1	4 39·8	7 28·1	6 58·7	3
4	3 29·4	0 33·7	0 57·7	4 11·7	7 1·1	6 38·7	3 31·8	0 54·1	1 29·4	4 47·1	7 31·2	6 54·2	4
5	3 21·7	0 30·2	1 1·8	4 19·1	7 4·4	6 34·7	3 24·8	0 51·2	1 33·8	4 54·4	7 33·4	6 49·7	5
6	3 14·3	0 28·2	1 6·9	4 26·3	7 6·5	6 29·8	3 17·9	0 49·5	1 39·2	5 1·5	7 35·2	6 44·2	6
7	3 6·8	0 26·2	1 12·0	4 33·5	7 8·6	6 24·8	3 11·1	0 47·9	1 44·5	5 8·6	7 36·9	6 33·7	7
